33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 28, 2025 | Vol. XXXIII No. 09 | Periodicals Postage Paid

4 രഞ്ജിട്രോഫി: കേരളം ഫൈനലിൽ

8 അഞ്ച് സംസ്ഥാനങ്ങൾക്ക് അധിക ധനസഹായം

9 കെസിഎസ് ചിക്കാഗോ വാലന്റൈൻസ് ഡേ ...


11 ലോക്പാൽ ഉത്തരവിന് സുപ്രീംകോടതി സ്റ്റേ

13 റോബിൻ ഇലക്കാട്ട് പ്രയത്ന സന്ദർശിച്ചു

## തനിക്കു മുന്നിൽ മറ്റു വഴികളുണ്ടെന്ന് ശശി തരൂർ

തിരുവനന്തപുരം: നിലപാട് കടുപ്പിച്ച് കോൺഗ്രസ് നേതൃത്വത്തെ കൂടുതൽ സമ്മർദ്ദത്തിലാക്കി ശശി തരൂർ എംപി. പാർട്ടിക്ക് തന്റെ സേവനങ്ങൾ വേണ്ടെങ്കിൽ തനിക്കു മുന്നിൽ മറ്റു വഴികളുണ്ടെന്ന പരാമർശം നടത്തിയ ഇംഗ്ലീഷ് മാധ്യമത്തിലെ അഭിമുഖത്തിലെ പരാമർശം ഏറെ ചർച്ചാവിഷയമായി. തിരുവനന്തപുരത്തു നിന്നുള്ള ലോക്സഭാംഗം കൂടിയായ ശശി തരൂർ, ആവശ്യമെങ്കിൽ കോൺഗ്രസ് പാർട്ടി വിടാനും തയ്യാറാണെന്ന സന്ദേശമാണ് ഇതുവഴി നല്കിയതെന്ന് വിലയിരുത്തലുകളുണ്ടായി.

തരൂരിന്റെ വിവാദ പ്രസ്താവനകളെ നേരത്തെ ഒരു ഘട്ടത്തിൽ പോലും തള്ളിപ്പയാതിരുന്ന കെപിസിസി പ്രസിഡണ്ട് കെ. സുധാകരൻ അടക്കമുള്ള സംസ്ഥാന നേതൃത്വവും ഇതോടെ വെട്ടിലായി. കേരളത്തിലെ പാർട്ടിക്ക് നേതൃപ്രതിസന്ധിയുണ്ടെന്നും കഠിനാദ്ധ്വാനം ചെയ്തില്ലെങ്കിൽ മൂന്നാമതും



പ്രതിപക്ഷത്ത് ഇരിക്കേണ്ടിവരുമെന്നും ശശി തരൂർ അഭിമുഖത്തിൽ തുറന്നടിച്ചു. കേരളത്തിൽ സമഗ്ര മാറ്റം കൊണ്ടുവരാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞിരുന്നു.

സംസ്ഥാന രാഷ്ട്രീയത്തിൽ മുഖ്യമന്ത്രി സ്ഥാനത്തേക്ക് വരാൻ സന്നദ്ധത പ്രകടിപ്പിച്ച ശശി തരൂർ, രാഹുൽ ഗാന്ധിയുമായി നടത്തിയ അനുനയ ചർച്ച വിജയിക്കാത്ത സാഹചര്യത്തിലാണ് നിലപാട് കടുപ്പിച്ചതെന്നാണ് സൂചന. പ്രവർത്തക സമിതി അംഗമായിട്ടും സംസ്ഥാനത്തെ പരിപാടികളിൽ തന്നെ അവഗണിക്കുന്നതാണ് തരൂരിനെ ചൊടിപ്പിച്ചതത്രേ.

ഇടഞ്ഞു നിൽക്കുന്ന തരൂരിനു പിന്തുണയുമായി സിപിഎം നേതാക്കൾ എത്തിയതോടെ യുഡിഎഫ് കൂടുതൽ സമ്മർദ്ദത്തിലായി. തരൂരിന്റെ പ്രസ്താവനകൾ ഗൗരവത്തിൽ എടുക്കണമെന്ന (ശേഷം 30-ാം പേജിൽ)

## വാർഡ് വിഭജനത്തിന് സർക്കാരിന് അധികാരമുണ്ടെന്ന് ഹൈക്കോടതി

കൊച്ചി: എട്ട് മുനിസിപ്പാലിറ്റികളിലും ഒരു പഞ്ചായത്തിലും സർക്കാർ നടത്തിയ വാർഡ് വിഭജന നടപടി ഹൈക്കോടതി ശരിവെച്ചു. ഇതു സംബന്ധിച്ച സിംഗിൾ ബെഞ്ച് ഉത്തരവ് റദ്ദാക്കിക്കൊണ്ടാണ് ജസ്റ്റീസുമാരായ എ. മുഹമ്മദ് മുഷ്താഖ്, പി. കൃഷ്ണകുമാർ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് ഉത്തരവ്. അവസാനം നടന്ന സെൻസസിന്റെ അടിസ്ഥാനത്തിൽ വാർഡ് പുനർവിഭജനം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് ഉത്തരവ്.

കണ്ണൂരിലെ മട്ടന്നൂർ, പാനൂർ, ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റികളിലും കോഴിക്കോട്ടെ മുക്കം, കൊടുവള്ളി, പയ്യോളി, ഫറോക്ക് മുനിസിപ്പാലിറ്റികളിലും പാലക്കാട് പട്ടാമ്പി മുനിസിപ്പാലിറ്റിയിലും കാസർകോട്ടെ പടന്ന പഞ്ചായത്തിലും നടത്തിയ വാർഡ് വിഭജനം നിയമവിരുദ്ധമെന്ന് ചൂണ്ടിക്കാട്ടിയാണ് കഴിഞ്ഞ ഡിസംബറിൽ ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധി പുറപ്പെടുവിച്ചത്.

ഇതോടെ വാർഡ് എണ്ണം വർദ്ധിപ്പിക്കാൻ കൊണ്ടുവന്ന നിയമഭേദഗതിയും സർക്കാർ വിജ്ഞാപനവും ഡീലിമിറ്റേഷൻ കമ്മീഷന്റെ വാർഡ് വിഭജന മാർഗ്ഗരേഖയും കോടതി അസാധുവാക്കിയിരുന്നു.

# ഇൻവെസ്റ്റ് കേരള: താല്പര്യമറിയിച്ച് നിക്ഷേപകർ

കൊച്ചി: കേരളത്തിന്റെ വികസന സങ്കല്പങ്ങൾക്ക് ആക്കം കൂട്ടിക്കൊണ്ട് ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിൽ 1.52 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം. വിവിധ പദ്ധതികളിലായി 374 നിക്ഷേപകരാണ് താല്പര്യപത്രം സമർപ്പിച്ചതെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. ഇതിൽ 66 കമ്പനികൾ 500 കോടി രൂപയ്ക്കു മുകളിലുള്ള പദ്ധതികളാണ് പ്രഖ്യാപിച്ചതെന്നും ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

അദാനി ഗ്രൂപ്പ് (30,000 കോടി), ഹൈലൈറ്റ് ഗ്രൂപ്പ് (10,000 കോടി), ലുലു ഗ്രൂപ്പ് (5000 കോടി), മലബാർ ഗ്രൂപ്പ് (3,000 കോടി). രവി പിള്ള ഗ്രൂപ്പ് (2000 കോടി), ആസ്റ്റർ ഗ്രൂപ്പ് (850 കോടി), ടാറ്റ ഗ്രൂപ്പ് (500 കോടി) തുടങ്ങിയവ നിക്ഷേപ പദ്ധതികൾ പ്രഖ്യാപിച്ചു.

24ഐടി കമ്പനികൾ കേരളത്തിൽ പ്രവർത്തനം വിപുലീകരിക്കാൻ താല്പര്യം പ്രകടിപ്പിച്ചെന്നും മന്ത്രി പറഞ്ഞു. ഇതിലൂടെ 8500 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു.

കേരളത്തിൽ ഇന്റഗ്രേറ്റഡ് അക്കാ



ഇൻവെസ്റ്റ് കേരള ഉച്ചകോടി സമാപനത്തിൽ ഡൽഹിയിലെ പ്രത്യേക പ്രതിനിധി കെ.വി. തോമസ്, മന്ത്രി കെ.എൻ. ബാലഗോപാൽ, കേന്ദ്രമന്ത്രി ജോർജ് കുര്യൻ മന്ത്രി പി. രാജീവ്, പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവർ.

60,000 തൊഴിലവസരങ്ങളുണ്ടാകും. കൊച്ചി വാട്ടർ മെട്രോ നടപ്പാക്കിയ കെ.എം.ആർ.എൽലിനു 18 സംസ്ഥാനങ്ങളിൽ വാട്ടർ മെട്രോ പഠനത്തിനു കരാർ ലഭിച്ചു.


ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടി മൂന്നു വർഷത്തിലൊരിക്കൽ നടത്തും. യുഎഇ സർക്കാർ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റോപ്പിയ സമ്മേളനത്തിന് 2026 ജൂലൈയിൽ കേരളം ആതിഥേയത്വം വഹിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഉച്ചകോടി കേരളത്തിൽ നിക്ഷേപം നടത്താൻ ആഗോളസംരംഭകരിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ചെന്നു സമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത ധന പാർക്ക് സ്ഥാപിക്കുമെന്ന് കേന്ദ്രമന്ത്രി ജോർജ് കുര്യൻ പറഞ്ഞു.

പ്രതിപക്ഷ ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി, ഭാരത് ബയോടെക് എക്സിക്യൂട്ടീവ് ചെയർ ഡോ. കൃഷ്ണ എല്ല, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ്. ഹരി കിഷോർ എന്നിവർ പ്രസംഗിച്ചു.

## പി.സി. ജോർജ് കോടതിയിൽ കീഴടങ്ങി

കോട്ടയം: മതവിദ്വേഷ പരാമർശത്തിൽ ബിജെപി നേതാവ് പി.സി. ജോർജ് കോടതിയിൽ കീഴടങ്ങി. പാലാ ഈരാറ്റുപേട്ട കോടതിയിലാണ് പി.സി. ജോർജ് എത്തിയത്. അതി നാടകീയമായിട്ടായിരുന്നു പി.സി. ജോർജിന്റെ നീക്കം. അഭിഭാഷകൻ സിറിലും മരുമകൾ പാർവതിയുമെത്തിയതിനു പിന്നാലെ ജോർജ് കോടതിയിൽ എത്തുകയായിരുന്നു. താൻ കീഴടങ്ങാനാണ് വന്നതെന്ന് ജോർജ് പറഞ്ഞു. ബിജെപി പ്രവർത്തകരും ഒപ്പമുണ്ടായിരുന്നു. ഹൈക്കോടതി മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിനു പിന്നാലെ പി.സി. ജോർജിനെ അറസ്റ്റ് ചെയ്യാനായി രാവിലെ പോലീസ് (ശേഷം 30-ാം പേജിൽ)



കേരളാ എക്സ്പ്രസ് KERALA EXPRESS

സിൽവർ ജൂബിലി ആഘോഷിക്കുന്ന കെ. എച്ച്. എൻ.എയുടെ വനിതാ സാരഥി ഡോ. നിഷ പിള്ള



വഴിത്താരകൾ പേജ്, 16, 17


BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY
SUNNY
FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com
Comprehensive Financial Planning
Risk Management & Insurance: Life/Disability/Long Term Care/Health/Medicare
401(k), 403(b), IRA, Roth IRA Rollovers & Account Set-ups
Professional Investment Management & Guidance
Business Plans/Employee Benefits/Pension
Retirement Income/Retirement Savings
Tax Planning Strategies
Estate Planning: Trusts/Wills
Education Funds
www.sunnyfinancial.com
475 N Martingale Rd, Suite 1250, Schaumburg, IL 60173
Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

# MEDICARE PLANS

## QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com

# MIDWEST WINDOWS & DOORS




MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
**RAJU NADUVETTIL**
Cell: 773 474 9566 | Email: rajuabm@gmail.com



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

Fee Discounts Available To Malayalee Clients On Specific Cases

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

# രഞ്ജിട്രോഫി ചരിത്രത്തിൽ ആദ്യമായി കേരളം ഫൈനലിൽ

അഹമ്മദാബാദ്: ഗുജറാത്തിനെതിരായ സെമിഫൈനലിൽ അവസാന നിമിഷം വരെ പോരാടി നിർണായകമായ ഒന്നാം ഇന്നിംഗ്സ് ലീഡ് നേടിയ കേരളത്തിന്റെ അഭിമാനതാരങ്ങൾ ഫൈനൽ ബെർത്ത് സ്വന്തമാക്കിയപ്പോൾ നേടിയത് ചരിത്രനേട്ടം. രണ്ട് റൺസിന്റെ ബലത്തിലാണ് കേരളത്തിന്റെ മുന്നേറ്റം. ഇന്ത്യൻ ആഭ്യന്തര ക്രിക്കറ്റ് ചാമ്പ്യൻഷിപ്പായ രഞ്ജി ട്രോഫിയുടെ 90 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് കേരളം ഫൈനലിലെത്തുന്നത്.




രഞ്ജിട്രോഫി ക്രിക്കറ്റ് സെമിഫൈനലിൽ ഗുജറാത്തിന്റെ ജയ്മീത് പട്ടേലിനെ പുറത്താക്കിയത് ആഘോഷിക്കുന്ന കേരള താരങ്ങൾ.

ഒരു ലക്ഷ്യത്തിനുവേണ്ടി തീവ്രമായി ആഗ്രഹിച്ചാൽ, കഠിനമായി പരിശ്രമിച്ചാൽ ലോകം മുഴവൻ നിങ്ങൾക്കായി ഗൂഢാലോചന നടത്തുമെന്നു പറയുന്നതുപോലെ രഞ്ജിട്രോഫി ക്രിക്കറ്റിന്റെ സെമിഫൈനലിൽ കേരള താരങ്ങളുടെ മനസ്സിനും ശരീരത്തിനുമൊപ്പം കൂടെനിന്നത് ഹെൽമെറ്റ് വരെ. 26-ന് നാഗ്പൂരിൽ തുടങ്ങുന്ന ഫൈനലിൽ വിദർഭയാണ് കേരളത്തിന്റെ എതിരാളികൾ.

ഒരു വിക്കറ്റ് ശേഷിക്കെ കേരള സ്കോറിനൊപ്പമെത്താൻ രണ്ട് റൺസ് മാത്രം ആവശ്യമുള്ളപ്പോഴാണ് ഗുജറാത്ത് താരത്തിന്റെ ബാറ്റിൽ നിന്നുള്ള പന്ത് കേരളത്തിന്റെ സൽമാൻ നിസാറിന്റെ ഹെൽമെറ്റിൽ തട്ടി ക്യാച്ച് ആയത്. കേരളത്തെ രണ്ടാം ഇന്നിംഗ്സിൽ അതിവേഗം പുറത്താക്കാൻ ലക്ഷ്യമിട്ട് ഗുജറാത്ത് കൈമെയ് മറന്ന് ശ്രമം കൂടി നടത്തിയെങ്കിലും 4-ന് 114 എന്ന നിലയിൽ കേരളം പൊരുതിനിന്നതോടെ അവസാന ദിനം ഓവറുകൾ തീരുന്നതിനു മുമ്പേ ഗുജറാത്ത് സമനിലയ്ക്ക് സമ്മതിച്ചു.

കേരളത്തിന്റെ ആദ്യ ഇന്നിംഗ്സിൽ സെഞ്ചുറി നേടിയ മുഹമ്മദ് അസ്ഹറുദ്ദീൻ ആണ് കളിയിലെ കേമൻ. സ്കോർ: കേരളം-457, 4-ന് 114. ഗുജറാത്ത്-455.

# ഗൂഗിൾ ഇന്ത്യൻ വിപണിയിൽ കട തുറക്കുന്നു

കോട്ടയം: ഇന്ത്യൻ വിപണിയിൽ സ്വന്തമായി കട തുറന്ന് ചുവടുറപ്പിക്കാൻ ഗൂഗിൾ തയ്യാറെടുപ്പുകൾ ആരംഭിച്ചു. അമേരിക്കയ്ക്കു പുറത്ത് ഗൂഗിളിന്റെ ആദ്യ ചില്ലറ വില്പനശാല ഇന്ത്യയിലായിരിക്കും തുറക്കുക. ദക്ഷിണേന്ത്യൻ നഗരങ്ങൾ അടക്കം ഗൂഗുളിന്റെ പരിഗണനയിലുണ്ട്.

ഇതിനു മുന്നോടിയായി അമേരിക്കയിൽ നിന്നുള്ള ഗൂഗിളിന്റെ ഉന്നത ഉദ്യോഗസ്ഥ സംഘം അടുത്തിടെ ഇന്ത്യയിൽ എത്തുകയുണ്ടായി. വിപണി സാദ്ധ്യത സംബന്ധിച്ച വിശദമായ പഠനമായിരുന്നു അവരുടെ ലക്ഷ്യം. ന്യൂഡൽഹിയിലെയും മുംബൈയിലെയും പ്രമുഖ മാളുകൾ അടക്കം അവർ സന്ദർശിക്കുകയുണ്ടായി. ആദ്യം ഡൽഹിയിലും മുംബൈയിലും ആയിരിക്കും സ്റ്റോറുകൾ തുറക്കുക. 15,000 ചതുരശ്ര അടിയിലുള്ളതായിരിക്കും ഗൂഗിൾ കടകൾ. ആറ് മാസത്തിനുള്ളിൽ ഇവ തുറക്കുന്നതിനുള്ള ശ്രമങ്ങളിലാണ് ഗൂഗിൾ. ഇവയുടെ പ്രവർത്തനം വിജയകരമായാൽ ബെംഗ്ളൂരിലും ഗുരുഗ്രാമിലും കടകൾ തുറക്കാനും ഗൂഗിളിന് പദ്ധതിയുണ്ട്.

അമേരിക്കയിൽ ആകെ അഞ്ച് സ്റ്റോറുകൾ മാത്രമാണ് ഗൂഗിളിനുള്ളത്. പിക്സൽ ഫോൺ, സ്മാർട്ട് വാച്ച്, ഇയർ ബഡ്സ് തുടങ്ങിയവയാണ് പ്രധാന ഉത്പന്നങ്ങൾ.എന്നാൽ, ഇന്ത്യൻ വിപണിയിൽ കൂടുതൽ ഉല്പന്നങ്ങൾ അവതരിപ്പിക്കാനാണ് ഗൂഗിൾ ലക്ഷ്യമിടുന്നത്. ആപ്പിളിന്റെ മാതൃകയിൽ വിപണി ശൃംഖലകൾ വിപുലീകരിക്കാനാണ് ഗൂഗിളും പദ്ധതിയിടുന്നത്. ആപ്പിളിന് ലോകത്താകമാനം നിലവിൽ 500 സ്റ്റോറുകളുണ്ട്. ഇവരുമായി കടുത്ത മത്സരത്തിനു കളമൊരുക്കാൻ തന്നെയാണ് ഗൂഗിൾ തീരുമാനം. നിലവിൽ ഗൂഗിൾ ഉല്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ വിറ്റഴിക്കുന്നത് അംഗീകൃത റീട്ടെയിൽ പാർട്ണർമാർ വഴിയും ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെയുമാണ്.

# ജർമ്മനിയിൽ കൺസർവേറ്റീവ് സഖ്യത്തിനു വിജയം

ബർലിൻ: ജർമ്മനിയിൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വിജയിച്ച് നിലവിലെ പ്രതിപക്ഷമായ ക്രിസ്ത്യൻ ഡെമോക്രാറ്റിക് യൂണിയൻ (സിഡിയു) നേതാവ് ഫ്രീഡ്റിഷ് മേർട്സിന്റെ നേതൃത്വത്തിലുള്ള കൺസർവേറ്റീവ് സഖ്യം. സിഡിയു-സിഎസ്‌യു സഖ്യം 28.6 ശതമാനം വോട്ട് നേടിയെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ആകെയുള്ള 630 സീറ്റിൽ 209 സീറ്റുകളാണ് നിലവിൽ സിഡിയു-സിഎസ്‌യു സഖ്യം നേടിയത്. മേർട്സാകും അടുത്ത ചാൻസലർ. സിഡിയുവിന്റെ അംഗല മെർക്കൽ ചാൻസലറായിരുന്ന കാലത്ത് പ്രഭ മങ്ങിപ്പോയ നേതാവാണ് കുടിയേറ്റവിരുദ്ധനായ മേർട്സ്. ഒറ്റയ്ക്കു ഭരിക്കാൻ ഭൂരിപക്ഷമില്ലാത്തതിനാൽ സർക്കാർ രൂപീകരണത്തിനായി മറ്റു പാർട്ടികളുമായി സഖ്യചർച്ചകൾ മേർട്സ് ആരംഭിച്ചതായാണ് റിപ്പോർട്ട്. പ്രധാന എതിരാളിയായ എസ്പിഡിയെ കൂട്ടുപിടിക്കുമോ അതോ മറ്റു ചെറുപാർട്ടികളെ ആശ്രയിക്കുമോ എന്നാണ് അറിയാനുള്ളത്. തീവ്രവലതുപക്ഷ പാർട്ടിയായ ഓൾട്ടർനേറ്റീവ് ഓഫ് ജർമ്മനി (എഎഫ്ഡി)യുമായി എന്തായാലും സഖ്യത്തിനില്ലെന്ന് മേർട്സ് വ്യക്തമാക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് വിജയികൾക്ക് യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ആശംസകൾ അറിയിച്ചു.

# ഇരിട്ടിയിൽ കോളജ് തുടങ്ങാൻ പാർട്ടി പിരിച്ചത് ലക്ഷങ്ങൾ

കണ്ണൂർ: ഇരിട്ടിയിൽ സിപിഎം നിയന്ത്രണത്തിൽ കോളജ് തുടങ്ങാൻ രൂപീകരിച്ച നോർത്ത് മലബാർ എജ്യൂക്കേഷണൽ സൊസൈറ്റിയുടെ മറവിൽ നടന്നത് ലക്ഷങ്ങളുടെ പിരിവ്. എന്നാൽ, ശിലാസ്ഥാപനം നടത്തി എട്ടു വർഷമായിട്ടും കെട്ടിടം പണി നടന്നില്ല.

പിരിച്ച പണം എവിടെ പോയെന്നു കണ്ടെത്താൻ നിയോഗിച്ച പാർട്ടി അന്വേഷണവും പാതിവഴിയിൽ. പേരിനു മാത്രം ബാങ്ക് അക്കൗണ്ട് ഉണ്ടെങ്കിലും വളരെ തുച്ഛമായ തുകയാണ് ബാങ്കിലെത്തിയത്.

കിട്ടിയതുക നേതൃത്വത്തെ ഏല്പിച്ചുവെന്ന് കീഴ്ഘടകം പറയുമ്പോൾ രസീതുകൾ തിരികെവാങ്ങി കണക്കുകൾ പരിശോധിക്കാൻ നേതൃത്വത്തിനു കഴിഞ്ഞിട്ടില്ല. പരിശോധന നടത്തേണ്ട ഭരണസമിതി എട്ടു വർഷമായി യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നാണ് ആക്ഷേപം.

ഇരിട്ടി കേന്ദ്രീകരിച്ച് സിപിഎമ്മിന്റെ നേതൃത്വത്തിൽ ഒരു കോളജ് ആരംഭിക്കണമെന്നത് വർഷങ്ങളായി പ്രവർത്തകരുടെ ആവശ്യമായിരുന്നു. ഇരിട്ടിയിലെ ആർഎസ്എസ് പിന്തുണയുള്ള കോളജിനു പകരമായി ഒരു ജനകീയകോളജ് എന്ന ആവശ്യത്തിന് സിപിഎം ജില്ലാ-സംസ്ഥാന നേതാക്കൾ അംഗീകാരം നല്കിയതോടെ 2015-ൽ ഇരിട്ടി ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നോർത്ത് മലബാർ എജ്യൂക്കേഷണൽ സൊസൈറ്റി ആരംഭിച്ചു.

2017 മാർച്ച് 18-ന് മുൻ വിദ്യാഭ്യാസ മന്ത്രി പ്രഫ. സി. രവീന്ദ്രനാഥ് സൊസൈറ്റിയുടെ കെട്ടിട നിർമ്മാണത്തിനി ശിലാസ്ഥാപനം നടത്തി. എന്നാൽ, അന്ന് സൊസൈറ്റിക്ക് ഒരു സെന്റ് ഭൂമി പോലും ഇല്ലായിരുന്നു.

# വീണ്ടും കാട്ടാനക്കലി; ആറളത്ത് ദമ്പതികൾ കൊല്ലപ്പെട്ടു

കണ്ണൂർ: ആറളം ഫാം ആദിവാസി പുനരധിവാസ മേഖലയിൽ കശുവണ്ടി ശേഖരിക്കാൻ പോയ ആദിവാസി ദമ്പതികളെ കാട്ടാന ചവിട്ടിക്കൊന്നു. അമ്പലക്കണ്ടി നഗറിൽ നിന്നെത്തി മേഖലയിൽ ഭൂമികിട്ടി 1542 പ്ലോട്ടിൽ താമസിക്കുന്ന വെള്ളി (80) ഭാര്യ ലീല (75) എന്നിവരെയാണ് കാട്ടാന ആക്രമിച്ചു കൊലപ്പെടുത്തിയത്. ഇരുവരുടെയും മൃതദേഹം ചവിട്ടിയരച്ച് വികൃതമാക്കിയ നിലയിലായിരുന്നു.

കശുവണ്ടി ശേഖരിച്ചശേഷം വിറക് കെട്ടുകളുമായി ഇരുവരും വീട്ടിലേക്ക് വരുന്നവഴിയിൽ പ്രദേശത്തെ ആളൊഴിഞ്ഞ വീടിന്റെ പിന്നിൽ മറഞ്ഞിരുന്ന് കാട്ടാന ഇവരെ ആക്രമിക്കുകയായിരുന്നു. ഫെബ്രുവരി 23-ന് വൈകുന്നേരം ആറിനാണ് സംഭവം പുറംലോകം അറിയുന്നത്. ഇരുവരും വീട്ടിൽ എത്താതിരുന്നതിനെത്തുടർന്ന് ബന്ധുക്കൾ അന്വേഷിച്ച് എത്തിയപ്പോൾ മൃതദേഹങ്ങൾ കണ്ടെത്തുകയായിരുന്നു. ഉച്ചയോടെയാണ് ഇവരെ കാട്ടാന ആക്രമിച്ചതെന്നാണ് കരുതപ്പെടുന്നത്. മൃതദേഹത്തിനടുത്ത് രക്തപ്പാടുകൾ ഉണങ്ങി കട്ടപിടിച്ച നിലയിലായിരുന്നു.



വനം വകുപ്പ് ഉദ്യോഗസ്ഥർ സംഭവസ്ഥലത്ത് എത്തിയെങ്കിലും മൃതദേഹം മാറ്റാൻ നാട്ടുകാർ സമ്മതിച്ചില്ല. ഇതിനിടെ സണ്ണി ജോസഫ് എംഎൽഎ വനംമന്ത്രിയുമായി സംസാരിച്ച് ആവശ്യമായ മുൻകരുതലുകളെടുക്കാമെന്ന് നാട്ടുകാർക്ക് ഉറപ്പു നല്കിയെങ്കിലും പ്രതിഷേധക്കാർ വഴങ്ങിയില്ല. പത്ത് വർഷത്തിനിടെ 14 പേരുടെ ജീവനാണ് ആറളത്ത് കാട്ടാനക്കലിയിൽ പൊലിഞ്ഞത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 09
February 28, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

പ്രയോജനപ്പെടുത്താനറിയുന്നവന് എല്ലാ കാര്യത്തിനും സമയമുണ്ട്.

**ഗെയ്ഥേ**

എല്ലാ വിജയങ്ങളുടെയും സത്ത് സത്യമാണ്.

**റിച്ചാർഡ് ഫുള്ളർ**

Law Office of Sovmya George
IMMMIGRATION LAW FIRM

SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews

THANNIKKARY VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms

For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com


Free Electronic Filing

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ആശങ്കയുണർത്തുന്ന കരിമണൽ ഖനനം

കേരളക്കരയാകെ ഇളക്കിമറിക്കുന്ന കേന്ദ്ര സർക്കാരിന്റെ വിവാദ കടൽമണൽ ഖനനപദ്ധതി അതേപടി നടപ്പാക്കിയാൽ കടലിന്റെ അടിത്തട്ടാകെ കലങ്ങിമറിയുമെന്നു സമുദ്ര ശാസ്ത്രജ്ഞർ. കടലിന്റെ അടിത്തട്ടിലുണ്ടാകുന്ന ആഘാതങ്ങൾ മത്സ്യസമ്പത്തിന്റെ വൻശോഷണത്തിനു കാരണമാകുമെന്ന പഠന റിപ്പോർട്ടുകളും നിലവിലുണ്ട്. അപ്പോഴും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആശങ്കകൾക്ക് ഉത്തരം നൽകാതെ പദ്ധതിയുമായി മുന്നോട്ടുപോകുകയാണു കേന്ദ്രസർക്കാർ. അറുനൂറു കിലോമീറ്ററോളം തീരദേശവും തീരത്തെ ആശ്രയിച്ചുകഴിയുന്ന വലിയ ജനസമൂഹവുമുള്ള കേരളത്തിൽ മറ്റൊരു കടുത്ത ആശങ്കയുടെ അലയടിയാണിപ്പോൾ ഉയരുന്നത്. മത്സ്യസമ്പത്തിന്റെ ശോഷണം, കടലാക്രമണം, ചുഴലിക്കാറ്റ് തുടങ്ങിയവയാൽ സ്വസ്ഥത നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹത്തിനുമുന്നിൽ ഭാവിയുടെ വിലയുള്ള പുതിയ ചോദ്യചിഹ്നമാവുകയാണ് കടൽമണൽ ഖനനം.

സ്വകാര്യപങ്കാളിത്തത്തോടെയുള്ള കടൽമണൽ ഖനനം മത്സ്യസമ്പത്തും ജൈവവൈവിധ്യവും തകർക്കുമെന്ന ആശങ്ക നാൾക്കുനാൾ പെരുകുമ്പോഴും അതു പരിഹരിക്കാനുള്ള സർക്കാർ നടപടികളുണ്ടാവാത്തത് അത്യധികം നിർഭാഗ്യകരമാണ്. ഖനനത്തിന്റെ പ്രാരംഭമായ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടും, തീരമേഖലയിലാകെ പ്രതിഷേധം അലയടിച്ചിട്ടും കേന്ദ്രവും കേരളവും പുലർത്തുന്നത് കടുത്ത ഉത്തരവാദിത്വമില്ലായ്മയാണ്. തങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ചുമതലപ്പെട്ടവർ അവഗണന തുടരുമ്പോൾ എന്തുചെയ്യണമെന്നറിയാത്ത ആധിയിലും അരക്ഷിതാവസ്ഥയിലുമാണ് തീരദേശജനത. അല്ലെങ്കിൽത്തന്നെ, തീരാത്ത പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളിസമൂഹത്തിന്റെ ജീവനോപാധികളെയാണു കടൽമണൽ ഖനനം മുഖ്യമായും ബാധിക്കുക. ലക്ഷക്കണക്കിനാളുകളുടെ ജീവിതമാർഗം തകർക്കുന്ന ഖനനത്തിനു പച്ചക്കൊടി കാട്ടിയതിലൂടെ കേന്ദ്ര സർക്കാർ വലിയ പ്രതിഷേധത്തിനാണു വാതിൽതുറന്നിരിക്കുന്നത്. കയറ്റുമതിവഴി ഇന്ത്യക്കു വൻതോതിൽ വിദേശനാണ്യം നേടിത്തരികയും ഭക്ഷ്യസുരക്ഷയിൽ പ്രധാന പങ്കുവഹിക്കുകയും ചെയ്യുന്ന മത്സ്യമേഖലയെ തകർത്ത് കോർപറേറ്റുകൾക്കു കടൽ വീതംവെക്കാനുള്ള നീക്കമാണു കേന്ദ്രം നടത്തുന്നതെന്നാണ് ആരോപണം.

2030 ആകുമ്പോഴേക്കും സമുദ്രത്തിന്റെ 30 ശതമാനം സംരക്ഷിതമേഖലയായി നിലനിർത്തുമെന്ന സമുദ്ര ഉടമ്പടിയിൽ യുഎൻ അംഗരാജ്യങ്ങളെല്ലാം ഒപ്പുവെച്ചിട്ടുണ്ടെങ്കിലും സർക്കാർ ഇക്കാര്യം മറന്ന് കച്ചവടത്തിനായി കടൽ തുറന്നിടുകയാണെന്നതാണു കേന്ദ്ര സർക്കാർ നേരിടുന്ന പ്രധാന ആരോപണം. കൊല്ലം, ആലപ്പുഴ ജില്ലകളിൽ 2004-ൽ ആഞ്ഞടിച്ച സുനാമിയുടെ ഉദ്ഭവകേന്ദ്രം ഇന്തൊനീഷ്യയായിരുന്നല്ലോ. അനിയന്ത്രിതമായ ഖനനംമൂലം കടൽകയറി തീരശോഷണം രൂക്ഷമായപ്പോൾ ഇന്തൊനീഷ്യ കടൽഖനനം നിരോധിച്ചു. കടലിൽ ഭൂകമ്പത്തിനു കാരണമാകുന്നതു ഖനനമാണെന്ന് അവിടെ സമുദ്ര ശാസ്ത്രജ്ഞർ വാദിച്ചു.

കേരളത്തിന്റെ താൽപര്യങ്ങൾ പരിഗണിക്കാതെ നടത്തുന്ന കടൽമണൽ ഖനനം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടു കേന്ദ്രത്തിനു കത്തെഴുതിയതിൽ ഒതുങ്ങി കേരള സർക്കാരിന്റെ പ്രതിഷേധം. തമിഴ്നാട്ടിലെ മധുരയ്ക്കടുത്തു ടങ്സ്റ്റൺ ഖനനത്തിനു കേന്ദ്രസർക്കാർ നൽകിയ അനുമതി റദ്ദാക്കാൻ അവിടുത്തെ സർക്കാർ നടത്തിയ പരിശ്രമം ഓർക്കണം. അപൂർവ ജൈവവൈവിധ്യങ്ങളും ചരിത്രപ്രാധാന്യവും ചൂണ്ടിക്കാട്ടി ഖനനത്തിനെതിരെ തമിഴ്നാട് നിയമസഭ ഏകകണ്ഠമായി പ്രമേയം പാസാക്കി. തുടർന്നു ഖനനാനുമതി റദ്ദാക്കി. കേരളത്തിൽ, നിയമസഭ പ്രമേയം പാസാക്കണമെന്ന ആവശ്യത്തോടു പിണറായി സർക്കാർ പ്രതികരിച്ചു കണ്ടില്ല.

കേരള മേഖലയിൽ 48.4 മുതൽ 62.5 മീറ്റർ വരെ ആഴത്തിലാണു മണൽനിക്ഷേപം. യന്ത്രക്കൈകൾ ഇതു കോരിയെടുക്കുമ്പോൾ മത്സ്യ ആവാസവ്യവസ്ഥ തകരുമെന്നാണ് ആശങ്ക. അടിത്തട്ടിലെ ചെളിയിളകി കലങ്ങുന്നതോടെ ആവാസമേഖലയാകെ മലിനമാകുകയും സൂക്ഷ്മ സസ്യ-ജന്തുജാലങ്ങൾ ഉൾപ്പെടെ നശിച്ച് മത്സ്യങ്ങളുടെ ആഹാരശ്രേണി നഷ്ടമാകുകയും ചെയ്യും. മത്സ്യസമ്പത്തിന്റെ ഗുരുതര തകർച്ചയ്ക്ക് ഇതു കാരണമാകുമെന്നു സമുദ്ര ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. താൽക്കാലിക ലാഭത്തിനപ്പുറത്ത്, മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗത്തിനു തടസ്സംവരാത്ത രീതിയിൽ മാത്രമേ കടൽമണൽ ഖനനം പോലുള്ള പദ്ധതികൾ നടപ്പാക്കാവൂ. അതുമൂലം സമുദ്ര ആവാസവ്യവസ്ഥയ്ക്കു ദോഷമുണ്ടാകില്ലെന്നും മത്സ്യസമ്പത്തിനു നാശമുണ്ടാകില്ലെന്നും ഉറപ്പുവരുത്തുകയുംവേണം. നമ്മുടെ മത്സ്യത്തൊഴിലാളി സമൂഹത്തെ വിശ്വാസത്തിലെടുത്ത്, അവരുടെ ആശങ്കകളെല്ലാം പരിഹരിച്ചുവേണം കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ തുടർനടപടികളെടുക്കാൻ. കടലാഴമുണ്ട് കേരളത്തിലെ പത്തര ലക്ഷത്തിലേറെ മത്സ്യത്തൊഴിലാളികളുടെ ആശങ്കയ്ക്ക് എന്നു തിരിച്ചറിഞ്ഞുള്ള ഉചിതനടപടികൾ അടിയന്തരമായി കേരള സർക്കാരിൽനിന്നുണ്ടാവുകയും വേണം.

# തെലങ്കാന തുരങ്കദുരന്തം: രക്ഷാദൗത്യം ഊർജിതം

ഹൈദരാബാദ്: തെലങ്കാനയിൽ തുരങ്കത്തിൽ കുടുങ്ങിയ എട്ട് തൊഴിലാളികളെ രക്ഷപ്പെടുത്താനുള്ള ദൗത്യം ഊർജിതമായി തുടരുന്നു. ടണലിന്റെ മേൽക്കൂര ഇടിഞ്ഞുവീണ് തങ്കത്തിലാണ് ദുരന്തം. തുരങ്കത്തിന്റെ ഒരു ഭാഗത്ത് ചോർച്ച പരിഹരിക്കാൻ പോയ തൊഴിലാളികളാണ് കുടുങ്ങിയത്. കഴിഞ്ഞ ദിവസം പണി തുടങ്ങിയതിനു പിന്നാലെ വെള്ളവും ചെളിയും തുരങ്കത്തിലേക്ക് ഇരച്ചുകയറുകയായിരുന്നു. ദുരന്തമുണ്ടായതും ഡസൻ കണക്കിന് ആളുകൾ കഷ്ടിച്ച് രക്ഷപ്പെട്ടു. എട്ട് തൊഴിലാളികളാണ് ഇനി ബാക്കിയുള്ളതെന്നാണ് വിവരം.




തെലങ്കാനയിൽ തൊഴിലാളികൾ കുടുങ്ങിയ ടണലിനുള്ളിൽ നിന്നുള്ള ദൃശ്യം

കർന്ന ബോറിങ് മെഷീന്റെ അടുത്തു വരെ രക്ഷാപ്രവർത്തകർക്ക് എത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ, കുരുങ്ങിക്കിടക്കുന്നവരോട് ലൗഡ് സ്പീക്കർ ഉപയോഗിച്ച് സംസാരിക്കാൻ രക്ഷാപ്രവർത്തകർ ശ്രമിച്ചെങ്കിലും പ്രതികരണം ഉണ്ടായില്ല. വെള്ളത്തിനൊപ്പം മണ്ണും ചെളിയും തുരങ്കത്തിൽ നിറഞ്ഞത് രക്ഷാപ്രവർത്തനം ദുഷ്കരമാക്കിയിട്ടുണ്ട്.അപകടം നടക്കുന്ന സമയത്ത് ബോറിങ് മെഷീൻ പ്രവർത്തിച്ചിരുന്ന സ്ഥലത്ത് രക്ഷാസംഘം എത്തിയതായി നാഗർകുർനൂൾ ജില്ലാ കളക്ടർ പറഞ്ഞു. ശ്രീശൈലം അണക്കെട്ടിന്റെ ഭിത്തിയായിട്ടുള്ള മല തുരന്നുള്ള തുര

# അതിഷി ഡൽഹിയിൽ പ്രതിപക്ഷ നേതാവ്

ന്യൂഡൽഹി: ആം ആദ്മി പാർട്ടി നേതാവും മുൻ മുഖ്യമന്ത്രിയുമായ അതിഷി മർലേനയെ ഡൽഹി നിയമസഭ പ്രതിപക്ഷ നേതാവായി തെരഞ്ഞെടുത്തു. ഡൽഹി നിയമസഭയിൽ പ്രതിപക്ഷ നേതാവാകുന്ന ആദ്യവനിതയാണ് അതിഷി. ഇതോടെ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും വനിതകളാണെന്ന പ്രത്യേകത കൂടി ഡൽഹിക്കു സ്വന്തം. ഡൽഹിയിൽ പ്രതിപക്ഷ ശബ്ദമാകുന്നതിന് തന്നിൽ വിശ്വാസമർപ്പിച്ചതിന് ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാളിനും പാർട്ടിക്കും അതിഷി നന്ദി അറിയിച്ചു. ജനങ്ങളുടെ ശബ്ദമാകാൻ ശക്തമായ പ്രതിപക്ഷമാകുമെന്നും അവർ പറഞ്ഞു. ആം ആദ്മിയുടെ പ്രധാന നേതാക്കളിൽ പരാജയം രുചിക്കാതിരുന്നതിൽ ഒരാൾ അതിഷിയായിരുന്നു. കൽക്കാജി മണ്ഡലത്തിൽ നിന്ന് ബിജെപിയുടെ മുൻ എംപി രമേശ് ബിധുരിയെ 3500 വോട്ടുകൾക്ക് തോല്പിച്ചാണ് അതിഷി നിയമസഭയിലെത്തിയത്. 70 അംഗ നിയമസഭയിൽ 22 സീറ്റുകളാണ് ആം ആദ്മിക്ക് ലഭിച്ചത്. 48 സീറ്റ് നേടിയ ബിജെപി രണ്ട് പതിറ്റാണ്ടുകൾക്കുശേഷം അധികാരത്തിൽ തിരിച്ചെത്തുകയും ചെയ്തു.

# ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തിയതിൽ പ്രതിഷേധം

കല്പറ്റ: വയനാട് പുഞ്ചിരിമട്ടം പുനരധിവാസ പദ്ധതി ഗുണഭോക്താക്കളുടെ രണ്ടാംഘട്ട കരട്പട്ടികയിൽ 81 കുടുംബങ്ങൾ മാത്രം ഉൾപ്പെട്ടതിൽ പ്രതിഷേധം ശക്തം. കുറഞ്ഞത് 200 പേർ കരട് പട്ടികയിൽ ഉൾപ്പെടുമെന്നു ദുരിതബാധിതർ കരുതിയിരിക്കെയാണ് 81 പേരുടെ പട്ടിക പുറത്തുവന്നത്. ഗുണഭോക്താക്കളുടെ ഒന്നാംഘട്ട അന്തിമ പട്ടിക നേരത്തെ പ്രസിദ്ധീകരിച്ചിരുന്നു. 242 കുടുംബങ്ങളാണ് ഈ പട്ടികയിൽ ഉണ്ടായിരുന്നത്. പുതിയ കരട് പട്ടികയിലെ 81 പേരെയും ചേർത്താൽ 323 പേരാണ് പുനരധിവാസ പദ്ധതി ഗുണഭോക്തൃ കുടുംബങ്ങൾ.

പുനരധിവാസത്തിനു തീർത്തും അർഹതയുള്ള 17 കുടുംബങ്ങൾ രണ്ട് പട്ടികയിലും ഉൾപ്പെട്ടിട്ടില്ലെന്ന് ചൂരൽമല ജനശബ്ദം ആക്ഷൻ കമ്മിറ്റി കൺവീനർ ഷാജിമോൻ ചൂരൽമല, ചെയർമാൻ നസീർ ആലയ്ക്കൽ എന്നിവർ പറഞ്ഞു.

അർഹതയുള്ള പലരെയും സാങ്കേതികത്വം പറഞ്ഞാണ് പട്ടികയിൽ നിന്ന് ഒഴിവാക്കിയതെന്ന് ഇവർ കുറ്റപ്പെടുത്തി. ദുരന്ത മേഖലകളായ ചൂരൽമലയിലെയും മുണ്ടക്കൈയിലെയും നോ ഗോ സോണിലെ 81 കുടുംബങ്ങളാണ് കരട് പട്ടികയിൽ ഉള്ളത്. മേപ്പാടി പഞ്ചായത്ത് വാർഡ് പത്തിലെ 42-ഉം വാർഡ് 11-ലെ 29-ഉം വാർഡ് 12-ലെ പത്തും കുടുംബങ്ങളാണ് പട്ടികയിലുള്ളത്.

ആക്ഷേപങ്ങൾ ബോധിപ്പിക്കാൻ മാർച്ച് ഏഴു വരെ സമയം അനുവദിച്ചിട്ടുണ്ട്. ഇതിന് വൈത്തിരി താലൂക്ക്, മേപ്പാടി പഞ്ചായത്ത്, വെള്ളരിമല വില്ലേജ് ഓഫീസുകളിൽ ഹെൽപ് ഡെസ്ക് പ്രവർത്തിക്കും. ആക്ഷേപങ്ങളിൽ സ്ഥലപരിശോധന നടത്താൻ സബ്കളക്ടർക്കാണ് ചുമതല.

# പോർച്ചുഗൽ സർവകലാശാലാ ഉപദേശക സമിതിയിൽ മോൺ. പയസ് മലേക്കണ്ടത്തിൽ



കോട്ടയം: മോൺ. പയസ് മലേക്കണ്ടത്തിലിനെ പോർച്ചുഗലിലെ ലിബ്സൺ യൂണിവേഴ്സിറ്റി കലാ-ചരിത്ര വിഭാഗത്തിൽ സയന്റിഫിക് അഡ്വൈസറി കമ്മിറ്റിയിലെ സ്ഥിരാംഗമായി നിയമിച്ചു. 15 വർഷം ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ ചരിത്രവിഭാഗം പ്രഫസറായി സേവനമനുഷ്ഠിച്ച മോൺ. പയസ് നിലവിൽ കോതമംഗലം രൂപത വികാരി ജനറാളും വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ്, മൂവാറ്റുപുഴ നിർമ്മല കോളജ്, തൊടുപുഴ ന്യൂമാൻ കോളജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജരുമാണ്.

ഗോവ യൂണിവേഴ്സിറ്റിയിലും കാലടി ആദിശങ്കര യൂണിവേഴ്സിറ്റിയിലും അസോസിയേറ്റ് പ്രഫസറായി സേവനമനുഷ്ഠിച്ചിട്ടുള്ള മോൺ. പയസ് മലേക്കണ്ടത്തിൽ ഇരുപതിലേറെ പുസ്തകങ്ങൾ ജർമൻ, പോർച്ചുഗൽ ഭാഷകളിലും ധാരാളം ഗവേഷണ ലേഖനങ്ങൾ അന്തർദ്ദേശീയ തലത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാരിടൈം ഹിസ്റ്ററി, ഇന്ത്യൻ സമുദ്രപഠനം, ഇന്ത്യയുടെ കച്ചവട ചരിത്രം, മധ്യകാല നഗരചരിത്ര പഠനങ്ങൾ എന്നിവയിൽ അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന ചരിത്രകാരൻ കൂടിയാണ് മോൺ. പയസ് മലേക്കണ്ടത്തിൽ.

# കൈപ്പുഴ സെന്റ് ജോർജ് വി.എച്ച്.എസ്.എസ്. ശതാബ്ദി ആഘോഷത്തിന് തുടക്കം

**കൈപ്പുഴ ജയകുമാർ**

കോട്ടയം: ഹൈസ്കൂൾ ക്ലാസുകളിൽ കുട്ടികൾക്ക് കരിയർ ഗൈഡൻസ് കൊടുക്കണമെന്ന് മന്ത്രി വി.എൻ. വാസവൻ. കൈപ്പുഴ സെ. ജോർജ് വി.എച്ച്.എസ്.എസ് ശതാബ്ദി ആഘോഷ ഉദ്ഘാടനവും വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തുടർപഠനം നടത്തേണ്ടത് കുട്ടികളുടെ അഭിരുചിക്കനുസരിച്ചാണ്. അല്ലാതെ മാതാപിതാക്കളുടെ അഭിരുചിക്ക് അനുസരിച്ചല്ല. കുട്ടികളിൽ ഒരു കാർഷിക സംസ്കാരം കൂടി വളർത്തിയെടുക്കാൻ കൈപ്പുഴ സ്കൂളിനു കഴിയുന്നുവെന്നത് കഴിഞ്ഞകാല റിപ്പോർട്ടുകളിൽ വ്യക്തമാകുന്നതായി മന്ത്രി സൂചിപ്പിച്ചു.

സ്കൂൾ ബസ് അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനവും മന്ത്രി യോഗത്തിൽ നടത്തി. കോട്ടയം അതിരൂപതാ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം അദ്ധ്യക്ഷത വഹിച്ചു. ഫ്രാൻസിസ് ജോർജ് എംപി മുഖ്യപ്രഭാഷണം നടത്തി. സ്കൂൾ മാനേജർ ഫാ. സാബു മാലിത്തുരുത്തേൽ, കോർപ്പറേറ്റ് മാനേജർ തോമസ് പുതിയകുന്നേൽ, വി.കെ. പ്രദീപ്, തോമസ് കോട്ടൂർ, പി. നവീന, എം.ആർ. സുനിമോൾ, സുരേഷ് നാരായണൻ, പി.ടി. സൈമൺ, കെ.എം. ആൻസി, ഹെഡ്മാസ്റ്റർ കെ.എസ്. ബിനോയ്, പ്രിൻസിപ്പൽ തോമസ് മാത്യു എന്നിവർ പ്രസംഗിച്ചു. ലോഗോ പ്രകാശനവും കലണ്ടർ പ്രകാശനവും നടത്തി. വിരമിക്കുന്ന അദ്ധ്യാപകരായ ജെസി തോമസ്, പ്രഭ ടി. ജോസഫ് എന്നിവരുടെ ഫോട്ടോകൾ അനാച്ഛാദനം ചെയ്തു. 2026 ജനുവരി 23-ന് ശതാബ്ദി ആഘോഷങ്ങൾ സമാപിക്കും.

ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് ആഗോള പൂർവ്വവിദ്യാർത്ഥി സംഗമം, ഗുരുവന്ദനം (കൈപ്പുഴ സ്കൂൾ പഠിപ്പിച്ച ഇന്നു ജീവിച്ചിരിക്കുന്ന എല്ലാ അദ്ധ്യാപകരെയും ഒന്നിച്ച് അണിനിരത്തി പൂർവ വിദ്യാർത്ഥികൾക്ക് സംവദിക്കാനും ആദരവ് അർപ്പിക്കാനുമുള്ള വേദി) ഉൾപ്പെടെയുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 2026 ജനുവരി 23-ന് നടക്കുന്ന സമാപന സമ്മേളനം ഉൾപ്പെടെയുള്ള എല്ലാ പരിപാടികളിലേക്കും എല്ലാവരെയും സംഘാടകർ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. 2026 ജനുവരി 21, 22, 23 തീയതികൾ നമ്മുടെ സ്കൂളിനായി മാറ്റിവെക്കുമല്ലോ. എല്ലാവർക്കും സ്വാഗതം.







കൈപ്പുഴ സെ. ജോർജ് വി.എച്ച്.എസ്.എസ്. ശതാബ്ദി ഉദ്ഘാടനവും വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനവും മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നു.



# റോഡ് വികസനം: കേരളത്തിന് 50,000 കോടി

കൊച്ചി: കേരളത്തിൽ റോഡുകളുടെ വികസനത്തിന് 50,000 കോടി രൂപയുടെ പദ്ധതികൾ ഉടൻ നടപ്പാക്കുമെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. 31 പദ്ധതികളിലായി 896 കിലോമീറ്റർ പാതയുടെ പ്രവർത്തനങ്ങളാണു വേഗത്തിലാക്കുകയെന്ന് മന്ത്രി അറിയിച്ചു.

കൊച്ചിയിൽ ആരംഭിച്ച ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയുടെ ഉദ്ഘാടനസമ്മേളനത്തിൽ ഓൺലൈനായി പങ്കെടുത്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മൂന്നു ലക്ഷം കോടിയുടെ റോഡ്, അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ കേരളത്തിനായി കേന്ദ്രം ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ ആകർഷകഘടകങ്ങളായ ടൂറിസം, ആരോഗ്യം എന്നീ മേഖലകളിൽ കൂടുതൽ വളർച്ചയ്ക്കു റോഡുകളുടെ വികസനം അനിവാര്യമാണ്.

കേരളത്തിൽ രാജ്യാന്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യവികസനത്തിന് കേന്ദ്രസർക്കാരിന്റെ പൂർണ പിന്തുണയുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിന്റെ വ്യാവസായിക, സാമ്പത്തിക, വികസന സംരംഭങ്ങൾക്ക് കേന്ദ്രം പൂർണ പിന്തുണ നൽകുമെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ഇൻവെസ്റ്റ് കേരള ഉച്ചകോടിയിൽ പറഞ്ഞു.

കേരളം ഇന്ത്യയുടെ വികസനത്തിലേക്കുള്ള കവാടമായി മാറിയിരിക്കുന്നുവെന്ന് കേന്ദ്രമന്ത്രി ജയന്ത് ചൗധരി പറഞ്ഞു. നൈപുണ്യശേഷിയിലൂടെ ഇന്ത്യക്കു വലിയ സംഭാവന നൽകാൻ കേരളത്തിന് സാധിക്കുമെന്നും അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.



കൊച്ചിയിൽ ആരംഭിച്ച ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയുടെ ഉദ്ഘാടകനായ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി പി. രാജീവ്, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എന്നിവരുമായി നർമം പങ്കുവെക്കുന്ന കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ.

# ദുരന്ത പ്രതികരണ നിധിയിൽ അഞ്ച് സംസ്ഥാനങ്ങൾക്ക് അധിക ധനസഹായം

ന്യൂഡൽഹി: കഴിഞ്ഞ വർഷമുണ്ടായ പ്രളയം, ഉരുൾപൊട്ടൽ, ചുഴലിക്കാറ്റ് എന്നിവയുമായി ബന്ധപ്പെട്ട് ആന്ധ്രപ്രദേശ് അടക്കം അഞ്ച് സംസ്ഥാനങ്ങൾക്ക് കേന്ദ്ര ആഭ്യന്തരമന്ത്രാലയം ദുരന്ത പ്രതികരണ നിധിയിൽ (എൻഡിആർഎഫ്) നിന്ന് 1,554.99 കോടി രൂപ അധികസഹായമായി അനുവദിച്ചു.

ആന്ധ്രപ്രദേശ് (608.08 കോടി), നാഗാലാൻഡ് (170.99 കോടി), ഒഡീഷ (255.24 കോടി), തെലങ്കാന (231.75 കോടി), ത്രിപുര (288.93 കോടി) എന്നീ സംസ്ഥാനങ്ങൾക്കാണ് പണം അനുവദിച്ചിരിക്കുന്നത്. ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയാണ് (എച്ച്എൽസി) ഇതിന് അംഗീകാരം നൽകിയത്.

എന്നാൽ പ്രഖ്യാപിച്ച തുക മുഴുവൻ ലഭിക്കില്ല. അധികസഹായമായി അനുവദിക്കുന്ന തുകയിൽനിന്ന് സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ടിൽ (എസ്ഡിആർഎഫ്) അവശേഷിക്കുന്ന തുകയുടെ 50 ശതമാനം കുറച്ചേ നൽകാവൂ എന്ന വ്യവസ്ഥയാണ് കാരണം.

വയനാട് മുണ്ടക്കൈ-ചൂരൽമലയിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ നവംബറിൽ ഇതേ ഉന്നതതലസമിതി 153.47 കോടി രൂപയാണ് കേരളത്തിന് അനുവദിച്ചത്. എസ്ഡിആർഎഫിൽ 558 കോടി രൂപയാണുണ്ടായിരുന്നത്. ഇതിന്റെ 50 ശതമാനമായ 279 കോടി കേന്ദ്രം അനുവദിച്ച 153.47 കോടിയിൽനിന്നു വെട്ടിക്കുറച്ചതിനാൽ ഫലത്തിൽ ഒരു രൂപ പോലും ലഭിച്ചില്ല. ഇക്കുറി ഫണ്ട് അനുവദിച്ച ചില സംസ്ഥാനങ്ങൾക്കെങ്കിലും ഒന്നും ലഭിക്കണമെന്നില്ല.

വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് ഇനി കേരളം പ്രതീക്ഷയർപ്പിക്കുന്നത് 2,219 കോടി രൂപ ആവശ്യപ്പെട്ടുള്ള പിഡിഎൻഎ (പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ്) അപേക്ഷയിലാണ്.

# തൊഴില്ലായ്മനിരക്ക്: നില മെച്ചപ്പെടുത്തിയിട്ടും കേരളം ദേശീയ ശരാശരിയേക്കാൾ മുകളിൽ

ന്യൂഡൽഹി: ഒരു വർഷത്തിനിടെ നില മെച്ചപ്പെടുത്തിയിട്ടും നഗരമേഖലകളിലെ കേരളത്തിന്റെ തൊഴിലില്ലായ്മനിരക്ക് ദേശീയ ശരാശരിയേക്കാൾ മുകളിലാണെന്ന് കേന്ദ്രത്തിന്റെ കണക്കുകൾ.

കേന്ദ്രസർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം ഈയിടെ പുറത്തുവിട്ട ആനുകാലിക തൊഴിലാളി സർവേയിൽ നഗരമേഖലകളിൽ ഇന്ത്യയുടെ തൊഴിലില്ലായ്മനിരക്ക് 6.4 ശതമാനമാണെന്ന് ചൂണ്ടിക്കാണിക്കുന്നു.

എന്നാൽ കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് കഴിഞ്ഞ വർഷത്തെ അവസാനപാദമായ ഒക്ടോബർ-ഡിസംബറിലെ കണക്കനുസരിച്ച് 8.6 ശതമാനമാണ്.


ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ ആന്ധ്രപ്രദേശും തമിഴ്നാടും കർണാടകയും തെലങ്കാനയും തൊഴിലില്ലായ്മ എട്ടു ശതമാനത്തിനു താഴെ പിടിച്ചുനിർത്തുന്നതിൽ വിജയിച്ചപ്പോൾ ഇന്ത്യയിലെ നഗരമേഖലകളിൽ തൊഴിലില്ലായ്മ രൂക്ഷമായ സംസ്ഥാനങ്ങളിൽ കേരളം അഞ്ചാം സ്ഥാനത്താണ്.

സംസ്ഥാനങ്ങളിൽ ഹിമാചലും രാജസ്ഥാനും ഒഡീഷയും ബീഹാറും കഴിഞ്ഞാൽ തൊഴിലില്ലായ്മ കൂടുതൽ കേരളത്തിലാണെന്ന് കേന്ദ്രത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

എന്നാൽ, കഴിഞ്ഞ ഒരു വർഷത്തിനിടെ നഗരമേഖലകളിലെ തൊഴിലില്ലായ്മനിരക്ക് നിയന്ത്രിക്കുന്നതിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളോടൊപ്പം കേരളവും വിജയിച്ചിട്ടുണ്ട്.

2023-ന്റെ അവസാന പാദമായ ഒക്ടോബർ-ഡിസംബറിലെ കണക്കനുസരിച്ച് 6.5 ശതമാനമായിരുന്നു ഇന്ത്യയിലെ തൊഴിലില്ലായ്മനിരക്കെങ്കിൽ കഴിഞ്ഞ വർഷത്തെ അവസാന പാദത്തിൽ ഇത് 6.4 ആയി കുറഞ്ഞിട്ടുണ്ട്.

# ഗ്യാനേഷ് കുമാർ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ



ന്യൂഡൽഹി: ഇന്ത്യയിലെ 26-ാമത് മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറായി ഗ്യാനേഷ് കുമാർ ചുമതലയേറ്റു. രാജീവ് കുമാറിന്റെ പിൻഗാമിയായാണ് 61-കാരനും കേരള കേഡർ ഐഎസ് ഉദ്യോഗസ്ഥനുമായ ഗ്യാനേഷ് സമുന്നത പദവിയിലെത്തുന്നത്.

കഴിഞ്ഞ വർഷം മാർച്ചിൽ തെരഞ്ഞെടുപ്പു കമ്മീഷണറായി ചുമതലയേറ്റ ഗ്യാനേഷിനെ ഫെബ്രുവരി 17-നാണ് മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സമിതി നിയമിച്ചത്. രാഷ്ട്രനിർമാണത്തിനുള്ള ആദ്യപടി വോട്ടിംഗാണെന്ന് ചുമതലയേറ്റശേഷം ഇന്ത്യയിലെ വോട്ടർമാർക്കുള്ള സന്ദേശമായി ഗ്യാനേഷ് പറഞ്ഞു.

തെരഞ്ഞെടുപ്പ് കമ്മീഷൻ എല്ലായ്പ്പോഴും വോട്ടർമാരുടെ കൂടെയാണെന്നും 18 വയസ് പൂർത്തിയായ ഇന്ത്യയിലെ എല്ലാ പൗരന്മാരും വോട്ടർമാരായി മാറണമെന്നും ചുമതലയേറ്റശേഷമുള്ള ആദ്യ പ്രസ്താവനയിൽ ഗ്യാനേഷ് പറഞ്ഞു.

പുതിയ തെരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിക്കപ്പെട്ട വിവേക് ജോഷിയും ചുമതലയേറ്റു. തെരഞ്ഞെടുപ്പു കമ്മീഷണർമാരുടെ നിയമനവുമായി ബന്ധപ്പെട്ടുള്ള ഹർജികൾ സുപ്രീം കോടതി പരിഗണിക്കാനിരുന്ന ദിവസംതന്നെയാണ് ഗ്യാനേഷ് കുമാർ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേൽക്കുന്നത്.

# അദാനിക്കെതിരായ കേസിൽ ഇന്ത്യയുടെ സഹായം തേടി യുഎസ്

ന്യൂഡൽഹി: 2029 കോടി രൂപയുടെ കൈക്കൂലി ഇടപാടുമായി ബന്ധപ്പെട്ട് ഗൗതം അദാനിക്കും സഹോദരപുത്രൻ സാഗർ അദാനിക്കും നോട്ടീസ് കൈമാറുന്നതിന് ഇന്ത്യൻ സർക്കാരിന്റെ സഹായം തേടിയെന്ന് യുഎസ് ഓഹരിവിപണി നിയന്ത്രണ ഏജൻസിയായ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷൻ (എസ്ഇസി) വെളിപ്പെടുത്തി. കേസ് പരിഗണിക്കുന്ന യുഎസിലെ ന്യൂയോർക്ക് ഡിസ്ട്രിക്റ്റ് കോടതിയിലാണ് എസ്ഇസി ഇക്കാര്യം അറിയിച്ചത്. കേസുമായി ബന്ധപ്പെട്ട ആരോപണങ്ങൾ ഉൾപ്പെട്ട നോട്ടീസ് കൈമാറുന്നതിനാണ് ഇന്ത്യൻ നിയമമന്ത്രാലയത്തിന്റെ സഹായം തേടിയത്. അദാനി ഗ്രീൻ എനർജി കമ്പനി ഉൽപാദിപ്പിച്ച സൗരോർജം ഉയർന്ന വിലയ്ക്ക് സംസ്ഥാനങ്ങൾ വാങ്ങാനായി ഉന്നതർക്ക് കൈക്കൂലി നൽകാൻ ശ്രമിച്ചുവെന്നതാണ് കേസ്. ആന്ധ്രപ്രദേശ്, ഒഡിഷ, ഛത്തീസ്ഗഡ്, തമിഴ്നാട്, ജമ്മു കാശ്മീർ എന്നീ സംസ്ഥാനങ്ങൾക്കെതിരെയാണ് ആരോപണം. സംസ്ഥാന സർക്കാരുകളിലെ ഉന്നതരുമായി 2098 കോടി രൂപയുടെ കൈക്കൂലി ഇടപാട് നടത്തിയെന്നാരോപിച്ചാണ് യുഎസ് കോടതിയിൽ കുറ്റപത്രം. എസ്ഇസിയുടെ സമാന്തരപരാതിയിലും അന്വേഷണം നടക്കുന്നുണ്ട്.

# മുല്ലപ്പെരിയാർ: ഇരുകൂട്ടർക്കും സ്വീകാര്യമായ പരിഹാരം നിർദേശിക്കാൻ സുപ്രീംകോടതി

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ പുതുതായി രൂപീകരിച്ച മേൽനോട്ട സമിതിക്ക് സാധിക്കുമെന്ന് സുപ്രീംകോടതി. ഇരുസംസ്ഥാനങ്ങൾക്കും സ്വീകാര്യമാകുന്ന പരിഹാരം മേൽനോട്ട സമിതി കണ്ടെത്തണമെന്നും ജസ്റ്റീസുമാരായ സൂര്യകാന്ത്, എൻ. കോടീശ്വർ സിംഗ് എന്നിവരടങ്ങിയ ബെഞ്ച് നിർദേശിച്ചു. തമിഴ്നാട് ഉന്നയിക്കുന്ന വിഷയങ്ങൾ മേൽനോട്ട സമിതി പരിശോധിക്കണമെന്നും കോടതി ആവശ്യപ്പെട്ടു. ഡാമുമായി ബന്ധപ്പെട്ട് തമിഴ്നാടിന്റെ ഏതൊരു നടപടിയും കേരളത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നു ചിലർ പ്രചരിപ്പിക്കുന്നതായും മേൽനോട്ട സമിതിയെ അടക്കം നിശ്ചയിച്ച സാഹചര്യത്തിൽ കോടതിയുടെ ഇടപെടൽ ഇല്ലാതെ വിഷയം പരിഹരിക്കാൻ സാധിക്കില്ലേയെന്നും കോടതി നിരീക്ഷിച്ചു. അണക്കെട്ടിനു സമീപം മരങ്ങൾ മുറിക്കുന്നത് റദ്ദാക്കിയ കേരളത്തിന്റെ നടപടികൾക്കെതിരേയുള്ള ഹർജികൾ പരിശോധിക്കവേയാണ് കോടതി ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.



മേൽനോട്ട സമിതി ചെയർമാന്റെ നേതൃത്വത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ ഇരുസംസ്ഥാനങ്ങളുടെയും യോഗം വിളിക്കണം. അണക്കെട്ടുമായി ബന്ധപ്പെട്ട തർക്കങ്ങൾക്ക് ഇരു സംസ്ഥാനങ്ങൾക്കും സ്വീകാര്യമായ പരിഹാര മാർഗങ്ങൾ കണ്ടെത്തണം.

ഏതെങ്കിലും വിഷയത്തിൽ തർക്കമുണ്ടായാൽ അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് മേൽനോട്ട സമിതി കോടതിക്ക് സമർപ്പിക്കണമെന്നും അതിൽ കോടതി ഇടപെടാമെന്നും ബെഞ്ച് വ്യക്തമാക്കി.

നാലാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും കോടതി നിർദേശിച്ചു. മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട വിവിധ ഹർജികൾ സുപ്രീംകോടതിയുടെ പരിഗണനയിലുണ്ട്. വിഷയങ്ങൾ മൂന്നംഗ ബെഞ്ച് പരിഗണിക്കേണ്ടതിനാൽ ലിസ്റ്റ് ചെയ്യുന്നതിനായി ചീഫ് ജസ്റ്റിസിന് കൈമാറുന്നതായും കോടതി വ്യക്തമാക്കി.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service


• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE
George Kurian
Mortgage Specialist
NMLS ID 220917

1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# കെസിഎസ് ചിക്കാഗോ വാലന്റൈൻസ് ഡേ ആഘോഷങ്ങൾ അവിസ്മരണീയമായി



**ഷാജി പള്ളിവീട്ടിൽ**

ചിക്കാഗോ: മൗണ്ട് പ്രോസ്പെക്റ്റിലെ ഒലിവ് പാലസിൽ കെസിഎസ് ചിക്കാഗോ അതിമനോഹരമായ വാലന്റൈൻസ് ഡേ ആഘോഷം സംഘടിപ്പിച്ചു. വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് അർദ്ധരാത്രി വരെ നീണ്ടുനിന്ന പരിപാടിയിൽ മുൻവർഷങ്ങളിലെ പങ്കാളിത്തത്തെ മറികടന്ന് 300-ലധികം പേർ പങ്കെടുത്തു. അതിഥികൾ സായാഹ്നത്തെ ശരിക്കും മറക്കാനാവാത്ത അനുഭവമായി വിശേഷിപ്പിച്ചു.

കെസിഎസ് പ്രസിഡണ്ട് ജോസ് ആനമല ചടങ്ങിൽ പങ്കെടുത്തവരെ സ്നേഹപൂർവം സ്വാഗതം ചെയ്യുകയും മനോഹരമായ അദ്ധ്യക്ഷപ്രസംഗം നടത്തുകയും ചെയ്തു. ബലൂൺ ഉദ്ഘാടനത്തോടെ ആരംഭിച്ച ആഘോഷം സന്തോഷകരമായ സായാഹ്നത്തിന് സ്വരമൊരുക്കി. എംസിമാരായ മേരി ആൻ നെല്ലാമറ്റം, മരിയ കിഴക്കേക്കുറ്റ്, റൊണാൾഡ് പൂക്കുമ്പൻ എന്നിവരുടെ മാസ്റ്റർ ഹോസ്റ്റിംഗ് ഊർജവും ആകർഷകത്വവും നല്കി. വൈവിധ്യമാർന്ന ആകർഷകമായ പ്രോഗ്രാമുകളിലൂടെ പ്രേക്ഷകരെ തടസ്സമില്ലാതെ നയിച്ചു. പ്രശസ്ത പിന്നണിഗായകൻ ഫ്രാങ്കോ സൈമൺ നയിച്ച തത്സമയ സംഗീത പ്രകടനമാണ് രാത്രിയിലെ ഒരു പ്രധാന ഹൈലൈറ്റ്. ലിഡിയ മ്യാൽക്കരപുറം, ബിനി ചാലുങ്കൽ, സെൽമ നെല്ലാമറ്റം, ജെയ്റോസ് പതിയിൽ, സാജു കാപറമ്പിൽ തുടങ്ങിയ പ്രഗത്ഭരായ പ്രാദേശിക സംഗീതജ്ഞർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.



ജോസ് ആനമല (കെസിഎസ് പ്രസിഡണ്ട് )



ഫ്രാങ്കോ സൈമൺ (പിന്നണിഗായകൻ)

ആഘോഷത്തിന് ഒരു വ്യക്തിഗത സ്പർശം നല്കി, അബിനും രശ്മി മുണ്ടുപാലത്തിങ്കലും പങ്കെടുക്കുന്ന ദമ്പതികളെ ഉൾക്കൊള്ളുന്ന ആകർഷകമായ സ്ലൈഡ്ഷോ അവതരിപ്പിച്ചു. സ്ലൈഡ് ഷോ അവതരണത്തിന് ഹാജരായവർ തങ്ങളുടെ അഭിനന്ദനം പ്രകടിപ്പിച്ചു. ആഴത്തിലുള്ള തലത്തിൽ പരസ്പരം ബന്ധപ്പെടാൻ ഇത് എങ്ങനെ സഹായിച്ചുവെന്ന് ചൂണ്ടിക്കാട്ടി. കഹൂട്ട്, സാരി ഗെയിം, ബലൂൺ ഗെയിം എന്നിവയുൾപ്പെടെയുള്ള സംവേദനാത്മകവും വിനോദപരവുമായ ഗെയിമുകളുടെ ഒരു പരമ്പരയും സായാഹ്നത്തിൽ അവതരിപ്പിച്ചു. ഇത് മുഴുവൻ കാണികളെയും വ്യാപൃതരാക്കി. എംസിമാർക്കൊപ്പം മരിയ കുന്നുംപുറത്ത്, നീതു ഐക്കരപറമ്പിൽ, മിന്ന പള്ളിക്കുന്നേൽ എന്നിവർ ഗെയിം പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. എല്ലാവർക്കും പങ്കെടുക്കാനും ആസ്വദിക്കാനും അവസരം ഉറപ്പാക്കി.

വാലന്റൈൻസ് ഡേ ഡെക്കറേഷൻ ഉള്ള രണ്ട് ഫോട്ടോ ബൂത്തുകൾ പങ്കെടുക്കുന്നവർക്ക് വളരെയധികം ചിത്രങ്ങളെടുക്കാനുള്ള ഹൃദ്യമായ അവസരം നല്കി. ഡൊമിനിക് ചൊള്ളമ്പേലിന്റെ നേതൃത്വത്തിലുള്ള ഡി.സി ഫോട്ടോഗ്രാഫി പങ്കെടുത്ത അംഗങ്ങളുടെ ചിത്രങ്ങളിൽ കൂടുതൽ വാലന്റൈൻസ് ടച്ച് ചേർത്തുകൊണ്ട് അംഗങ്ങളുടെ ഹൃദയം കവർന്നു. അതിഥികൾക്ക് രാത്രി മുഴുവൻ ഭക്ഷണപാനീയങ്ങൾ നല്കി ഉത്സവ അന്തരീക്ഷം വർദ്ധിപ്പിച്ചു. കെസിഎസ് സെക്രട്ടറി ഷാജി പള്ളിവീട്ടിൽ നന്ദി പ്രകാശിപ്പിച്ചതോടെ ആഘോഷം അർദ്ധരാത്രിയോടെ സമാപിച്ചു.

ഊർജ്ജസ്വലമായ പ്രകടനങ്ങൾ, ആകർഷകമായ പ്രവർത്തനങ്ങൾ ഊഷ്മളമായ സൗഹൃദം എന്നിവയാൽ കെസിഎസ് ചിക്കാഗോ വാലന്റൈൻസ് ഡേ ആഘോഷം യഥാർത്ഥത്തിൽ ഓർത്തിരിക്കേണ്ട ഒരു രാത്രിയായിരുന്നു.

































# ഡൽഹി മുഖ്യമന്ത്രിയായി രേഖ ഗുപ്ത ചുമതലയേറ്റു

ന്യൂഡൽഹി: രാംലീല മൈതാനത്തു തിങ്ങിനിറഞ്ഞ പതിനായിരക്കണക്കിന് ബിജെപി പ്രവർത്തകരെ സാക്ഷിയാക്കി ഡൽഹി മുഖ്യമന്ത്രിയായി



രാംലീല മൈതാനത്ത് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്തയും.

രേഖ ഗുപ്ത അധികാരമേറ്റു. രേഖയ്ക്കു പുറമെ ആറു മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഫെബ്രുവരി 20-ന് ഉച്ചയ്ക്ക് 12.30-നായിരുന്നു സത്യപ്രതിജ്ഞാ ചടങ്ങ്. ലഫ്. ഗവർണർ വി.കെ. സക്സേന സത്യവാചകം ചൊല്ലിക്കൊടുത്തു.

പർവേഷ് സിംഗ് വർമ, ആശിഷ് സൂദ്, പങ്കജ് സിങ്, മൻജീന്ദർ സിങ് സിർസ, കപിൽ മിശ്ര, രവീന്ദർ ഇന്ദ്രജ് എന്നിവരാണ് മന്ത്രിസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്ത നിയുക്ത എംഎൽഎമാർ. ഡൽഹി മുൻ മുഖ്യമന്ത്രി സാഹിബ് സിങ് വർമയുടെ മകനായ പർവേഷിന് ഉപമുഖ്യമന്ത്രി സ്ഥാനമാണു ലഭിച്ചിട്ടുള്ളത്.

പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്, ജെ.പി. നഡ്ഡ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. പ്രോട്ടോക്കോൾ പ്രകാരം മുൻ മുഖ്യമന്ത്രിമാരും ആം ആദ്മി പാർട്ടി നേതാക്കളുമായ അതിഷിക്കും അരവിന്ദ് കെജ്‌രിവാളിനും ചടങ്ങിൽ ക്ഷണമുണ്ടായിരുന്നെങ്കിലും ഇരുവരും പങ്കെടുത്തില്ല. അതേസമയം രാജ്യസഭ എംപിയും എഎപിയുടെ വിമത നേതാവുമായ സ്വാതി മലിവാൾ വേദിയിലുണ്ടായിരുന്നു.

അധികാരത്തിലേറി ആദ്യ 100 ദിവസത്തിനുള്ളിൽ ആയുഷ്മാൻ ഇൻഷുറൻസ് പദ്ധതി, യമുന ശുദ്ധീകരണം, റോഡുകളിലെയും അഴുക്കുചാലുകളിലെയും ചെളി നീക്കംചെയ്യൽ, റോഡ് അറ്റകുറ്റപ്പണികൾ, റോഡുകളിൽനിന്നുള്ള മാലിന്യം നീക്കം ചെയ്യൽ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും.

ബിജെപിയുടെ തെരഞ്ഞെടുപ്പു വാഗ്ദാനമായ മഹിളാ സമ്മാൻ യോജന പ്രകാരമുള്ള ആദ്യ സാമ്പത്തിക സഹായം മാർച്ച് എട്ടിനു മുമ്പ് ഡൽഹിയിലെ സ്ത്രീകൾക്ക് ലഭിക്കുമെന്നും രേഖ പ്രഖ്യാപിച്ചു.

# എൻഎംസി വ്യവസ്ഥ സുപ്രീംകോടതി ശരിവെച്ചു

ന്യൂഡൽഹി: വിദേശത്ത് എംബിബിഎസ് പഠിക്കാൻ ആഗ്രഹിക്കുന്നവർ ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷ (നീറ്റ്-യുജി) യോഗ്യത നേടിയിരിക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ (എൻഎംസി) വ്യവസ്ഥ സുപ്രീംകോടതി ശരിവെച്ചു. വിദേശത്ത് പഠനം പൂർത്തിയാക്കിയവർ ഇന്ത്യയിൽ മടങ്ങിയെത്തി പരിശീലനം നടത്താനാണ് താല്പര്യമെങ്കിൽ നീറ്റ് വിജയിച്ചിരിക്കണമെന്നാണ് എൻഎംസിയുടെ വ്യവസ്ഥ. ഈ വ്യവസ്ഥ ചോദ്യം ചെയ്തുള്ള ഹർജികൾ തള്ളിയാണ് ജസ്റ്റീസുമാരായ ബി.ആർ. ഗവായ്, കെ. വിനോദ് ചന്ദ്രൻ എന്നിവരുടെ ഉത്തരവ്.

എൻഎംസി നേരത്തെ ദേശീയ മെഡിക്കൽ കൗൺസിൽ ആയിരുന്നപ്പോഴാണ് ഈ വ്യവസ്ഥ കൊണ്ടുവന്നത്. വിദേശത്ത് പഠനം പൂർത്തിയാക്കിയവർ ഇന്ത്യയിൽ പരിശീലനം നടത്താനുള്ള യോഗ്യതാ സർട്ടിഫിക്കറ്റ് നേടാൻ നീറ്റ് വിജയിക്കണമെന്ന വ്യവസ്ഥ 2018-ലാണ് ഉൾപ്പെടുത്തിയത്. ഈ മാനദണ്ഡം നിയമവിരുദ്ധമല്ലെന്നു വിലയിരുത്തിയാണ് ഹർജികൾ തള്ളിയത്.

# ഓഷ്യനേറിയം സ്ഥാപിക്കാൻ പുതുവൈപ്പിൽ ഭൂമി നൽകും

തിരുവനന്തപുരം: മത്സ്യബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാന ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിക്ക് ഓഷ്യനേറിയം സ്ഥാപിക്കാൻ പുതുവൈപ്പിൽ ഏക്കർ ഒന്നിന് 1000 രൂപ വാർഷിക പാട്ട നിരക്കിൽ ഭൂമി നൽകാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. സംസ്ഥാന ടെക്സ്റ്റൈൽ കോർപറേഷന്റെ യൂണിറ്റ് മില്ലുകളായ കോട്ടയം ടെക്സ്റ്റൈൽസിനും പ്രഭുറാം മില്ലിനുമുള്ള പ്രവർത്തന മൂലധന വായ്പയുടെ സർക്കാർ ഗാരന്റി കാലയളവ് കഴിഞ്ഞ ജനുവരി ഒന്നു മുതൽ രണ്ട് വർഷത്തേക്കു നീട്ടും. എസ്ബിഐയിൽനിന്ന് 1.80 കോടി രൂപയാണു വായ്പയെടുത്തത്. എക്സൈസ് വകുപ്പിലെ എൻട്രി കേഡറിലുള്ള ഡ്രൈവർ തസ്തിക പുനർനാമകരണം ചെയ്ത ഉത്തരവ് സാധൂകരിച്ചു.

# സ്ത്രീധനം ചോദിച്ചില്ലെങ്കിലും ക്രൂരതക്കുറ്റം നിലനിൽക്കും: സുപ്രീം കോടതി

ന്യൂഡൽഹി: പ്രകടമായി സ്ത്രീധനം ആവശ്യപ്പെട്ടില്ലെന്നതുകൊണ്ട് ഭാര്യയ്ക്കെതിരായ ക്രൂരതകുറ്റത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ഭർത്താവിനോ വീട്ടുകാർക്കോ കഴിയില്ലെന്നു സുപ്രീംകോടതി വ്യക്തമാക്കി.

നേരിട്ടു സ്ത്രീധനം ആവശ്യപ്പെട്ടില്ലെന്നത് ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം ക്രൂരത സംബന്ധിച്ച കുറ്റം ഒഴിവാക്കുന്നതിനുള്ള കാരണമാകില്ല. സ്ത്രീധനം ആവശ്യപ്പെട്ടില്ലെങ്കിലും ഐപിസിയിലെ 498എ പ്രകാരമുള്ള കുറ്റം (ക്രൂരത) നിലനിൽക്കുമെന്നും ജഡ്ജിമാരായ വിക്രംനാഥ്, പ്രസന്ന ബി. വരാലെ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

രണ്ട് തരത്തിലുള്ള ക്രൂരതയാണ് ഈ വകുപ്പിലുള്ളത്. ശാരീരികവും മാനസികവുമായ ഹാനി വരുത്തുന്നതാണ് ഒന്നാമത്തേത്. വസ്തുവോ വിലപിടിപ്പുള്ള ഉറപ്പുപത്രമോ നിയമവിരുദ്ധമായി ആവശ്യപ്പെട്ടുകൊണ്ട് ഭാര്യയെ അവഹേളിക്കുന്നതാണു രണ്ടാമത്തേത്. പ്രകടമായി സ്ത്രീധനം ആവശ്യപ്പെട്ടില്ലെന്നതുകൊണ്ട് 498എ വകുപ്പിൽനിന്ന് ഒഴിഞ്ഞു മാറാൻ ഭർത്താവിനോ വീട്ടുകാർക്കോ കഴിയില്ല.

ഭർത്താവും ബന്ധുക്കളും മർദിച്ചുവെന്നു ചൂണ്ടിക്കാട്ടിയുള്ള ഭാര്യയുടെ പരാതിയിൽ ക്രിമിനൽ കേസെടുത്തതുമായി ബന്ധപ്പെട്ടതാണ് വിഷയം. അതിനെതിരെ ഭർത്താവ് നൽകിയ ഹർജി പരിഗണിച്ച ഹൈക്കോടതി കേസ് റദ്ദാക്കി. സ്ത്രീധനം ആവശ്യപ്പെട്ടതായി പരാതിയില്ലെന്നായിരുന്നു ഹൈക്കോടതിയുടെ വാദം. അതിനെതിരെ ഭാര്യയാണു സുപ്രീം കോടതിയെ സമീപിച്ചത്.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**




BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- *Pre Approvals in minutes !!!*
- *Low Down Payments for Qualified Customers*

Illinois Residential Mortgage Licensee

Citywide Mortgage of America Corp.
Offiece: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago,
Illinois 60641

വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ലോക്പാൽ ഉത്തരവിന് സുപ്രീംകോടതി സ്റ്റേ

ന്യൂഡൽഹി: ഹൈക്കോടതി ജഡ്ജിമാർക്കെതിരെ പരാതികൾ സ്വീകരിക്കാമെന്ന ലോക്പാൽ ഉത്തരവ് സ്റ്റേ ചെയ്ത് സുപ്രീംകോടതി. 2013-ലെ ലോക്പാൽ, ലോകായുക്ത നിയമപ്രകാരം ഹൈക്കോടതി ജഡ്ജിമാർക്കെതിരെ പരാതി സ്വീകരിക്കാമെന്നായിരുന്നു കഴിഞ്ഞ ജനുവരി 27-ന് ലോക്പാലിന്റെ ഉത്തരവ്. എന്നാൽ, ഈ ഉത്തരവ് അസ്വസ്ഥതയുളവാക്കുന്നതാണെന്ന് ജസ്റ്റിസുമാരായ ബി.ആർ. ഗവായ്, സൂര്യകാന്ത്, അഭയ് എസ്.ഓക എന്നിവരടങ്ങിയ ബെഞ്ച് ചൂണ്ടിക്കാട്ടി. നിയമസംവിധാനത്തിന്റെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണെന്നും ബെഞ്ച് വ്യക്തമാക്കി. ലോക്പാൽ ഉത്തരവിനെതിരെ സുപ്രീംകോടതി സ്വമേധയാ കേസെടുത്തിരുന്നു. വിഷയത്തിൽ കേന്ദ്ര സർക്കാരിനും ലോക്പാൽ രജിസ്ട്രാർക്കും സുപ്രീംകോടതി നോട്ടീസ് അയച്ചു. കേസ് അടുത്തമാസം 18-ന് വീണ്ടും പരിഗണിക്കും.

2013-ലെ ലോക്പാൽ, ലോകായുക്ത നിയമപ്രകാരം സ്ഥാപിതമായ നിയമാനുസൃതമായ സ്ഥാപനമാണ് ലോക്പാൽ. പൊതുസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥനെതിരെ ഏതെങ്കിലും തരത്തിലുള്ള അഴിമതിയാരോപണങ്ങൾ ഉണ്ടെങ്കിൽ അത് അന്വേഷിക്കുന്നതിനുള്ള അധികാരം ലോക്പാലിനുണ്ട്. സുപ്രീംകോടതി മുൻ ജഡ്ജി അജയ് മണിക്റാവു അദ്ധ്യക്ഷനായ ലോക്പാലിൽ ഏഴ് അംഗങ്ങളാണുള്ളത്.

# പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേ ആദ്യത്തെ ഹൈസ്പീഡ് കോറിഡോർ

പാലക്കാട്: നിർദിഷ്ട പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേ അതിവേഗ ഇടനാഴിയായി (ഹൈസ്പീഡ് കോറിഡോർ) നിർമിക്കും. പദ്ധതി രൂപരേഖയിൽ ആവശ്യമായ മാറ്റം വരുത്താൻ ദേശീയപാത അതോറിറ്റിക്ക് കേന്ദ്ര സർക്കാർ നിർദേശം നല്കി. സംസ്ഥാനത്തെ ആദ്യ ഹൈസ്പീഡ് കോറിഡോറാകും ഈ ഹൈവേ. നിർദിഷ്ട കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേയും അങ്കമാലി-കുണ്ടന്നൂർ ബൈപാസും ഈ രീതിയിൽ നിർമിക്കുമെന്ന് അധികൃതർ അറിയിച്ചു. വാഹനങ്ങൾക്ക് തടസ്സമില്ലാതെ അതിവേഗം സഞ്ചരിക്കാൻ കഴിയുന്ന രീതിയിലാകും ഹൈവേയുടെ ഘടന. ഇരുചക്ര വാഹനങ്ങൾക്ക് പ്രവേശനമുണ്ടാകില്ല.

നിലവിലെ പദ്ധതിയിൽ പാലക്കാട്-മലപ്പുറം-കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന 120.84 കിലോമീറ്റർ ഹൈവേയിൽ പ്രവേശിക്കാനും പുറത്തുപോകാനും 12 വീതം സ്ഥലങ്ങളാണുള്ളത്. അതിവേഗ പാതയിൽ അതുണ്ടാകില്ല. പകരം സംവിധാനം എങ്ങനെയെന്നു പദ്ധതി രൂപരേഖ തയ്യാറായാലേ അറിയാനാകൂ. നിശ്ചിത ദൂരത്തിൽ അടിപ്പാതകൾ നിർമ്മിക്കും. സർവീസ് റോഡ് ഉണ്ടാകില്ലെങ്കിലും ജനവാസ മേഖലകളിലെ റോഡുകൾ പരമാവധി ബന്ധിപ്പിക്കാനാണ് മന്ത്രാലയത്തിന്റെ നിർദേശം. പാതയിൽ പ്രവേശിക്കുന്നിടത്ത് 50 മീറ്റർ വീതിയുണ്ടാകും. പദ്ധതിക്കു വേണ്ട സ്ഥലത്തിന്റെ 98 ശതമാനം ഏറ്റെടുത്തുകഴിഞ്ഞു.

ഇപ്പോഴത്തെ ദേശീയ പാതയിൽ പാലക്കാട്-കോഴിക്കോട് യാത്രയ്ക്ക് ശരാശരി 4 മണിക്കൂർ വേണ്ടിടത്ത് ഗ്രീൻഫീൽഡ് ഹൈവേയിൽ 2 മണിക്കൂറാണ് കണക്കാക്കുന്നത്. അതിവേഗ ഇടനാഴിയായി രൂപം മാറുമ്പോൾ ഒന്നര മണിക്കൂറിൽ താഴെയാകുമെന്നാണ് വിലയിരുത്തൽ. ദേശീയപാത 544-ൽ പാലക്കാട് മരുത റോഡിൽ ആരംഭിച്ച് ദേശീയപാത 66-ൽ കോഴിക്കോട് പന്തീരാങ്കാവ് വരെയാണ് നിർദിഷ്ട അതിവേഗ ഇടനാഴി.

# യുജിസി കരട് ഭേദഗതി പിൻവലിക്കാനായി വൻപ്രതിഷേധം

തിരുവനന്തപുരം: ഉന്നത വിദ്യാഭ്യാസമേഖലയിൽ വൻ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്ന യുജിസി കരട് റെഗുലേഷൻ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ദേശീയ സെമിനാറിൽ പ്രമേയം. കേരളം ആതിഥേയത്വം വഹിച്ച് തിരുവനന്തപുരത്ത് ഫെബ്രുവരി 20-ന് സംഘടിപ്പിച്ച സെമിനാറിലാണ് പ്രമേയം പാസാക്കിയത്. തമിഴ്നാട്, കർണാടക, തെലങ്കാന എന്നീ സംസ്ഥാനങ്ങളും പ്രമേയത്തെ പിന്തുണച്ചു.

ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിനു ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ് റെഗുലേഷനെന്നു സെമിനാറിൽ പങ്കെടുത്ത സംസ്ഥാനത്തു നിന്നുള്ള പ്രതിനിധികളും അഭിപ്രായപ്പെട്ടു.




യുജിസി കരട് ഭേദഗതിക്കെതിരെ പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളെ പങ്കെടുപ്പിച്ച് തിരുവനന്തപുരത്ത് നടത്തിയ ദേശീയ സെമിനാറിൽ പങ്കെടുക്കാനെത്തിയ തെലങ്കാന ഉപമുഖ്യമന്ത്രി ഭട്ടി വിക്രമാർക്ക മല്ലുവിനെ മുഖ്യമന്ത്രി പിണറായി വിജയൻ സ്വീകരിക്കുന്നു.

സർവകലാശാലകളിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം ഇല്ലാതാക്കുകയും കേന്ദ്ര അധികാരം കൂടുതൽ ഉറപ്പിക്കുകയുമാണ് പുതിയ നീക്കത്തിലൂടെ ലക്ഷ്യമിടുന്നതെന്നു പ്രമേയത്തിൽ കുറ്റപ്പെടുത്തുന്നു.

സർവകലാശാലകളുടെ മുഖ്യ ഗുണഭോക്താവും സാമ്പത്തികം ഉൾപ്പെടെ എല്ലാ മേഖലകളിലും കൂടുതൽ സഹായം നല്കുന്നതും സംസ്ഥാനങ്ങളാണ്. യുജിസി ഭരണപരമായ കാര്യങ്ങളിൽ ഇടപെടുന്നത് ശരിയല്ല. വൈസ് ചാൻസലറെ തീരുമാനിക്കുന്ന കമ്മിറ്റികളിലടക്കം സംസ്ഥാനങ്ങളുടെ പ്രാതിനിധ്യം ആവശ്യമില്ലെന്ന നിർദേശം ഫെഡറൽ തത്വങ്ങളുടെ ലംഘനമാണെന്നും പ്രമേയത്തിൽ വ്യക്തമാക്കുന്നു.

ആശങ്കകൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും കേന്ദ്ര ഉന്നത വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്രപ്രധാനെയും അറിയിക്കാൻ തീരുമാനിച്ചതായി ഉന്നത വിദ്യാഭ്യാസമന്ത്രി ആർ. ബിന്ദു വ്യക്തമാക്കി. യുജിസി കരട് റെഗുലേഷനിൽ സംസ്ഥാനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന 15 കാര്യങ്ങൾ ഉൾപ്പെടുത്തിയ പ്രമേയമാണ് തയാറാക്കിയത്.

# ബി.ബി.സി ഇന്ത്യക്ക് പിഴയിട്ട് ഇ.ഡി

ന്യൂഡൽഹി: നേരിട്ടുള്ള വിദേശ നിക്ഷേപ (എഫ്.ഡി.ഐ) ചട്ടങ്ങൾ ലംഘിച്ചെന്ന് ആരോപിച്ച് ബി.ബി.സി. ഇന്ത്യയ്ക്ക് 3.44 കോടി രൂപ പിഴ ചുമത്തി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി). ബി.ബി.സി ഡയറക്ടർമാരായിരുന്ന ആന്റണി ഹണ്ട്, ഇന്ദു ശേഖർ സിൻഹ, പോൾ മൈക്കൽ എന്നിവർക്ക് 1,14,82,950 രൂപ വീതമാണ് പിഴ ചുമത്തിയത്.

2021 ഒക്ടോബർ 15-നുശേഷം ഓരോ ദിവസവും 5,000 രൂപ വീതം പിഴയും ചുമത്തിയിട്ടുണ്ട്. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (ഫെമ) ലംഘനങ്ങൾ ചൂണ്ടിക്കാണിച്ചാണ് നടപടി. 2023 ഓഗസ്റ്റ് 4-ന് നിയമലംഘനങ്ങളിൽ കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ഇതിനു പിന്നാലെയാണ് പിഴ ചുമത്തൽ നടപടി.

നൂറു ശതമാനം എഫ്.ഡി.ഐ കമ്പനിയായ ബി.ബി.സി. വേൾഡ് സർവീസ് ഇന്ത്യ, അവരുടെ എഫ്.ഡി.ഐ 26 ശതമാനമായി കുറയ്ക്കാതെ ഇന്ത്യയിൽനിന്ന് ഡിജിറ്റൽ മീഡിയ വഴി വാർത്തകളും വിവരങ്ങളും അപ്ലോഡ്/സ്ട്രീം ചെയ്തിരുന്നു. 2019 സെപ്റ്റംബർ 13-ന് ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) പുറത്തിറക്കിയ പ്രസ് നോട്ട് 4 പ്രകാരം ഡിജിറ്റൽ മീഡിയയ്ക്ക് 26 ശതമാനം എഫ്.ഡി.ഐ പരിധി വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് ബി.ബി.സി ലംഘിച്ചതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.



# കാറ്റഗറി ഒന്ന് സംരംഭങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് വേണ്ട

തിരുവനന്തപുരം: വ്യവസായ മേഖലയിലെ കാറ്റഗറി ഒന്ന് സംരംഭങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് ആവശ്യമില്ലെന്നും രജിസ്ട്രേഷൻ മാത്രം മതിയാകുമെന്നും മന്ത്രി എം.ബി. രാജേഷ് അറിയിച്ചു. സംരംഭം ഉള്ള കാര്യം പഞ്ചായത്ത് അറിഞ്ഞാൽ മതി. ലൈസൻസ് ഫീസ് മൂലധന നിക്ഷേപം അനുസരിച്ചായിരിക്കും തീരുമാനിക്കുക. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളിൽ മാത്രം പരിശോധന നടത്തുമെന്നും മന്ത്രി വ്യക്തമാക്കി.

സംരംഭങ്ങളെ കാറ്റഗറി ഒന്ന്, രണ്ട് സംരംഭങ്ങളായി തരംതിരിക്കും. കാറ്റഗറി ഒന്ന് സംരംഭങ്ങൾ ഉല്പാദക യൂണിറ്റുകളാണ്. അവയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ വൈറ്റ്, ഗ്രീൻ എന്നിവയിലുള്ള യൂണിറ്റുകൾക്ക് പഞ്ചായത്തിന്റെ ലൈസൻസിനു പകരം അവ രജിസ്റ്റർ ചെയ്താൽ മതിയാകും.

എന്നാൽ, കാറ്റഗറി ഒന്ന് വിഭാഗത്തിൽപ്പെടുന്ന റെഡ്, ഓറഞ്ച് എന്നീ വിഭാഗത്തിൽപ്പെട്ട യൂണിറ്റുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമുണ്ട്. കാറ്റഗറി രണ്ട് സംരംഭങ്ങൾ വ്യാപാരം, വാണിജ്യം, സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന യൂണിറ്റുകളാണ്. അവയ്ക്ക് എല്ലാത്തിനും സെക്രട്ടറിയുടെ ലൈസൻസ് ആവശ്യമാണ്.

നിലവിൽ വീടുകളിൽ പ്രവർത്തിക്കുന്ന കുടിൽ വ്യവസായങ്ങൾക്കും വീടുകളിലെ മറ്റ് വാണിജ്യ സേവന പ്രവർത്തനങ്ങൾക്കും ലൈസൻസ് നല്കാൻ വ്യവസ്ഥയില്ല. ചെറുകിട സംരംഭങ്ങൾക്ക് ലൈസൻസില്ലാതെ പ്രവർത്തിക്കാനാണ് അനുവാദമുള്ളത്. ഇത് പ്രസ്തുത സംരംഭങ്ങൾക്ക് ബാങ്ക് ലോൺ, ജിഎസ്ടി രജിസ്ട്രേഷൻ കിട്ടാനുള്ള ബുദ്ധിമുട്ട് ഉൾപ്പെടെ സൃഷ്ടിക്കുന്നതായി പരാതികളുണ്ട്. ഇതു പരിഹരിക്കാൻ നടപടിയെടുക്കുമെന്നും മന്ത്രി പറഞ്ഞു.

ലൈസൻസ് ഫീ പൂർണ്ണമായും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാക്കും. കുറഞ്ഞ മൂലധന നിക്ഷേപമുള്ള സംരംഭകരെ സഹായിക്കുന്നതിനായി കുറഞ്ഞ തുകയ്ക്ക് പ്രത്യേകം സ്ലാബ് നിശ്ചയിക്കും. മൂലധന നിക്ഷേപം കണക്കാക്കുന്നതിൽ നിന്നും ഭൂമിയുടെയും കെട്ടിടത്തിന്റെയും വില ഒഴിവാക്കുന്നത് പരിഗണിക്കും. സ്ഥാപനങ്ങൾക്കെതിരെ വരുന്ന പരാതികളിൽ ബന്ധപ്പെട്ട വിദഗ്ദ്ധ സ്ഥാപനങ്ങളുടെ ഉപദേശം തേടി സമയബന്ധിതമായി തീർപ്പ് കല്പിക്കാൻ സംവിധാനം ഏർപ്പെടുത്തും.

പഞ്ചായത്തുകളുടെയോ സെക്രട്ടറിമാരുടെയോ ചുമതലകളിൽപ്പെട്ട വിഷയങ്ങൾക്കു മാത്രമേ പരിശോധന നടത്താൻ പാടുള്ളൂ. സാമ്പത്തികവർഷം ലൈസൻസിന്റെ കാലാവധി അവസാനിക്കുമെന്ന വ്യവസ്ഥ ഒഴിവാക്കി.

ഒരു വർഷത്തെ ലൈസൻസിന്റെ കാലാവധി ലൈസൻസ് തീയതി മുതൽ ഒരു വർഷം തന്നെയാക്കി നിശ്ചയിച്ചു. നല്കുന്ന ലൈസൻസിൽ ലൈസൻസിയുടെ ഉത്തരവാദിത്വങ്ങൾ കൃത്യമായി ഉൾപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

# ഇന്ത്യയിൽ ആദ്യമായി കടൽമണൽ ഖനനം: കൊല്ലം തങ്കശ്ശേരി മുതൽ ചവറ വരെ

കൊല്ലം: ഇന്ത്യയിൽ ആദ്യമായി കടൽമണൽ ഖനനം ആരംഭിക്കുന്നതു കൊല്ലം ജില്ലയിലെ തങ്കശ്ശേരിക്കു സമീപത്തുനിന്ന്. തങ്കശ്ശേരി മുതൽ വടക്കോട്ടു ചവറ വരെയാകും ആദ്യ ഘട്ടത്തിൽ ഖനനം. കൊല്ലത്തിന്റെ കടൽ മേഖലയിൽ മൂന്ന് ബ്ലോക്കുകളിലായാണു ഖനനമെന്നു കേന്ദ്ര സർക്കാർ പറഞ്ഞിരുന്നെങ്കിലും പ്രദേശം ഏതെന്നു വ്യക്തമാക്കിയിരുന്നില്ല. തങ്കശ്ശേരി ലൈറ്റ് ഹൗസിനു സമീപത്തു നിന്നു വടക്കോട്ടു കടലിൽ 27 മുതൽ 33 കിലോമീറ്റർ വരെ ദൂരെയാണ് ആദ്യ ഖനന മേഖല. 2002-ലെ ഓഫ് ഷോർ ഏരിയാസ് മിനറൽ (ഡവലപ്മെന്റ് ആൻഡ് റഗുലേഷൻ) ആക്ടിൽ 2023-ൽ ഭേദഗതി കൊണ്ടുവന്നതിനു പിന്നാലെയാണു ഇന്ത്യയിലെ 13 ബ്ലോക്കുകളിലായി കടലിൽ ധാതുഖനനത്തിനു കേന്ദ്ര ഖനിമന്ത്രാലയം ടെൻഡർ ക്ഷണിച്ചത്.

ടെൻഡർ സമർപ്പിക്കാനുള്ള സമയപരിധി ഈ മാസം 27 വരെ നീട്ടിയിട്ടുണ്ട്. കേരളത്തിൽ കണ്ണൂർ, കോഴിക്കോട്, പൊന്നാനി, ചാവക്കാട്, കൊച്ചി, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിലെ കടലിൽ മണൽ പർവതങ്ങൾ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ കണ്ടെത്തിയിട്ടുണ്ടെങ്കിലും കണ്ണൂരിലും കോഴിക്കോടും കണ്ടെത്തിയ മണൽ നിർമാണ ആവശ്യത്തിനു പറ്റിയതാണോയെന്നു തിട്ടപ്പെടുത്തിയിട്ടില്ല. കടലിൽനിന്നു മണൽ വാരാനാണു ലേലമെങ്കിലും കരിമണലിലേതിനു തുല്യമായ ധാതുക്കൾ കിട്ടിയാൽ ആണവ ധാതുക്കൾ ഒഴിച്ചു നിശ്ചിത തുക അടച്ചു ശേഖരിക്കാമെന്നു ടെൻഡർ വ്യവസ്ഥയുണ്ട്. ഫലത്തിൽ, കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളായ ഇന്ത്യൻ റെയർ എർത്സ് ലിമിറ്റഡും കേരള മിനറൽസ് ആൻഡ് മെറ്റൽസും പ്രധാനമായും ആശ്രയിക്കുന്ന കരിമണൽ സ്വകാര്യ കമ്പനികൾക്കും കടലിൽ നിന്നെടുക്കാം.

# മലങ്കര മാർത്തോമ്മാ സഭയ്ക്ക് രണ്ട് വികാരി ജനറാൾമാർകൂടി

പി.പി. ചെറിയാൻ



റവ.ഡോ. സാംസൺ എം. ജേക്കബ്



റവ. ഡാനിയേൽ തോമസ്

ന്യൂയോർക്ക്: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ വികാരി ജനറൽമാരായി റവ.ഡോ. സാംസൺ എം. ജേക്കബ്, റവ. ഡാനിയേൽ തോമസ് എന്നീ വൈദികർ നിയമിതരായി. എപ്പിസ്കോപ്പൽ സിനഡാണ് പുതിയ വികാരി ജനറാൾമാരെ തെരഞ്ഞെടുത്തത്.

# ഒരു കോടി രൂപയുടെ മയക്കുമരുന്നുമായി 'ലേഡി ഡോൺ' അറസ്റ്റിൽ

ന്യൂഡൽഹി: വർഷങ്ങളായി പോലീസിന്റെ കണ്ണുവെട്ടിച്ച് വിലസിയിരുന്ന 'ലേഡി ഡോൺ' എന്നറിയപ്പെടുന്ന സോയ ഖാൻ (33) പിടിയിൽ. ഒരു കോടിയോളം വിലവരുന്ന 270 ഗ്രാം ഹെറോയിൻ സഹിതമാണ് സോയയെ പോലീസ് അറസ്റ്റ് ചെയ്തത്.

കുപ്രസിദ്ധ ഗുണ്ടാനേതാവ് ഹാഷിം ബാബയുടെ മൂന്നാം ഭാര്യയായ ഇവരെ വലയിൽ വീഴ്ത്താൻ പോലീസ് ശ്രമിച്ചിട്ടു സാധിച്ചിരുന്നില്ല. ഒടുവിൽ രഹസ്യ വിവരത്തെത്തുടർന്ന് വടക്കുകിഴക്കൻ ഡൽഹിയിൽ നിന്നാണ് ഇവരെ ലഹരിമരുന്നുമായി പിടികൂടിയത്.

കൊലപാതകം മുതൽ ആയുധക്കടത്ത് വരെ ഒട്ടേറെ കേസുകളുള്ള സോയയുടെ ഭർത്താവ് ഹാഷിം ബാബ നിലവിൽ ജയിലിലാണ്. ഭർത്താവ് ജയിലിലായതോടെ ഹാഷിമിന്റെ ക്രിമിനൽ സാമ്രാജ്യം സോയ ഏറ്റെടുക്കുകയായിരുന്നു. എന്നാൽ, ക്രിമിനൽ പ്രവർത്തനങ്ങളുമായി നേരിട്ട് ഇടപെടാതിരുന്നതിനാൽ ഇവരെ അറസ്റ്റ് ചെയ്യാൻ പോലീസിനു കഴിഞ്ഞിരുന്നില്ല.

ക്വട്ടേഷൻ, ലഹരിക്കടത്ത്, പിടിച്ചുപറി തുടങ്ങിയ നിരവധി കേസുകളിൽ സോയയ്ക്ക് ബന്ധമുണ്ടെന്നാണ് ഡൽഹി പോലീസിന്റെ കണ്ടെത്തൽ. സാധാരണ ഗുണ്ടാനേതാക്കളിൽ നിന്നും വ്യത്യസ്തയായ സോയയ്ക്ക് വലിയ രീതിയിൽ ആരാധകരുണ്ട്. വില കൂടിയ കാറുകളും വസ്ത്രങ്ങളും ഉപയോഗിച്ചും ആഡംബര പാർട്ടികളിൽ പങ്കെടുത്തുമൊക്കെ സോയ സെലിബ്രിറ്റി ഇമേജ് സൃഷ്ടിച്ചിരുന്നു.

ആദ്യഭർത്താവുമായി വേർപിരിഞ്ഞശേഷം 2017-ലാണ് സോയ ഹാഷിം ബാബയെ വിവാഹം ചെയ്തത്. ഭർത്താവിനെ പതിവായി ജയിലിൽ സന്ദർശിച്ച് ക്രിമിനൽ പ്രവർത്തനത്തിന്റെ കാര്യങ്ങളും ടാർജറ്റുകളും സോയ നിശ്ചയിച്ചിരുന്നതായി പോലീസ് പറഞ്ഞു.



സോയയുടെ കുടുംബപശ്ചാത്തലവും കുറ്റകൃത്യവുമായി ബന്ധമുള്ളതാണ്. അവരുടെ അമ്മ കഴിഞ്ഞവർഷം സെക്സ് റാക്കറ്റ് കേസിൽ അറസ്റ്റിലായി ജയിലിൽ കഴിഞ്ഞിരുന്നു. ഇപ്പോൾ ജാമ്യത്തിലാണ്.

സോയയുടെ പിതാവ് മയക്കുമരുന്നു കേസിൽ അറസ്റ്റിലായിട്ടുണ്ട്. പ്രദേശത്തെ സ്വാധീനം കാരണം സോയയെ ബാബയുടെ സംഘത്തിലെ അഞ്ചോളം സായുധസംഘം അനുഗമിച്ചിരുന്നു.

ചെനു, ഹാഷിം ബാബ, നാസിർ പെഹൽവാൻ എന്നിവർ നേതൃത്വം നല്കുന്ന ഗുണ്ടാ സംഘങ്ങളുടെ വിഹാര കേന്ദ്രമാണ് വടക്കു കിഴക്കൻ ഡൽഹി.





# മിസ്സൂറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് പ്രയത്ന സന്ദർശിച്ചു



ചിക്കാഗോ: മിസ്സൂറി സിറ്റിയുടെ 12–ാമത് മേയറും മലയാളിയുമായ റോബിൻ ഇലക്കാട്ട് പ്രയത്ന സന്ദർശിച്ചു. പ്രയത്നയിലെ ജീവനക്കാരുമായി ഇന്ത്യയിലെയും അമേരിക്കയിലെയും സ്കൂളുകളിലെ വിദ്യാഭ്യാസ രീതികളെക്കുറിച്ചും സ്പെഷൽ എജ്യൂക്കേഷൻ യൂണിറ്റുകളെക്കുറിച്ചും ചർച്ച ചെയ്തു. പ്രയത്നയുടെ സ്ഥാപകൻ ഡോ. ജോസഫ് സണ്ണി അദ്ദേഹത്തെ സ്വീകരിച്ചു.

യുഎസ്സിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും പ്രത്യേക സ്പെഷ്യൽ എജ്യൂക്കേഷൻ യൂണിറ്റുകളുണ്ടെന്നും ഈ യൂണിറ്റുകൾക്ക് സംസ്ഥാന ഫെഡറൽ ഫണ്ടിംഗിലൂടെയാണ് പണം ലഭിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഈ സേവനങ്ങളുടെ 75 ശതമാനമോ അതിൽ കൂടുതലോ ഇൻഷുറൻസ് വഴി ലഭിക്കുമെന്നും അദ്ദേഹം വിശദീകരിച്ചു. ഭിന്നശേഷിയുള്ള വ്യക്തികൾക്കുള്ള പ്രത്യേക സൗകര്യങ്ങളെക്കുറിച്ചും സംഭാഷണത്തിൽ പരാമർശിച്ചു.

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള വികലാംഗ സൗഹൃദങ്ങളായ മാനദണ്ഡങ്ങളെക്കുറിച്ച് മേയർ റോബിൻ ഇലക്കാട്ട് വിവരിച്ചു. വീൽചെയർ റാമ്പുകൾ, ശരിയായ വീതിയിലുള്ള റാമ്പുകൾ, ലിഫ്റ്റുകൾ, കെട്ടിടങ്ങളുടെ മുൻവശത്ത് ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പാർക്കിംഗ് സ്ഥലങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഇത് ഉറപ്പാക്കുന്നു.

പൊതുസ്ഥലങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക എന്നതാണ് തങ്ങളുടെ പ്രതിബദ്ധതയെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. പ്രയത്ന എന്ന സ്ഥാപനം കുട്ടികൾക്കു മാത്രമല്ല അവരുടെ കുടുംബാംഗങ്ങളെയും രക്ഷിതാക്കളെയും കൂടി സേവിക്കുന്നുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു.

ഈ മേഖലയിലെ പ്രശംസനീയമായ സേവനങ്ങൾക്ക് അദ്ദേഹം പ്രയത്നയെ അഭിനന്ദിച്ചു.









# വേൾഡ് മലയാളി കൗൺസിൽ ദ്വിവത്സര സമ്മേളനത്തിന്റെ വാഷിങ്ടൺ കിക്കോഫ് ശ്രദ്ധേയമായി

ജെയിംസ് കൂടൽ

വാഷിംഗ്ടൺ: വേൾഡ് മലയാളി കൗൺസിൽ ദ്വിവത്സര സമ്മേളനത്തോട് അനുബന്ധിച്ച് വാഷിങ്ടണിൽ കിക്കോഫ് സംഘടിപ്പിച്ചു. സഹോദര മലയാളി സംഘടനകളുടെയും നേതാക്കളുടെയും സാന്നിധ്യം കൊണ്ട്



സമ്പന്നമായിരുന്നു. കോൺഫറൻസ് ചെയർമാൻ ഡോ. ബാബു സ്റ്റീഫൻ അധ്യക്ഷത വഹിച്ച യോഗത്തിൽ WMC ഗ്ലോബൽ പ്രസിഡണ്ട് തോമസ് മോട്ടക്കൽ, അമേരിക്ക റീജിയൻ ചുമതലയുള്ള ഗ്ലോബൽ വൈസ് പ്രസിഡണ്ട് ഡോ. തങ്കം അരവിന്ദ്, ഗ്ലോബൽ വൈസ് പ്രസിഡണ്ട് (അഡ്മിൻ) ജെയിംസ് കൂടൽ, ഫ്ളോറിഡ പ്രൊവിൻസ് പ്രസിഡണ്ട് ബ്ലെസ്സൺ മണ്ണിൽ തുടങ്ങിയ നേതാക്കൾ നേതൃത്വം നൽകി.

ഫോമ, ഫൊക്കാന തുടങ്ങിയ അമേരിക്കയിലെ പ്രമുഖ സംഘടനകളുടെ നേതാക്കളും പങ്കെടുത്തു. വാഷിങ്ടണിൽ ഉള്ള അഞ്ച് മലയാളി സംഘടനകൾക്ക് ബാബു സ്റ്റീഫൻ ഫൗണ്ടേഷൻ 20000 ഡോളർ സംഭാവന നൽകി. വേൾഡ് മലയാളി ഗ്ലോബൽ കോൺഫറൻസിന് അൻപതിനായിരം ഡോളർ നൽകുമെന്ന് ബാബു സ്റ്റീഫൻ അറിയിച്ചു.

WMC-യിൽ പുതിയ അംഗത്വം എടുക്കുന്നതിനും ബാങ്കോക്കിൽ ബൈനിയൽ കോൺഫറൻസിൽ പങ്കെടുക്കാനുള്ള രജിസ്ട്രേഷനും നിരവധി പേർ തുടക്കം കുറിച്ചു. ആറ് റീജിയനുകളിലായി ഹൂസ്റ്റൺ, ന്യൂജേഴ്സി, ലണ്ടൻ, ദുബായ്, തിരുവനന്തപുരം, കൊച്ചി തുടങ്ങിയ നഗരങ്ങളിൽ ഇത്തരം വിളംബര യോഗങ്ങൾ ഒരുക്കുമെന്ന് നേതാക്കൾ അറിയിച്ചു.

ജൂലായ് 25 മുതൽ മൂന്ന് ദിവസം ബാങ്കോക്കിൽ നടത്തുന്ന വേൾഡ് മലയാളി കൗൺസിലിന്റെ പതിനാലാമത് ദ്വിവത്സര സമ്മേളനത്തിന്റെ സംഘാടകസമിതി ചെയർമാൻ ഡോ. ബാബു സ്റ്റീഫൻ (യുഎസ്എ), അജോയ് കല്ലൻകുന്നിൽ (തായ്‌ലൻഡ്) ജനറൽ കൺവീനർ, സുരേന്ദ്രൻ കണ്ണാട്ട് (ഹൈദരാബാദ്) വൈസ് ചെയർമാൻ എന്നിവരുടെ നേതൃത്വത്തിൽ 101 അംഗ സംഘാടക സമിതി രൂപീകരിച്ചു.

അമേരിക്കയിലെ മലയാളി സംഘടനയായ ഫൊക്കാനയുടെ മുൻ പ്രസിഡണ്ട് ബാബു സ്റ്റീഫൻ ഇപ്പോൾ വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ബിസിനസ് ഫോറം ചെയർമാൻ ആയി പ്രവർത്തിക്കുകയാണ്.



1995-ൽ അമേരിക്കയിലെ ന്യൂജേഴ്സിയിൽ ടി.എൻ. ശേഷൻ, കെപിപി നമ്പ്യാർ, ഡോ. ബാബു പോൾ, ഡോ. ടി.ജി.എസ് സുദർശൻ തുടങ്ങിയ പ്രഗത്ഭമതികൾ ആരംഭിച്ച പ്രവാസി മലയാളികളുടെ ഈ ആഗോളപ്രസ്ഥാനം ഇന്ന് അമ്പതിലേറെ രാജ്യങ്ങളിൽ ശാഖകൾ ഉള്ള ഏറ്റവും വലിയ ആഗോള മലയാളി പ്രസ്ഥാനമായി മാറി. വേൾഡ് മലയാളി കൗൺസിൽ ചെയർപേഴ്സൺ തങ്കമണി ദിവാകരൻ, പ്രസിഡണ്ട് തോമസ് മോട്ടക്കൽ, സെക്രട്ടറി ജനറൽ ദിനേശ് നായർ, ട്രഷറർ ഷാജി എം. മാത്യു, അഡ്മിൻ വൈസ് പ്രസിഡണ്ട് ജെയിംസ് കൂടൽ (യുഎസ്എ), സെക്രട്ടറിമാരായ സണ്ണി വെളിയത്ത്, കെ. വിജയചന്ദ്രൻ, ഡോ. തങ്കം അരവിന്ദ്, ഡോ. ഷിബു സാമുവേൽ, ബ്ലെസ്സൻ മണ്ണിൽ, ഗീത രമേശ് ന്യൂഡൽഹി, കിരൺ ജെയിംസ് ആസ്‌ട്രേലിയ, നജീബ് ആർക്കേഡിയ ലണ്ടൻ, സുജിത്ത് ശ്രീനിവാസൻ തൃശൂർ, റോബിൻ ജോസ്, രാജീവ് നായർ, ഷാഹുൽ ഹമീദ്, ജോഷി പന്നാറാക്കുന്നിൽ, സലീന മോഹൻ, രാജേഷ് പി. രാജൻ, രാമചന്ദ്രൻ പേരാമ്പ്ര, ജോൺ സാമുവേൽ അബുദാബി, സജിത്ത് ഗിരിജൻ എന്നിവർ വിവിധ കോൺഫറൻസ് കമ്മിറ്റികൾക്ക് നേതൃത്വം നൽകും.



ഡോ. ബാബു സ്റ്റീഫൻ

മുപ്പതാം വർഷത്തേക്ക് കടക്കുന്ന സംഘടനയുടെ ആഗോള സമ്മേളനം വിപുലമായ രീതിയിൽ നടത്താനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജനപ്രതിനിധികളും സാമൂഹ്യ സാംസ്കാരിക നേതാക്കളും കോൺഫറൻസിൽ പങ്കെടുക്കും.

കോൺഫറൻസിന്റെ അവതരണ ഗാനം ഒരുക്കുന്നത് പ്രസിദ്ധ കവി മുരുകൻ കാട്ടാക്കടയാണ്. കോൺഫറൻസിന്റെ വിജയത്തിന് വേണ്ടി കൺവൻഷൻ ചെയർമാൻ ബാബു സ്റ്റീഫന്റെയും ഗ്ലോബൽ പ്രസിഡണ്ട് തോമസ് മൊട്ടക്കലിന്റെയും നേതൃത്വത്തിൽ സംഘാടക സമിതി വിവിധ രാജ്യങ്ങളിലെ പ്രോവിൻസുകളിൽ വിളംബര സമ്മേളനങ്ങൾ സംഘടിപ്പിക്കും.

## ഫോമാ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് ഡോ. മഞ്ജു പിള്ള മത്സരിക്കുന്നു

അരിസോണ: ഫോമായുടെ 2026-2028 കാലയളവിലേക്കുള്ള ഭരണ സമിതിയിലെ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്നതിനായി അരിസോണയിലെ പ്രശസ്ത ഡോക്ടറും സാമൂഹ്യ പ്രവർത്തകയും കലാകാരിയും ആയ ഡോക്ടർ മഞ്ജു പിള്ളയെ അരിസോണ മലയാളി അസോസിയേഷൻ ബോർഡ് നാമനിർദേശം ചെയ്തു. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി അരിസോണ മലയാളി സമൂഹത്തിലെ നിറസാന്നിധ്യമാണ് ഡോക്ടർ മഞ്ജു. ഇപ്പോഴത്തെ ഫോമാ വിമൻസ് ഫോറത്തിന്റെ നാഷണൽ ജോയിന്റ് ട്രഷറർ ആയി സ്തുത്യർഹമായ സേവനമാണ് മഞ്ജു നടത്തിക്കൊണ്ടിരിക്കുന്നത്. ഏല്പിച്ച ഏതു കാര്യവും ദീർഘവീക്ഷണത്തോടെയും നിറഞ്ഞ ഉത്തരവാദിത്തത്തോടെയും പൂർത്തീകരിക്കുവാനുള്ള മഞ്ജുവിന്റെ കഴിവ് എടുത്തു പറയേണ്ടതാണ്. അരിസോണ മലയാളി അസോസിയേഷന്റെ നിരവധി നേതൃപദവികൾ വഹിച്ചിട്ടുള്ള മഞ്ജു ഇപ്പോൾ അഡ്വൈസറി കൗൺസിൽ മെമ്പർ ആയി സേവനം അനുഷ്ഠിക്കുന്നു. അതോടൊപ്പം AKMG (Association of Kerala Medical Graduates), KHNA (Kerala Hindus of North America) എന്നിവയുടെ പ്രവർത്തനങ്ങളിൽ മഞ്ജു വളരെ സജീവമാണ്.


കോവിഡ് മഹാമാരിയുടെ സമയത്ത് നാഷണൽ ഹെൽപ്ലൈനിന്റെയും ഫോമാ വെസ്റ്റേൺ റീജിയണിന്റെയും അരിസോണ മലയാളി അസോസിയേഷന്റെയും മെഡിക്കൽ ഫോറം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിൽ മഞ്ജു ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കോവിഡ് സമയത്ത് ഒറ്റപ്പെട്ടു പോയ പ്രായമായ നിരവധി അച്ഛനമ്മമാർക്കും കുടുംബങ്ങൾക്കും മഞ്ജുവിന്റെ നിസ്വാർത്ഥ സേവനം ഒരു കൈത്താങ്ങായിരുന്നു. സ്വന്തം ആരോഗ്യം പോലും വകവെക്കാതെ നിരവധി മണിക്കൂറുകൾ മലയാളി സമൂഹത്തിനായി ഉഴിഞ്ഞുവെച്ചു. അതോടൊപ്പം, ഒരു സർട്ടിഫൈഡ് സൂംബ ട്രെയിനർ ആയ മഞ്ജു, സ്ത്രീകളുടെ മാനസികവും ശാരീരികവുമായ ഉണർവിനു വേണ്ടി നിരവധി വിർച്വൽ സൂംബ ക്ലാസുകൾ നടത്തി. കൃഷി കാര്യങ്ങളിൽ അതീവ തല്പരയായ മഞ്ജു അരിസോണ മലയാളി അസോസിയേഷൻ സംഘടിപ്പിച്ച കൃഷിപാഠം പരിപാടിയുടെ ഒരു പ്രധാന സംഘാടക ആയിരുന്നു. ആരോഗ്യസംരക്ഷണത്തെയും പരിപാലനത്തെയും ആധാരമാക്കി നിരവധി ക്ലാസുകൾ മഞ്ജു സംഘടിപ്പിച്ചിട്ടുണ്ട്. ഒരു മികച്ച നർത്തകിയും അഭിനേത്രിയുമായ ഡോക്ടർ മഞ്ജു നിരവധി സ്റ്റേജ് പ്രോഗ്രാമുകൾ നൂതനമായ ആശയങ്ങളിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്വദേശിനിയായ മഞ്ജുവിന്റെ ഭർത്താവ് മഹേഷ് ഇന്റെലിൽ എഞ്ചിനീയറിംഗ് മാനേജർ ആയി ജോലി ചെയ്യുന്നു. മൂത്ത മകൾ വൈഷ്ണവിയും ഇളയ മകൾ ജാഹ്നവിയും കോളജ് വിദ്യാർത്ഥിനികൾ ആണ്.



ജാതി, മത, ഭാഷാ ചിന്തകൾക്കതീതമായി ഏവരെയും ഒരുമിപ്പിച്ച് കൊണ്ടുപോകാനുള്ള മഞ്ജുവിന്റെ നേതൃപാടവം അമേരിക്കൻ മലയാളി സമൂഹത്തിന് ഒരു മുതൽക്കൂട്ടായിരിക്കും. കർമ്മ മണ്ഡലത്തിലെല്ലാം കഴിവ് തെളിയിച്ച ഡോക്ടർ മഞ്ജുവിനെ പിന്തുണക്കാൻ ഫോമയിലെ എല്ലാ മലയാളി സംഘടനകളോടും അരിസോണ മലയാളി അസോസിയേഷൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

## ജീവൻ

നിന്നിലെ ജീവൻ വിടപറയുംനേരം
മടിയിൽ കിടത്തി തലോടി ഞാൻ നിന്നെ
കെട്ടിയതാലി എൻ മാറിൽ അണിഞ്ഞപ്പോൾ
മനസ്സിലെ വേദനകൾ മാറിത്തുടങ്ങി
എന്തൊരു ജീവിതം ക്രിസ്തീയ ജീവിതം
എത്രയോ പെട്ടെന്നു പോയിമറഞ്ഞു
പേരകിടാങ്ങൾ വന്നുകഴിഞ്ഞാൽ
മുത്തമ്മ ഇല്ലാത്ത ദുഃഖം അവർക്കുള്ളിൽ
കിഴക്ക് ഉദിക്കുന്ന സൂര്യൻ
പടിഞ്ഞാറ് അന്തിയുറങ്ങുംപോലെ
ഈ ലോകജീവിതം വിട്ടുപിരിഞ്ഞു
പരലോകജീവിതം തുടങ്ങിയല്ലോ നീ
നീ ഉറങ്ങും പൂക്കാവനത്തിൽ ഉള്ളിൽ
ഞാൻ വന്നുനിൽക്കും നിൻ പാദത്തിൻ അരികെ
പുഞ്ചിരിച്ച നിൻമുഖം എൻ മനസ്സിനുള്ളിൽ
ഓർക്കും ഞാൻ നമ്മുടെ ജീവിതകാലം.



ജെയിംസ് ചെട്ടിയാത്ത്

# ഓർമ ഇന്റർനാഷണലിന് പുതിയ ഗ്ലോബൽ വൈസ് പ്രസിഡണ്ടുമാർ

**ജോസ് തോമസ്**

ഫിലാഡൽഫിയ: രണ്ടായിരത്തി ഒൻപതിൽ ഫിലാഡൽഫിയയിൽ തുടക്കം കുറിച്ച് ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നു പന്തലിച്ചിരിക്കുന്ന ഓർമ ഇന്റർനാഷണലിന് പുതിയ ഗ്ലോബൽ വൈസ് പ്രസിഡണ്ടുമാർ.

സി.എ. അനു എവിലിൻ (അബുദാബി), ജോർജ് ഫിലിപ്പ് (ന്യൂസിലൻഡ്), ടോജു അഗസ്റ്റിൻ (ഓസ്ട്രേലിയ), മനോജ് വട്ടക്കാട്ട് (കാനഡ), അറ്റോർണി ജേക്കബ് കല്ലൂരാൻ (അമേരിക്ക), നവീൻ ഷാജി (ദുബായ്), ജെയിംസ് കരീക്കക്കുന്നേൽ (സൗദി അറേബ്യ). ബേബി മാത്യു (തായ്‌ലൻഡ്), സഞ്ജു സാംസൺ (സിംഗപ്പൂർ), ചെസ്സിൽ ചെറിയാൻ (കുവൈറ്റ്), മാത്യു അലക്സാണ്ടർ (യുകെ), കെ.ജെ. ജോസഫ് (ഇന്ത്യ) എന്നിവരാണ് ഗ്ലോബൽ വൈസ് പ്രസിഡണ്ടുമാർ.

പുതിയ വൈസ് പ്രസിഡണ്ടുമാരെ ഓർമ ഇന്റർനാഷണൽ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ, സെക്രട്ടറി ക്രിസ്റ്റി ഏബ്രഹാം, ട്രഷറർ റോഷിൻ പ്ലാമൂട്ടിൽ, ട്രസ്റ്റി ബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം, ജോസ് തോമസ് (ടാലന്റ് ഫോറം), വിൻസന്റ് ഇമ്മാനുവേൽ (പബ്ലിക് അഫയേഴ്സ്), ജോസ് കുന്നേൽ (ലീഗൽ സെൽ), അരുൺ കോവാട്ട് (മീഡിയ സെൽ), ജോർജ് നടവയൽ (മുൻ പ്രസിഡണ്ട്), ഷാജി ആറ്റുപുറം (ഫിനാൻസ് ഓഫീസർ) എന്നിവർ അഭിനന്ദിച്ചു സംസാരിച്ചു.


വിദേശ മലയാളികൾക്ക് സാംസ്കാരിക വേദികൾ ഒരുക്കിക്കൊണ്ടും അവരുടെ സാമൂഹിക പ്രശ്നങ്ങളിൽ ശക്തമായി ഇടപെട്ടുകൊണ്ടും കുടുംബമൂല്യങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ട് അവരെ ഒരു കുടക്കീഴിൽ അണിനിരത്തുകയാണ് ഓവർസീസ് റസിഡന്റ് മലയാളി അസോസിയേഷൻ അഥവാ ഓർമ ചെയ്യുന്നത്. ഓർമ അന്താരാഷ്ട്ര പ്രസംഗ മത്സരത്തിലൂടെ ലോകമെമ്പാടുമുള്ള മലയാളികളുടെ മനസ്സിൽ കുടിയേറിയ ഒരു മലയാളി സംഘടനയാണ് ഓർമ ഇന്റർനാഷണൽ. പത്തുലക്ഷം രൂപയുടെ സമ്മാനങ്ങളോടൊപ്പം പല ഘട്ടങ്ങളിലായി പബ്ലിക് സ്പീക്കിങ് പരിശീലന പരമ്പര നല്കിക്കൊണ്ട് പ്രസംഗമത്സരം നടത്തുന്ന ആദ്യത്തെ സംഘടനയെന്ന ബഹുമതിയും ഓർമ്മയ്ക്ക് മാത്രം അവകാശപ്പെടാവുന്നതാണ്.

ഒന്നാം സീസണിൽ 428 പേരും രണ്ടാം സീസണിൽ 1467 പേരും പങ്കെടുത്തു. മൂന്നു ഘട്ടങ്ങളിലായി നടക്കുന്ന മത്സരങ്ങളുടെ വിജയികൾക്കായി മൂന്നാം സീസണിലും പത്തുലക്ഷം രൂപയുടെ ക്യാഷ് അവാർഡുകളാണ് കാത്തിരിക്കുന്നത്. 2025 ജനുവരി 26 മുതൽ ഓഗസ്റ്റ് 9 വരെ മൂന്ന് ഘട്ടങ്ങളായാണ് മത്സരം നടക്കുന്നത്. ഓഗസ്റ്റ് 8, 9 തീയതികളിൽ പാലായിൽ വെച്ച് ഗ്രാൻഡ് ഫിനാലെ നടത്തപ്പെടും. ഒന്നാം റൗണ്ടിൽ തെരഞ്ഞെടുക്കപ്പെടുന്ന മുഴുവൻ മത്സരാർത്ഥികൾക്കും പ്രസംഗ പരിശീലനം നല്കിയതിനുശേഷം മത്സരത്തിനു തയ്യാറാക്കുന്ന മറ്റൊരു സംഘടന ഇല്ലെന്നുതന്നെ പറയാം. വിജയികൾക്ക് സിവിൽ സർവീസ് പരിശീലനം ലഭിക്കുന്നതിനായുള്ള സ്കോളർഷിപ്പും ഓർമ്മയുടെ സംഘാടകർ ഇന്ത്യയിലെ തന്നെ പ്രശസ്തമായ വേദിക് സിവിൽ സർവീസ് ട്രെയിനിങ് അക്കാദമി വഴി ഒരുക്കി നല്കുന്നു. ജനുവരി 26 മുതൽ മാർച്ച് 26 വരെ നീണ്ടുനില്ക്കുന്ന ആദ്യഘട്ട മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന ജൂണിയർ-സീനിയർ കാറ്റഗറികളിലെ ഇംഗ്ലീഷ്-മലയാളം വിഭാഗം വിദ്യാർത്ഥികളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെടുന്ന 25 വീതം വിദ്യാർത്ഥികൾക്ക് രണ്ടാംഘട്ട മത്സരത്തിൽ പങ്കെടുക്കാം.

മത്സരവും പരിശീലനപരിപാടികളും തികച്ചും സൗജന്യമാണ്. കഴിഞ്ഞ സീസണുകളിൽ ചെയ്തിരുന്നതുപോലെ ഗൂഗിൾ രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് അയയ്ക്കുകയാണ് മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള ആദ്യപടി. രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ തന്നെ സീനിയർ, ജൂണിയർ, ഇംഗ്ലീഷ്, മലയാളം മത്സരാർത്ഥികൾ ലോകസമാധാനം (World peace) എന്ന വിഷയത്തെക്കുറിച്ച് മൂന്നു മിനിറ്റിൽ കവിയാത്ത പ്രസംഗത്തിന്റെ വീഡിയോ ഗൂഗിൾ ഫോമിലൂടെ അപ്‌ലോഡ് ചെയ്യണം. ഗൂഗിൾ ഫോമിൽ വീഡിയോ അപ്‌ലോഡ് ചെയ്യാൻ സാധിക്കാത്തപക്ഷം ormaspeech@gmail.com എന്ന ഇ-മെയിലിൽ അയച്ചു നല്കാവുന്നതാണ്. വീഡിയോയുടെ തുടക്കത്തിൽ തന്നെ മത്സരാർത്ഥി പേര് കൃത്യമായി പറയണം, കൂടുതൽ വിവരങ്ങൾക്ക് www.ormaspeech.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




# ന്യൂസിലാന്റിലെ ജസ്റ്റിസ് ഓഫ് പീസ് ആയി ജോബി സിറിയക് എറികാട്ട് നിയമിതനായി




**ബിജോമോൻ ചേന്നാത്ത്**

ഓക്‌ലാൻഡ്: ന്യൂസിലാന്റ് മലയാളി സമൂഹത്തിന് അഭിമാനമായി മാറിയിരിക്കുകയാണ് ജസ്റ്റിസ് ഓഫ് പീസ് ആയി നിയമിതനായ ജോബി സിറിയക്.

സാമൂഹ്യ നീതിയെ ഉയർത്തിപ്പിടിച്ചുകൊണ്ട് പൊതുസേവനത്തോടുള്ള അദ്ദേഹത്തിന്റെ അർപ്പണബോധത്തിന്റെയും പ്രതിബദ്ധതയുടെയും അംഗീകാരമാണ് ഈ നിയമനം.

ഓക്‌ലാന്റിലെ കലാ-കായിക-സാംസ്കാരിക രംഗത്ത് നിറസാന്നിധ്യമായ ജോബി കിവി ഇന്ത്യൻ തിയേറ്റേഴ്സിലെ പ്രധാന നടൻ, റിഥം 345-ലെ ചെണ്ടക്കാരൻ, കേരളാ വാരിയേഴ്സ് ക്രിക്കറ്റ് ടീമിന്റെ ഉടമ, തെക്കൻസ് വടംവലി ടീമിന്റെ കോച്ച്, ഓക്‌ലാൻഡ് മലയാളി സമാജം കമ്മിറ്റി അംഗം, ക്നാനായ കാത്തോലിക് അസോസിയേഷൻ ഓഫ് ന്യൂസിലാന്റ് പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ക്നാനായ കാത്തലിക് കോൺഗ്രസ് ഓഷ്യനിയ എക്സിക്യൂട്ടീവ് കമ്മിറ്റി, സീറോ മലബാർ പാരിഷ് കൺസ്ട്രക്ഷൻ കമ്മിറ്റി കൺവീനർ, ദിലീപ് ഷോയുടെ മുഖ്യ സംഘാടകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

വിവിധ ജുഡീഷ്യൽ അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങളിൽ പങ്കാളി ആകുന്നതിനോടൊപ്പം, രേഖകൾ സാക്ഷ്യപ്പെടുത്താനുള്ള അധികാരവുമാണ് ഈ സ്ഥാനലബ്ധിയിലൂടെ ലഭ്യമാകുന്നത്.

മലയാളികളുടെ ഭാവി തലമുറക്ക് പൗരധർമ്മത്തിലും പൊതുപ്രവർത്തനത്തിലും വളർന്നുവരുന്നതിന് പ്രചോദനമായി മാറട്ടെ ജോബി സിറിയക് കൈവരിച്ച ഈ നേട്ടം.

ഈ സ്ഥാനത്ത് എത്തുന്ന ആദ്യ ക്നാനായക്കാരനായ ഇദ്ദേഹം വെളിയന്നൂർ എറികാട്ട് കുടുംബാംഗം ആണ്.






കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിമൂന്നാം വർഷം 1992-2025









## വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

# സിൽവർ ജൂബിലി ആഘോഷിക്കുന്ന കെ. എച്ച്. എൻ.എയുടെ വനിതാ സാരഥി ഡോ. നിഷ പിള്ള

### "അവർ ഭൂമിയിലെ ദൈവങ്ങൾ ആണ്. ജീവിതം മനസ്സുകൊണ്ട് തുന്നിക്കൂട്ടുന്നവരാണ് അറ്റുപോയ പ്രതീക്ഷകളിൽ മരുന്ന് കെട്ടിവെയ്ക്കുന്നവരാണ് "



അറിവും ആരോഗ്യവും ചേർത്ത് ഒരു സമൂഹത്തെ ഉയർത്താൻ കഴിയുന്നവരാണ് അദ്ധ്യാപകരും ഡോക്ടർമാരും. അവരില്ലെങ്കിൽ ഈ ഭൂമി ഇത്രമേൽ മനോഹരമാകില്ല, അവരില്ലെങ്കിൽ ഇവിടെ ഈ സന്തുലനാവസ്ഥയും സൗഹൃദങ്ങളും ഒന്നും നിലനിൽക്കില്ല. അത്തരത്തിൽ ഒരുപാട് പേരുടെ നിലനിൽപ്പിന് കാരണക്കാരിയായ ഒരാളെ കുറിച്ചാണ് പറഞ്ഞുവരുന്നത്. ഡോ. നിഷ പിള്ള.

അവനവന് വേണ്ടി മാത്രം എന്ന ചിന്തയിൽ ഒതുങ്ങി നിൽക്കാതെ മറ്റുള്ളവർക്ക് വേണ്ടി കൂടി ജീവിക്കാൻ ഇറങ്ങിപ്പുറപ്പെട്ട ഒരാൾ. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ അവർ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങളും ചെറുതല്ല. അധ്യാപന രംഗത്തും, ആരോഗ്യ രംഗത്തും, സംഘടനാരംഗത്തും, സാമൂഹ്യസേവന രംഗത്തും ആത്മാർത്ഥതയോടെ സേവനം ചെയ്യുന്ന അമേരിക്കൻ മലയാളികളിൽ ശ്രദ്ധേയയാണ് ഡോ. നിഷ പിള്ള. തിരക്കേറിയ ഹൃദ്രോഗ വിദഗ്ദ്ധയായി സേവനം അനുഷ്ഠിച്ച ശേഷം അസോസിയേറ്റ് പ്രൊഫസറായി ഇപ്പോൾ ജോലി നോക്കുന്ന ഡോ. നിഷ പിള്ള, അമേരിക്കയിലെ മലയാളി സമൂഹത്തിൽ ശ്രദ്ധേയമായ പങ്ക് വഹിക്കുന്ന ഒരു സാമൂഹിക പ്രവർത്തക കൂടിയാണ്. അതിലുപരി സിൽവർ ജൂബിലി ആഘോഷിക്കുന്ന കേരളാ ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ ഇപ്പോഴത്തെ പ്രസിഡന്റുമാണ്.

ഒരു കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ കെ.എച്ച്.എൻ.എയുടെ കേരളാ കൺവൻഷനിൽ വെച്ച് വിതരണം ചെയ്തതിന്റെയും, കേരളാ കൺവൻഷൻ ചിട്ടയോടെയും ഭംഗിയോടെയും നടത്തിയതിന്റെയും സന്തോഷത്തിലാണ് ഡോ. നിഷ പിള്ള.

ആരോഗ്യരംഗത്ത് കരസ്ഥമാക്കിയ 'വിമൻ ഇൻ കാർഡിയോളജി അവാർഡ്', 'പേഷ്യന്റ്സ് ചോയ്സ് അവാർഡ്', 'കംപാഷനേറ്റ് ഫിസിഷ്യൻ റെകഗ്നിഷൻ', 'ട്രൈസ്റ്റേറ്റ് എക്സലൻസ് അവാർഡ്' എന്നിവ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ അവരുടെ കഴിവിനുള്ള അംഗീകാരമാണ്. ഒരു ഡോക്ടർ, അധ്യാപിക, സാമൂഹിക പ്രവർത്തക എന്ന നിലയിൽ താൻ അർപ്പിച്ച ജീവിതത്തെക്കുറിച്ച് അവർ ഓർക്കുമ്പോൾ അതിൽ നിറയെ മനുഷ്യരുടെ വേദനകൾ തുടച്ചെടുത്തതിന്റെ പാടുകൾ ഉണ്ട്.

### കേരളത്തിലെ ബാല്യവും വിദ്യാഭ്യാസവും

കോട്ടയം ജില്ലയിലെ ചങ്ങനാശേരി ആണ് ഡോ. നിഷ പിള്ളയുടെ ജന്മസ്ഥലം. അച്ഛൻ രാജശേഖരൻ നായർ ഒരു അദ്ധ്യാപകനും സാമൂഹിക പ്രവർത്തകനുമായിരുന്നു. അതുകൊണ്ടുതന്നെ അറിവിന്റെ പ്രാധാന്യവും, സമൂഹത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കേണ്ടതിന്റെ നിർബന്ധവുമാണ് ബാല്യത്തിൽ തന്നെ നിഷ മനസ്സിലാക്കിയത്. അച്ഛൻ പഠനത്തിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ നിഷയെ സഹായിച്ചത് കൊണ്ടുതന്നെ വിദ്യാഭ്യാസം വളരെ മികച്ച രീതിയിൽ തന്നെ അവർക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞു. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ഏറ്റവും വലിയ ആയുധവും ഏറ്റവും വലിയ സമ്പത്തും അവന്റെ വിദ്യാഭ്യാസമാണ് എന്ന തിരിച്ചറിവ് ചെറുപ്പം മുതൽ നിഷയ്ക്ക് അവരുടെ വീട്ടിൽനിന്ന് തന്നെ ലഭിച്ചു എന്നതാണ് ഏറ്റവും വലിയ സുകൃതം.

അച്ഛന്റെ ആഗ്രഹപ്രകാരം മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതിയ ശേഷം കോട്ടയം മെഡിക്കൽ കോളജിൽ എം.ബി.ബി.എസ്. പഠനം ആരംഭിച്ച നിഷ, വിദ്യാർത്ഥിയായിരുന്ന സമയത്തുതന്നെ വനിതാ മാഗസിൻ എഡിറ്ററായും, ക്ലാസ് റെപ്രസന്റേറ്റീവായും, യൂണിയൻ വൈസ് ചെയർപേഴ്സണായും പ്രവർത്തിച്ചിരുന്നു. ഈ അനുഭവങ്ങൾ അവർക്ക് മികച്ച നേതൃത്വം കൈകാര്യം ചെയ്യാനുള്ള കഴിവ് നൽകുകയും, സമൂഹവുമായുള്ള ഇടപെടലുകൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിക്കുകയും ചെയ്തു. ഒരു മനുഷ്യനെ ഏറ്റവും അധികം പാഠങ്ങൾ പഠിപ്പിക്കുന്നത് അവന്റെ വിദ്യാഭ്യാസ കാലഘട്ടമാണ്. അവിടെവെച്ച് തന്നെയാണ് നിഷ സമൂഹത്തെക്കുറിച്ചും അതിന് തന്നെക്കൊണ്ടുള്ള ആവശ്യത്തെ കുറിച്ചും കൃത്യമായി മനസ്സിലാക്കിയതും അതറിഞ്ഞ് പ്രവർത്തിച്ചതും.

പഠനത്തിൽ മികവു പുലർത്തിയ നിഷ എം.ഡി. ചെയ്യാൻ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചേർന്നു. എന്നാൽ വിവാഹശേഷം ഭർത്താവിന്റെ തൊഴിൽ ആവശ്യങ്ങൾക്കനുസരിച്ച് അമേരിക്കയിലേക്ക് കുടിയേറേണ്ടി വന്നു. ഒരുപക്ഷേ, കോഴിക്കോട്ടെ പഠനം പൂർത്തീകരിച്ചിരുന്നെങ്കിൽ മറ്റൊരു ദിശയിലേക്ക് ആയിരുന്നു നിഷയുടെ ജീവിതം വഴിമാറി പോകുക. എന്നാൽ അതിനുമപ്പുറത്തേക്ക് വളർന്നു പന്തലിക്കാനും നിറയെ ആളുകൾക്ക് സഹായവും സാന്ത്വനവും ആകാനും നിഷയുടെ ഈ ഗതി മാറിയുള്ള ഒഴുക്ക് സഹായിച്ചു.

### അമേരിക്കയിലെ മെഡിക്കൽ കരിയറും, ഹൃദ്രോഗ വിദഗ്ദ്ധയെന്ന നിലയിലുള്ള വളർച്ചയും

അമേരിക്കയിൽ എത്തിയ ഡോ. നിഷ പിള്ള, ആദ്യമായി യൂണിവേഴ്സിറ്റി ഓഫ് സാൻ ഫ്രാൻസിസ്കോയിൽ പോസ്റ്റ് ഗ്രാജുവേറ്റ് റിസേർച്ച് പ്രവർത്തനങ്ങളിൽ ചേർന്നു. അതിന് ശേഷം വെയ്ൽ കോർണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് കാർഡിയോളജി ഫെലോഷിപ്പ് നേടി. ഈ മേഖലയിൽ അവർ നേടിയ കഴിവ് അമേരിക്കൻ കാർഡിയോളജി മേഖലയിൽ ശ്രദ്ധേയമായ നിരവധി പുരസ്കാരങ്ങൾ നേടാൻ അവരെ സഹായിച്ചു. സങ്കീർണ്ണമായ ഹൃദ്രോഗ ചികിത്സയിൽ അനുഭവസമ്പന്നയായ ഡോ. നിഷ പിള്ള ഇന്ന് അമേരിക്കയിലെ തന്നെ ഏറ്റവും പ്രഗത്ഭരായ ഹൃദ്രോഗ വിദഗ്ധരുടെ പട്ടികയിൽ സ്ഥാനമുറപ്പിച്ച ആരോഗ്യ പ്രവർത്തകയാണ്. ആരോഗ്യ രംഗത്തുള്ള നിരവധി മേഖലകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനും അവിടെയെല്ലാം മികച്ച അറിവ് നേടാനും അതനുസരിച്ച് പ്രവർത്തിക്കാനും ഡോ. നിഷ പിള്ളയ്ക്ക് കഴിഞ്ഞു എന്നതാണ് ഏറ്റവും വലിയ വസ്തുത.

'ഹൃദയാരോഗ്യ സംരക്ഷണം ഇരുപതാം വയസ്സിൽ തന്നെ ആരംഭിക്കണം' എന്നതാണ് ഡോ. നിഷ പിള്ളയുടെ ഉറച്ച നിലപാട്. മലയാളികൾക്കിടയിൽ ഹൃദ്രോഗം കൂടുതലായി കാണപ്പെടുന്നു എന്ന വസ്തുത അവരെ ഏറെ ആശങ്കപ്പെടുത്തുന്ന കാര്യമാണ്. പഴയകാലങ്ങളിൽ ലളിതമായ ഭക്ഷണ രീതിയും വ്യാപാരസാന്ദ്രതയുള്ള ജീവിത ശൈലിയും മലയാളികളെ രോഗങ്ങളിൽനിന്ന് രക്ഷിച്ചു. എന്നാൽ, പാശ്ചാത്യ ഭക്ഷണരീതികൾ, അമിതാഹാരം, പുകവലി എന്നിവ ആരോഗ്യ പ്രശ്നങ്ങൾ ഇപ്പോൾ വർദ്ധിപ്പിച്ചിരിക്കുകയാണ് എന്ന് മറ്റെല്ലാ നിരീക്ഷകരെയും പോലെ ഡോ. നിഷ പിള്ളയും ഉറപ്പിച്ചു പറയുന്നു.

### അധ്യാപനത്തിലേക്കുള്ള കൂടുമാറ്റം

അമേരിക്കയിലെ അറിയപ്പെടുന്ന ഹൃദ്രോഗ വിദഗ്ധയായി പ്രാക്ടീസ് തുടരുന്ന സമയത്താണ് നിഷയുടെ മകൾ ഇന്ത്യയിൽ എം.ബി.ബി.എസ്. പഠനത്തിനായി ചേർന്നത്. അമ്മയെ പോലെ കേരളത്തിന്റെ പച്ചപ്പിൽ മകളുടെ ആരോഗ്യ പഠനം. ആ സമയത്ത് മകളെ ഒപ്പം നിന്ന് പിന്തുണയ്ക്കാനായി നിഷ ആറുമാസത്തോളം കേരളത്തിൽ വന്നു. തുടർന്ന് അമേരിക്കയിലെത്തിയ ശേഷം അധ്യാപനത്തിലേക്കുള്ള ഒരു കൂടു മാറ്റം നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് മെഡിക്കൽ പ്രാക്റ്റീസ് താൽക്കാലികമായി നിർത്തിയ നിഷ അധ്യാപന രംഗത്തേക്ക് പ്രവേശിച്ചു. ഇത്രയും വർഷത്തെ രോഗശുശ്രൂഷ അനുഭവം പുതിയ തലമുറയിലെ ഡോക്ടർമാർക്ക് പകർന്നുകൊടുക്കുന്നതിനൊപ്പം ഏറ്റവും മികച്ച അധ്യാപികയായി ആരോഗ്യരംഗത്ത് മാറുവാനും സാധിച്ചത് വലിയ പുണ്യമായി ഡോ. നിഷ പിള്ള കരുതുന്നു.

### സാമൂഹ്യപ്രവർത്തനവും കെ.എച്ച്.എൻ.എയുടെ നേതൃത്വത്തിലേക്കുള്ള പ്രവേശനവും

അമേരിക്കയിലെ ആദ്യകാല ജീവിതത്തിൽ പഠനം, കുടുംബം, മകളുടെ സംരക്ഷണം എന്നിവ കൊണ്ട് സാമൂഹിക ഇടപെടലുകളിൽ നിന്ന് അകലം പാലിച്ചിരുന്ന ഡോ. നിഷ പിള്ള, പിന്നീട് വേൾഡ് മലയാളി കൗൺസിൽ, വിമൻസ് ഫോറം, അമേരിക്കൻ കേരള മെഡിക്കൽ ഗ്രാജുവേറ്റ്സ് (AKMG) തുടങ്ങിയ സംഘടനകളിലൂടെ സജീവമായി. ചെറുപ്പകാലം മുതൽ ഉണ്ടായിരുന്ന സംഘടനാ പാടവം പൊടിതട്ടിയെടുത്തു. മികച്ച പ്രഭാഷക എന്ന നിലയിൽ ശ്രദ്ധേയയായി. കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ) യിൽ വിമൻസ് ഫോറം ചെയർ, ഇന്റർനാഷണൽ കോ-ഓർഡിനേറ്റർ, പ്രൊഫഷണൽ ഫോറം ചെയർ എന്നീ നിലകളിൽ സജീവമായി. ഇപ്പോൾ സിൽവർ ജൂബിലി വർഷത്തിൽ കെ.എച്ച്. എൻ.എയുടെ പ്രസിഡന്റായി മാറുകയും ചെയ്തു. ആഗോളതലത്തിൽ ഹിന്ദു സമൂഹത്തിനുള്ള ഏറ്റവും പ്രബലമായ സംഘടനയുടെ വനിതാ നേതൃത്വം കൂടിയാണ് ഡോ. നിഷ പിള്ള.

യുവജനങ്ങളെ ഈ സംഘടനയിലേക്കും സാമൂഹിക പ്രവർത്തനങ്ങളിലേക്കും ആകർഷിക്കുക, മലയാള ഭാഷാ പഠനത്തിനുള്ള ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുക, അമേരിക്കൻ മലയാളി സമൂഹത്തിന് വേണ്ടി കൂടുതൽ സാമൂഹിക സേവന പദ്ധതികൾ നടപ്പിലാക്കുക, കെ.എച്ച്.എൻ.എയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതു മുതൽ ഈ പദ്ധതികൾക്കെല്ലാം കൃത്യമായ ഒരു തുടക്കമിടു


















കയും ചെയ്തു എന്നതാണ് സത്യം. ഒരു അധ്യാപികയും, ആരോഗ്യരംഗത്ത് വളരെയധികം പരിചയസമ്പത്തുള്ള വ്യക്തിക്ക് ഒരു സമൂഹത്തെ നയിക്കാൻ ആകും എന്ന വിശ്വാസവും ഡോ. നിഷ പിള്ളയുടെ ഓരോ ചലനത്തിലുമുണ്ട്.

## കെ.എച്ച്.എൻ.എ കേരളാ കോൺക്ലേവും ഒരുകോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളും

ഡോ. നിഷ പിള്ളയുടെ നേതൃത്വത്തിൽ കെ.എച്ച്.എൻ.എ സിൽവർ ജൂബിലി ആഘോഷിക്കുവാൻ തയാറെടുക്കുന്ന പശ്ചാത്തലത്തിലാണ് കെ.എച്ച്.എൻ.എ. കേരളാ കോൺക്ലേവ് അങ്കമാലി അഡ്‌ലക്സ് കൺവൻഷൻ സെന്ററിൽ 2025 ഫെബ്രുവരി ഒന്നിന് സംഘടിപ്പിച്ചത്. സംഘടനയുടെ ചരിത്രത്തിലെ തന്നെ വിപുലമായ കേരളാ കൺവൻഷൻ കൂടിയായിരുന്നു അത്. ആർഷ ദർശനത്തെ അധീകരിച്ച് സാഹിത്യ രംഗത്ത് നടത്തിയ സമഗ്ര സംഭാവനകൾക്ക് നാലാമത് ആർഷദർശന പുരസ്കാരം ഡോ. എം. ലീലാവതിക്കും, ചലച്ചിത്ര രംഗത്തെ സമഗ്ര സംഭാവനകൾക്കുള്ള ചലച്ചിത്ര പ്രതിഭ പുരസ്കാരം നടൻ ശ്രീനിവാസനും നൽകിയ സമ്മേളനം ജീവകാരുണ്യ പ്രവർത്തനങ്ങൾകൊണ്ടും ഏറെ ശ്രദ്ധേയമാക്കുവാൻ ഡോ. നിഷ പിള്ളയ്ക്ക് സാധിച്ചു. കേരളത്തിലെ നിർധനരായ കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്ന സ്നേഹോപഹാരം പദ്ധതിയിൽ ഒരുകോടി രൂപയാണ് വിവിധ സേവന പ്രവർത്തനങ്ങൾക്കായി നൽകിയത്. പ്രൊഫഷണൽ വിദ്യാഭ്യാസം, വിധവ പെൻഷൻ, ക്ഷേത്രകലാകാരന്മാർക്ക് ക്ഷേമനിധി, വനവാസി സഹായ നിധി, സ്ത്രീകൾക്ക് ബിസിനസ് പദ്ധതി, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സഹായം, രോഗിയായ ഗൃഹനാഥനുള്ള കുടുംബങ്ങൾക്ക് സഹായം, ബാലാശ്രമങ്ങൾ, സ്കൂളുകൾ, ലൈബ്രറികൾ, വൃദ്ധസദനങ്ങൾ, വിവിധ തൊഴിൽ സംരംഭങ്ങൾക്ക് സഹായം, സന്നിധാനം പദ്ധതി എന്നിവയ്ക്കായി ഒരുകോടി രൂപയാണ് കെ.എച്ച്.എൻ.എ നൽകിയത്. ഏറ്റവും അർഹരായവരെ കണ്ടെത്തി ഈ തുക കേരളാ കൺവൻഷൻ വേദിയിൽവെച്ച് കൈമാറാൻ സാധിച്ചതിൽ ഡോ. നിഷ പിള്ളയുടെ നേതൃത്വത്തിന് കഴിഞ്ഞത് വലിയ നേട്ടമാണ്.

## കെ.എച്ച്.എൻ.എ അന്താരാഷ്ട്ര രജത ജൂബിലി കൺവൻഷൻ

2025 ഓഗസ്റ്റ് 17 മുതൽ 19 വരെ അറ്റ്ലാന്റിക് സിറ്റിയിലെ എം.ജി.എം റിസോർട്ട്സ് ഇന്റർനാഷണൽ കെ.എച്ച്.എൻ.എ രജത ജൂബിലിക്കായി ഒരുങ്ങുമ്പോൾ ആഗോള തലത്തിൽ തന്നെ ശ്രദ്ധേയമായ ഒരു കൺവൻഷനായി മാറ്റുവാനുള്ള ശ്രമത്തിലാണ് ഡോ. നിഷ പിള്ള. ഹൈന്ദവ ആചാര്യന്മാർ, സാംസ്കാരിക നായകന്മാർ, കലാ സാഹിത്യ മാധ്യമ ബിസിനസ് രംഗങ്ങളിലെ പ്രമുഖർ എന്നിവരുടെ സാന്നിദ്ധ്യം കൊണ്ട് സമ്പന്നമാകുന്ന കൺവൻഷനിൽ അഞ്ഞൂറിൽപ്പരം കുടുംബംങ്ങളിൽ നിന്ന് 2000–ൽ അധികം അംഗങ്ങൾ കെ.എച്ച്.എൻ.എ അന്തർദ്ദേശീയ കൺവൻഷൻ വിരാട് 25 പതാകയ്ക്ക് പിന്നിൽ അണിനിരക്കും. ഡോ. നിഷ പിള്ള (പ്രസിഡന്റ്), മധു ചെറിയേടത്ത് (ജനറൽ സെക്രട്ടറി), രഘുവരൻ നായർ (ട്രഷറർ)എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തിലെ കെ.എച്ച്.എൻ.എ പ്രവർത്തനങ്ങളുടെ കലാശക്കൊട്ടും പുതിയ പ്രവർത്തനങ്ങളുടെ തുടക്കവുമാവും അറ്റ്ലാന്റിക് സിറ്റിയിൽ അരങ്ങേറുക.

## 'തറവാട്' എന്ന സ്നേഹവീട്

ജീവിതത്തിന്റെ സായാഹ്നങ്ങളിലെത്തി നിൽക്കുമ്പോൾ മനുഷ്യന് ഒരാശങ്കയുണ്ടാകും. ശേഷിക്കുന്ന ജീവിതം, പരിചരണം എന്ന് തുടങ്ങി നിറയെ ചിന്തകൾ മനസിലേക്ക് ചേക്കേറും. ഒരു കാലഘട്ടത്തിനപ്പുറം നമുക്ക് നമ്മളെത്തന്നെ കൊണ്ട് നടക്കാൻ കഴിയാത്ത സമയങ്ങളിൽ ഒരു കരുതൽ അനിവാര്യമാണ്. വാർദ്ധക്യം ജീവിതത്തിലേക്ക് വിളിച്ചില്ലെങ്കിലും കടന്നുവരുന്ന അഥിതിയാണെന്നിരിക്കെ സ്വീകരിക്കുക എന്നതല്ലാതെ മറ്റു മാർഗങ്ങൾ ഒന്നുമില്ലല്ലോ. എന്നാൽ ഈ കാലയളവിനെ മനോഹരവും സമ്പൂർണവുമാക്കുകയാണ് ഡോ. നിഷ പിള്ളയുടെ 'തറവാട്' എന്ന മനോഹരമായ വീട്. അങ്കമാലിക്കടുത്ത്, ചാലക്കുടിപ്പുഴയുടെ തീരത്ത് അഞ്ചരയേക്കറിൽ എല്ലാവിധ സൗകര്യങ്ങളോടെയും ഉയർന്നു നിൽക്കുന്ന തറവാട്ടിലെ എല്ലാ താമസക്കാരും എന്ത് സന്തോഷത്തിലാണെന്നോ. പ്രായം വെറും നമ്പർ ആണെന്നൊക്കെ കാവ്യാത്മകമായി പറയാമെങ്കിലും കാര്യത്തോട് അടുക്കുമ്പോൾ പ്രായാധിക്യം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പലതിൽനിന്നും ഒരു മനുഷ്യനെ തടഞ്ഞേക്കാം. ഒറ്റപ്പെടൽ എന്ന മാനസിക ദൗർബല്യം മുതൽക്ക്, ശാരീരികമായ പല ബുദ്ധിമുട്ടുകളും വാർദ്ധക്യത്തിൽ മനുഷ്യനെ കാത്തിരിക്കുന്നുണ്ട്. ഈ കാലയളവിൽ അവരെ പരിചരിക്കേണ്ടത് അനിവാര്യമാണ്.

വാർദ്ധക്യത്തിലേക്ക് കടക്കുന്ന മനുഷ്യർക്ക് സമഗ്രവും സമ്പൂർണ്ണവുമായ പരിപാലനം വാഗ്ദാനം ചെയ്യുന്ന തറവാടും ഡോ. നിഷ പിള്ളയും പ്രതീക്ഷയുടെ വലിയ വെളിച്ചങ്ങളാണ് പല മനുഷ്യരുടെയും ജീവിതത്തിലേക്ക് പകർന്നു നൽകുന്നത്. മറ്റുള്ളവയിൽ നിന്നെല്ലാം വ്യത്യസ്തമായി എല്ലാത്തരത്തിലുമുള്ള പരിചരണം നമ്മുടെ പ്രിയപ്പെട്ടവർക്ക് ലഭ്യമാക്കുക എന്നതാണ് തറവാടിന്റെ ലക്ഷ്യം. വീട് എന്ന സങ്കൽപ്പത്തിനേക്കാൾ മികച്ച സംവിധാനങ്ങൾ ഇവിടെ ലഭ്യമാണ്. പ്രവാസ ജീവിതത്തിന്റെ പരിമിതികളെ തിരിച്ചറിഞ്ഞുകൊണ്ട് ഒരുകാലത്ത് ജീവിച്ച അതെ സുഖശീതളിമയും പരിചരണവും ഇവിടുത്തെ എല്ലാ മനുഷ്യർക്കും നൽകുന്നു. വിദേശരാജ്യങ്ങളിലും മറ്റും റിട്ടയറായ മുതിർന്ന പൗരന്മാർക്ക് തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കനുസൃതമായ പരിചരണം നൽകുന്നതിലൂടെ, വാർദ്ധക്യ കാലത്ത് മാതാപിതാക്കൾക്ക് അഭിമാനത്തോടെയും, ആരോഗ്യത്തോടെയും ഉള്ള സുരക്ഷിതവും, മികച്ചതുമായ ജീവിത നിലവാരം ഉറപ്പുവരുത്തുക എന്ന വ്യക്തമായ കാഴ്ചപ്പാടാണ് തറവാട് എന്ന വലിയ സങ്കൽപ്പത്തെ വ്യത്യസ്തമാക്കുന്നത്. വയോജനപരിപാലനം എന്ന ചിന്തയേക്കാൾ ഉപരിയായി രാജ്യാന്തര മാനദണ്ഡങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഡോ. നിഷ പിള്ള തറവാടിനെ തന്റെ കണ്ണിലെ കൃഷ്ണമണിപോലെ കാക്കുന്നത്. അമേരിക്കയിലിരുന്നു തന്റെ തറവാട്ടിലെ ഓരോ അംഗങ്ങളുടെയും സുഖസൗകര്യങ്ങൾ എല്ലാ ദിവസവും അന്വേഷിക്കുകയും അവർക്ക് വേണ്ടതെല്ലാം എത്തിച്ചുനൽകുന്നതിലും, അവരുടെ ആരോഗ്യ രക്ഷയ്ക്കും കരുതലായി തറവാട് ഒപ്പമുണ്ട്. തറവാടിനോട് ചേർന്ന് ത്രിത്വം ഹെൽത്ത് സർവീസ് എന്ന പേരിൽ ഒരു പുതിയ സംവിധാനം കൂടി ഡോ. നിഷ പിള്ള ഉടൻ തന്നെ തുടങ്ങുന്നുണ്ട്. പാലിയേറ്റിവ് കെയർ, സർജറിക്ക് ശേഷമുള്ള സേവനങ്ങൾ, സ്ട്രോക്ക് മുതലായ അസുഖങ്ങൾ വന്നവർക്കുള്ള തുടർ ചികിത്സകൾ എല്ലാം ത്രിത്വം ഹെൽത്ത് സർവീസ് നൽകും.

## മൈ പ്രിൻസസ് ഫൗണ്ടേഷൻ – ആത്മവിശ്വാസത്തോടെ വളരാൻ ഒരിടം

ഡോ. നിഷ പിള്ളയുടെ ഏറ്റവും വലിയ ഒരു പ്രോജക്ടാണ് മൈ പ്രിൻസസ് ഫൗണ്ടേഷൻ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അമ്മമാരുടെ പെൺമക്കളെ സംരക്ഷിക്കുന്ന ഒരിടം. സമാന ചിന്താഗതിക്കാരായ സുഹൃത്തുക്കളെ ഒപ്പം ചേർത്ത് ഈ പ്രസ്ഥാനത്തിന് രൂപം കൊടുക്കുമ്പോൾ ഇതൊരു വലിയ പ്രസ്ഥാനമായി വളരുമെന്ന് ഡോ. നിഷയും സുഹൃത്തുക്കളും ചിന്തിച്ചിരുന്നില്ല. വർഷത്തിൽ ഇരുന്നൂറു പെൺകുട്ടികൾ വീതം കഴിഞ്ഞ 5 വർഷംകൊണ്ട് ആയിരത്തോളം മിടുമിടുക്കരായ പെൺമക്കൾക്ക് തണലാകുവാൻ പ്രിൻസസിന് കഴിഞ്ഞു. കരിയർ ഓറിയന്റഡ് കോഴ്സുകളിലേക്ക് നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികളെ ചേർത്ത് അവർക്ക് സാമ്പത്തിക സഹായവും മെന്ററിങ്ങും നൽകുന്ന പ്രസ്ഥാനമാണ് പ്രിൻസസ്. എന്നാൽ ഇവരുടെ അമ്മമാർക്ക് സ്വയം തൊഴിൽ സഹായമായി ധന സഹായം നൽകുകയും അവർ ജീവിത വിജയം നേടുമ്പോൾ അനുവദിച്ച ലോണുകൾ ചെറിയ ഗഡുക്കളായി തിരിച്ചടയ്ക്കുന്ന ഒരു സംവിധാനവും പ്രിൻസസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ കുടുംബങ്ങൾക്കും ഇത്തരം കാര്യങ്ങളിൽ ഉത്തരവാദിത്വം വേണമെന്നാണ് ഡോ. നിഷയുടെ പക്ഷം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി സഹായ മനസ്കരായ സുഹൃത്തുക്കൾ ഒപ്പം നിൽക്കുന്നതാണ് ഈ പദ്ധതിയുടെ വിജയത്തിന് ആധാരം. വിവിധ ജോലികൾക്ക് നിരവധി വേക്കൻസികൾ ഉള്ള നാടാണ് കേരളം. ഒരു നല്ല ഷെഫ് ആകാൻ, നല്ലൊരു ബ്യൂട്ടീഷനാകാൻ, അതിലുപരി നല്ലൊരു ഡയാലിസിസ് ടെക്നീഷ്യനാവാനുള്ള സാഹചര്യങ്ങൾ ഒരുക്കുവാനും കുട്ടികളെ അത്തരം കോഴ്സുകളുടെ ഭാഗമാക്കുവാൻ ഈ കൂട്ടായ്മകൊണ്ട് സാധിക്കുന്നു. ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത മൈ പ്രിൻസസ് ഫൗണ്ടേഷന്റെ എല്ലാവരും ഈ കുട്ടികളുടെ കാര്യത്തിൽ അതീവ ശ്രദ്ധാലുക്കൾ ആകുന്നു എന്നതാണ്. പത്രങ്ങളിലും, സോഷ്യൽ മീഡിയ വഴിയും പ്രിൻസസിലേക്ക് നിരവധി കുട്ടികൾ കടന്നുവരുന്നു എന്നതാണ് ഇതിന്റെ മറ്റൊരു പ്രത്യേകത. കേരളത്തിലുടനീളം 6 മെന്റർ ഗ്രൂപ്പുകളിലായി അറുപത് മെന്റർമാർ പ്രവർത്തിക്കുന്നുണ്ട്. ഈ കുട്ടികൾക്ക് വേണ്ട എല്ലാ നിർദേശങ്ങളും നൽകി അവരെ സ്വയം പര്യാപ്തരാക്കി മാറ്റുവാൻ ഈ മെന്റർമാർ നൽകുന്ന സേവനം ചെറുതല്ല.

## ആരോഗ്യ സംരക്ഷണത്തിന്റെ പുതിയ മേഖല – മൈത്രി

കോവിഡ് കാലത്ത് കേരളത്തിലെ ആരോഗ്യ രംഗത്തിന് സഹായമായി തുടങ്ങിയ സംരംഭമാണ് മൈത്രി ഇന്റർനാഷണൽ ഫൗണ്ടേഷൻ. കേരളത്തിലെ നിർദ്ധനരായ രോഗികൾക്ക് രോഗം സംബന്ധിച്ച ആവശ്യങ്ങൾ അനുസരിച്ച് ഒരു സെക്കൻഡ് ഒപ്പിനിയൻ നൽകുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. വൻ വിജയമായ ഒരു പദ്ധതി ആയിരുന്നു ഇത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രഗത്ഭരായ ഡോക്ടർമാർ ഈ രോഗികളുടെ പ്രശ്നങ്ങൾ കേൾക്കുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങളും, മരുന്നുകളും നിർദ്ദേശിക്കുകയും ചെയ്യുന്നത് ഒരു വ്യത്യസ്തമായ അനുഭവമായിരുന്നു. ഇതെല്ലാം ഡോ. നിഷ പിള്ള തന്നെ കോ-ഓർഡിനേറ്റ് ചെയ്യുകയും ചെയ്തിരുന്നു. കെ.എച്ച്.എൻ.എയുടെ പ്രസിഡന്റ് ആയ ശേഷം ഈ പ്രവർത്തനങ്ങൾ അല്പം കുറഞ്ഞു എങ്കിലും ഈ പ്രവർത്തനങ്ങൾ ജീവിതത്തിന്റെ വ്യത്യസ്തമായ അനുഭവമാണെന്ന് ഡോ. നിഷ പിള്ള വിലയിരുത്തുന്നു.

## കാറ്റിൽ ഉലയാത്ത പുൽനാമ്പുകൾ

ചെറുപ്പം മുതൽക്കേ പുസ്തക വായന കൈമുതലായ ഡോ. നിഷ പിള്ള തന്റെ മെഡിക്കൽ രംഗത്തെ അനുഭവങ്ങൾ കഥാ രൂപത്തിലാക്കി ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'കാറ്റിൽ ഉലയാത്ത പുൽനാമ്പുകൾ'. പ്രശസ്ത ചലച്ചിത്ര സംവിധായകൻ സത്യൻ അന്തിക്കാട് പ്രകാശനം ചെയ്ത പുസ്തകം ഏറെ ചർച്ച ചെയ്യപ്പെട്ട കഥാഗ്രന്ഥമാണ്. അനുഭവങ്ങൾ കഥാ പശ്ചാത്തലമായി വരുന്ന കഥകൾ മലയാളത്തിൽ നിരവധി ഉണ്ടായിട്ടുണ്ടെങ്കിലും ഒരു ഡോക്ടറുടെ അനുഭവങ്ങൾ കഥകളായി മാറുമ്പോൾ അവയിലെ കഥാപാത്രങ്ങൾ വായനക്കാരുടെ തൊട്ടടുത്തെവിടെയോ നിൽക്കുന്നതു പോലെ തോന്നും. അതാണ് കാറ്റിൽ ഉലയാത്ത പുൽനാമ്പുകൾ എന്ന കഥാസമാഹാരത്തിന്റെ വിജയവും.

## ഡോക്ടറെന്ന നിലയിൽ ഏറ്റവും സംതൃപ്തി ലഭിച്ച അനുഭവങ്ങൾ

'മരണത്തിന്റെ വക്കിൽനിന്ന് ഒരു ജീവൻ തിരിച്ചുകൊണ്ടുവരുമ്പോഴുള്ള സന്തോഷം എന്നോട് ചോദിക്കേണ്ടത് അല്ല, ഒരു രോഗിയുടെ കണ്ണുകളിൽ കാണണം 'എന്ന് ഡോ. നിഷ പിള്ള പറയുന്നു.' ഒരു ഡോക്ടർ ഒരു കുഞ്ഞിന്റെ ആദ്യമായുള്ള ഹൃദയത്തുടിപ്പ് കേൾക്കുന്നു, അതേ സമയം ഒരു ഹൃദയാഘാതം വന്ന രോഗിക്ക് അവസാനമായി ജീവിതത്തിലേക്ക് തിരിച്ചു വരാനുള്ള ശസ്ത്രക്രിയ ചെയ്യുന്നു. ഈ ജീവിതത്തിലേത് ഇത് പോലുള്ള വലിയ അനുഭവങ്ങളാണ്' ഡോ. നിഷ പിള്ള പറയുന്നു.

നമുക്കറിയാം ഒരു ഡോക്ടറുടെ ജീവിതത്തിൽ വളരെയേറെ പ്രാധാന്യമുള്ള നിരവധി സംഭവങ്ങൾ ഉണ്ടായിരിക്കാം. അവരുടെ ചിന്തകളെ തന്നെ മാറ്റിമറിക്കുന്ന അല്ലെങ്കിൽ പുതിയൊരു വിപ്ലവം സൃഷ്ടിക്കാൻ സാധ്യതയുള്ള ധാരാളം അനുഭവങ്ങൾ ഡോക്ടർമാർക്ക് ഉണ്ടാകാം. അത്തരത്തിൽ ചിലത് നിഷ പങ്ക് വയ്ക്കുമ്പോൾ തന്നെ വ്യക്തമാണ് അവരിൽ എത്രത്തോളം മാനുഷികതയുണ്ട് എന്നത്. എത്രത്തോളം നമ്മൾ സമൂഹത്തോട് അടുത്തുനിൽക്കുന്നുവോ, എത്രത്തോളം നമ്മൾ മനുഷ്യരുടെ ഹൃദയം കാണാൻ ശ്രമിക്കുന്നുവോ, എത്രത്തോളം നമ്മൾ മനുഷ്യരുടെ ഓർമകളിൽ നിറഞ്ഞിരിക്കുന്നുവോ അത്രമേൽ നമ്മൾ മഹാത്മാക്കളാണ് എന്നല്ലേ. ഡോ. നിഷ പിള്ളയുടെ ജീവിതത്തിൽ അത് യാഥാർത്ഥ്യമാണ്.

## ഡോ. നിഷ പിള്ളയുടേത് ദൈവത്തിന്റെ കൈകൾ


ഡോ. നിഷ പിള്ളയുടേത് യഥാർത്ഥത്തിൽ ദൈവത്തിന്റെ കൈകൾ തന്നെയാണ്. മനുഷ്യശരീരത്തിൽ നിന്നും പ്രാണൻ വിട്ടുപോകാതെ അവരെ സൂക്ഷിക്കുന്ന ദൈവത്തിന്റെ കൈകൾ. അതുകൊണ്ടുതന്നെ അവരുടെ ജീവിതം മറ്റുള്ളവർക്ക് ഒരു പ്രചോദനം ആയിരിക്കട്ടെ. ഏത് പ്രതികൂല സാഹചര്യങ്ങളിലും മനുഷ്യർക്ക് സഹായം വേണ്ട സമയങ്ങളിൽ അത് ചെയ്തു നൽകുക എന്നതാണ് ഒരു ഡോക്ടറെയും അധ്യാപകരെയും, ഒരു സംഘാടകയെയും സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ദൗത്യം. ഡോ. നിഷ പിള്ള അത് അന്നും ഇന്നും ഭംഗിയിൽ നിറവേറ്റുന്നുണ്ട്. തുടരുക... നിങ്ങളുടെ കരുണ നിറഞ്ഞ പ്രവർത്തികൾ മനുഷ്യസഹജമായ നന്മകൾ... ഡോ. നിഷ പിള്ളയുടെ ജീവിതം മലയാളി സമൂഹത്തിന് ഒരു പ്രചോദനം ആണ്. ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹിക സേവനം എന്നിവയുടെ കൂടിച്ചേരലായ ഒരു കാഴ്ചപ്പാട്, ഇത് കൂടുതൽ പേർക്ക് പ്രചോദനമാകട്ടെ. ജീവിതത്തോട് മടുപ്പ് മാത്രം ബാക്കിയുള്ള മനുഷ്യർക്ക് ഒരു ആശ്വാസമാകുന്ന, സാന്ത്വനമാകുന്ന നിഷമാർ ഇനിയും ഭൂമിയിൽ രൂപപ്പെടട്ടെ.









© Kerala Express




# സോഷ്യൽ മീഡിയ കഴിവുകളുടെ ജനാധിപത്യവൽക്കരണം





**നസീർ ഹുസൈൻ കിഴക്കേടത്ത്,**
ന്യൂജേഴ്സി

ഒരുകാലത്ത് എഴുത്തുകാരനാകണമെന്നോ സിനിമയിലേക്കോ വിഡിയോ നിർമ്മാണത്തിലേക്കോ പോകണമെന്നോ ആഗ്രഹിച്ചാൽ, അതിന് വലിയ കടമ്പകൾ കടക്കേണ്ടിയിരുന്നു. കഥയോ കവിതയോ എഴുതി, തിരിച്ചു കിട്ടാനുള്ള കവർ സ്റ്റാമ്പൊട്ടിച്ച് വച്ച് പ്രസാധകർക്ക് അയച്ചുകൊടുത്താൽ, ആ പ്രസിദ്ധീകരണത്തിന്റെ മുതലാളിയുടെയും, പത്രാധിപരുടെയും മത ജാതി രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള തരം തിരിവുകൾ കഴിഞ്ഞു ഭൂരിഭാഗം മാസികകളിലും പ്രസിദ്ധീകരിച്ചു വന്നിരുന്നത് ഒരേ അച്ചിലുള്ള അനുഭവങ്ങളും ഭാഷയുമുള്ള കഥകളും കവിതകളുമായിരുന്നു. സാധാരണക്കാരുടെയും വഴി മാറി നടക്കുന്നവരുടെയും അനുഭവങ്ങൾക്ക് ചവറ്റുകുട്ടയിലായിരുന്നു സ്ഥാനം.

എന്നാൽ ഇന്നത്തെ സോഷ്യൽ മീഡിയ ആ പരിമിതികളെ പൊളിച്ചെറിഞ്ഞു. ഒരു കമ്പ്യൂട്ടറോ ഫോണോ ഉണ്ടെങ്കിൽ, നിങ്ങൾക്ക് ഭാവനയോ ജീവിതാനുഭവങ്ങളോ ഉണ്ടെങ്കിൽ എല്ലാവർക്കും എഴുതാം എന്നായി അത് വായിക്കാൻ ലോകമെമ്പാടും ആളുകളായി. സിനിമ ചെയ്യണമെന്നാഗ്രഹമുള്ളവർക്ക് യൂട്യൂബിലും ഇൻസ്റ്റാഗ്രാമിലും തങ്ങളുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരമൊരുങ്ങി. സോഷ്യൽ മീഡിയ ഇല്ലായിരുന്നെങ്കിൽ നമ്മൾ ഒരിക്കലും അറിയാതെ പോകുമായിരുന്ന അനേകം പ്രതിഭകൾ ഒരു വിരൽത്തുമ്പിൽ നമ്മുടെ മുന്നിലെത്തി. Alexplain ചാനൽ കണ്ടാൽ ലോക വിവരവും ചരിത്രപരമായ അറിവും കൂടും, ഷാൻ ജിയോ വഴി എന്ത് ഭക്ഷണം വേണമെങ്കിലും കുളായി പാചകം ചെയ്യാമെന്നായി. അനേകം ഇൻസ്റ്റാഗ്രാം യൂട്യൂബ് ചാനലുകൾവഴി നമ്മൾ ചിന്തിക്കുകയും ചിരിക്കുകയും ചെയ്തു. ഫേസ്ബുക്കിൽ അസാധാരണമായി എഴുതുന്ന അനേകം പേര് വന്നു. ഞാനൊക്കെ ആരാധനയോടെ വായിക്കുന്ന അനേകം പേര് ഫേസ്ബുക്കിലുണ്ട്. പലരും സുഹൃത്തുക്കളുമാണ്. സുനിൽ മാഷിനെയും ചുള്ളിക്കാടിനെയും, വിജയൻ മാഷിനെയും ഒക്കെ പോലുള്ളവരെ ദിവസം ഒരു മണിക്കൂറെങ്കിലും കേൾക്കാൻ യൂട്യൂബ് വലിയ സൗകര്യമായി. ഇവരുടെ കൂടെ പുതിയ ആളുകളുടെ സംസാരങ്ങൾ, പുതിയ ആശയങ്ങൾ എല്ലാം സോഷ്യൽ മീഡിയ വഴി നമ്മുടെ മുന്നിലെത്തി. കുറച്ച് ശ്രദ്ധയോടെ തിരഞ്ഞെടുത്തു വായിച്ചാൽ, നമ്മുടെ ചിന്തകളെയും ആസ്വാദനത്തെയും ബഹുദൂരം മുന്നോട്ടു കൊണ്ടുപോകാനുള്ള കഴിവ് സോഷ്യൽ മീഡിയയ്ക്ക് ഉണ്ട്.

ഞാനുൾപ്പെടെ പലരുടെയും സോഷ്യൽ മീഡിയയിലെ എഴുത്ത് സ്വാനുഭവങ്ങളാണ്. പലപ്പോഴും വേറെ ആളുകളുടെ എഴുത്തുകൾ വായിക്കുമ്പോൾ ഞാനിത് പണ്ട് കണ്ടിട്ടുണ്ടല്ലോ, കേട്ടിട്ടുണ്ടല്ലോ എന്നൊരു dejavu (ഒരനുഭവമുണ്ടാകുമ്പോൾ അത് നേരത്തേ അനുഭവിച്ചുണ്ടെന്ന മിഥ്യാബോധം) അനുഭവം ഉണ്ടാകാറുണ്ട്. സാഹിത്യത്തിന്റെ അടിസ്ഥാന ഗുണം തന്നെ, നമ്മുടെ അനുഭവങ്ങൾ മറ്റുള്ളവർക്കും ഉണ്ടെന്ന് കാണുമ്പോൾ നമ്മുടെ ഉള്ളിൽ വരുന്ന സഹോദര്യമാണ്. നമ്മൾ ഒറ്റക്കല്ലെന്ന് നമുക്ക് ഫേസ്ബുക്കിലെ പലരുടെയും കുറിപ്പുകൾ വായിക്കുമ്പോൾ തോന്നും. ഞാൻ തന്നെ എനിക്കെഴുതാൻ കഴിയുമെന്നോ, ഇത്രപേർ സ്നേഹത്തോടെ വായിക്കുമെന്നോ സോഷ്യൽ മീഡിയ കാലത്തിനു മുൻപ് ഒരു തരത്തിലും വിശ്വസിച്ചിരുന്നില്ല. ഫേസ്ബുക് വന്നതുകൊണ്ട് മാത്രം വായിക്കപ്പെടുന്ന ഒരാളാണ് ഞാൻ. അതുപോലെ ലക്ഷക്കണക്കിനാളുകളുണ്ട്.

ന്യൂജേഴ്സിയിൽ പ്രിയ സുഹൃത്തുക്കളായ ഹാഫിറയുടെയും ഇർഷാദിന്റെയും വീട്ടിൽ വീടുപാർക്കലിനു ചെന്നപ്പോഴാണ് മെരിലാന്റിൽ നിന്നുള്ള റഹിമാബി മൊയ്തീനെ പരിചയപ്പെടുന്നത്. കേരളത്തിൽ ജനിച്ച് വളർന്ന് ഇപ്പോൾ അമേരിക്കയിൽ നേഴ്സ് ആയി ജോലി നോക്കുന്ന റഹിമാബി, തന്റെ ചെറുപ്പകാലം മുതൽ അമേരിക്ക വരെയുള്ള ഓർമ്മകൾ കൂട്ടിയിണക്കി എഴുതിയ പുസ്തകം, 'വെയിൽ ചായും നേരം' പ്രകാശം ചെയ്യാനുള്ള ചുമതല അപ്രതീക്ഷിതമായി ഞങ്ങളിൽ വന്നു ചേർന്നു. ഇതിൽ ഭൂരിഭാഗം കുറിപ്പുകളും നാട്ടിലെ സ്കൂളിലെയും, നഴ്സിംഗ് കോളജിൽ പഠിക്കുമ്പോൾ ഉള്ളതുമായ ഓർമകളാണ്. റഹിമാബി വെല്ലിമ്മയെ കുറിച്ചെഴുതുമ്പോൾ ഞാൻ 'കൊച്ചിയിലെ ഉമ്മ' എന്ന് വിളിക്കുന്ന ഉമ്മയുടെ ഉമ്മയെ ഓർത്തു, കുപ്പായമിടാത്ത കമ്മലിട്ട കാതു നീണ്ട 'കൊമ്മ' യെ കുറിച്ചെഴുതുമ്പോൾ, ഞങ്ങളുടെ പടിഞ്ഞാറു ഭാഗത്തു താമസിച്ചിരുന്ന ശാന്തചേച്ചിയുടെ അമ്മയെ ഓർത്തു, നഴ്സിംഗ് കോളജിലെ കുസൃതികൾ വിവരിക്കുമ്പോൾ, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജിലെ ഓർമ്മകൾ തികട്ടി വന്നു.

പലപ്പോഴും ഏറ്റവും സാധാരണമായ അനുഭവങ്ങൾ നമ്മുടേതു കൂടിയാകുമ്പോൾ നമുക്കത് അസാധാരണമായി അനുഭവപ്പെടുന്നു. എഴുത്തുകാരിക്ക് ആശംസകൾ. എഴുതണം എന്ന് കരുതി. മടിച്ച് നിൽക്കുന്ന എല്ലാവർക്കും, സോഷ്യൽ മീഡിയയിൽ എഴുതാൻ ഇതൊരു പ്രോത്സാഹനം ആകട്ടെ. നിങ്ങളുടെ അനുഭവങ്ങൾ കേൾക്കാൻ കാത്തിരിക്കുന്ന കുറെ പേർ ഇവിടെയുണ്ട്.

---



**മഞ്ജു റോസ്**

## ബന്ധനം

പൂക്കൾ നിറഞ്ഞ ചുവന്ന വഴിയിൽ വച്ചാണവർ കണ്ടുമുട്ടിയത്..

അയാൾ കണ്ണിൽ സ്നേഹം കത്തിച്ച് അവൾക്ക് നൽകി..

മൃദുവായ കയ്യിൽ പിടിച്ചു പറഞ്ഞു. 'നീ എന്റെ രാജകുമാരിയാണ്'.

അവൾ പൂവായി. അവൻ പൂമ്പാറ്റയായി. അവൾക്കു ചുറ്റും പറന്നു. ചുവന്ന വഴികൾ കറുത്തു... പൂക്കൾ കരിഞ്ഞുണങ്ങി...

പരുക്കനാർന്ന അവളുടെ കൈ നോക്കി അയാൾ പറഞ്ഞു.

'നീ എനിക്ക് ശല്യമാണ്.'

ശേഷം അവളുടെ കൈ വെട്ടി... അവയവങ്ങൾ നഷ്ടപ്പെട്ട അവളുടെ കഴുത്തിൽ താലികൊണ്ടയാൾ മുറുക്കി..

## വിഷം

സമർത്ഥയാണവൾ. ഒരു പ്രഭാതത്തിൽ അവളുടെ അന്തരാത്മാവിൽ നിന്ന് സ്നേഹം ആവിർഭവിച്ചു. ശരീരത്തിലാകമാനം പടർന്നുകയറി. അവനിലേക്ക് നിറഞ്ഞു തുളുമ്പി.

അവന് സന്തോഷമായി. അവളവനെ ക്ഷണിച്ചു. വീട്ടിലേക്ക്...

ജ്യൂസിൽ കലക്കിയ സ്നേഹം അവനു നൽകി..

മയക്കത്തിലും അവൻ പറഞ്ഞു.

'സ്നേഹം അനശ്വരമെന്ന്..'

## സി.സി.ടി.വി

അയൽവാസിയായ സണ്ണിയുടെ അതിരിൽ കാലു വച്ചതാണ് മറിയാമ്മ ചേടത്തി.

പറമ്പിൽ മുഴുത്ത തേങ്ങ കിടക്കുന്നു. തേങ്ങയെടുത്തു...

ഉടനെ സണ്ണിയുടെ നീട്ടിയ വിളി കേട്ടു.. 'ചേടത്തീ'..

ആൾതാമസമില്ലാത്ത വീടല്ലേ.

നോക്കിയപ്പോ തൂണിൽ ഒരു കുന്ത്രാണ്ടം...

അത് തിരിയുന്നു....

വട്ടം കറങ്ങുന്നു..

ചേടത്തിയുടെ നേരെ തിരിഞ്ഞു..

'ചേടത്തി ഇതു ഞാനാ, സണ്ണി'

'ദേ പിന്നേം'..

'സണ്ണിയങ്ങു ഗൾഫിലല്ലേ'...

'പിന്നെങ്ങനെ?'

'പിശാചു തന്നെ'.....

ഓടി.... കാലു വലിച്ചു വിട്ടു....

ഊരി വന്ന മുണ്ട് മുറുക്കിയുടുത്തു.

മുറുക്കിക്കൊണ്ടിരുന്ന കറിയയോട് വിശദീകരിച്ചു..

'നിനക്ക് തോന്നിയതാ മറിയയെ അവിടെ പിശാചും ചെകുത്താനുമൊന്നുമില്ല.'

വായിൽ പതഞ്ഞു പൊങ്ങുന്ന ചുവന്ന ദ്രാവകം മുറ്റത്തേക്ക് തുപ്പി കറിയാ പറഞ്ഞു. മറിയാമ്മ നിഷേധിച്ചുകൊണ്ട് തലയാട്ടി..

ഇതുകേട്ട് സെന്റ് ആന്റണീസ് സ്കൂളിലെ നാലാം ക്ലാസുകാരനായ കൊച്ചുമോൻ ഗെയിം നിർത്തി.

മൊബൈൽ താഴെ വെച്ചു.

ശേഷം ആ പിശാചിന് പേരുമിട്ടു..

സി.സി.ടി.വി.

നർമ്മം മർമ്മം



രാജീവ് പണിക്കർ

# അന്ന് തീർന്നതാ തിരുമേനീ എന്റെ ഒറക്കം!



വെറുതെ അങ്ങോട്ട് പഠിക്ക്യാന്നു പറഞ്ഞാ പണ്ടേ എനിക്കിഷ്ടല്ല.. അക്ഷരങ്ങൾ അച്ചടിച്ചു വെച്ച പുസ്തകത്താളുകളിൽ പലതും പഠിക്കാനുണ്ടാവും. പക്ഷേ, അത് പോരെന്നും ലൈഫിൽ ഇനീം കൊറേ പഠിക്കാന്ണ്ട് ന്നും അന്നേ മനസ്സിലാക്കിയ ആളായിരുന്നു ഞാൻ. ക്ലാസു കട്ട് ചെയ്യാൻ പഠിക്കുക, സിനിമ കാണാൻ പോകുക, നല്ല ഫുഡ്ഡടിക്കുക, സെവൻസ് ഫുട്ബോൾ കളിക്കാൻ പോകുക, ഊത്ത പിടിക്കാൻ പോകുക അങ്ങനെയങ്ങനെ പലപല രീതിയിൽ ആയിരുന്നു കോളജ് കാലഘട്ടത്തിൽ പഠനം മുന്നോട്ടു പോയിരുന്നത്.

അങ്ങനെ പഠിച്ചോണ്ടിരുന്ന കാലത്ത് ഒരുസം ക്ലാസ് കട്ട് ചെയ്ത് ഒരു സിനിമയ്ക്ക് പോയി. സത്യത്തിൽ, ആ സിനിമയുടെ പേര് ഓർക്കാൻ പോലും കൊള്ളത്തില്ല. എന്നാലും ഒരു അക്കാദമിക് ഇന്ററസ്റ്റിന് പറയാം. സുരേഷോബിയുടെ രജപുത്രൻ. ഏറ്റവും ഫ്രണ്ടിലിരുന്നു കണ്ടുകൊണ്ട് സ്ക്രീനിൽ സുരേഷ്ഗോപിയും കോട്ടും മാത്രമേ കാണാനുണ്ടായിരുന്നുള്ളു. ഊളപ്പടം ആയിരുന്നെങ്കിലും സിനിമ കഴിഞ്ഞ് ക്ലാസിന്റെ ടൈം ക്രമീകരിച്ച് പതിവ് സമയത്ത് തന്നെ ഞാൻ വീട്ടിൽ എത്തി. ആർക്കും ഒരു സംശയത്തിനും ഇട കൊടുക്കാതെ, പഠനവും ഭക്ഷണവും ഒക്കെ കഴിഞ്ഞ് നൈസായി കിടന്നുറങ്ങി.

പിറ്റേന്ന് രാവിലെ ക്ലാസീ പോകാൻ ഇറങ്ങുമ്പോ ഇലപ്പൊതിയിൽ ചോറും പൊതിഞ്ഞ് ബാഗിൽ വെച്ച് അമ്മ വളരെ നൈസ് ആയി പറഞ്ഞു..

'സിനിമേം മറ്റും കാണാൻ പോവാണെങ്കി ചോറ് വഴീ കളയാതെ കൂടെയുള്ള ആർക്കെങ്കിലും കൊടുക്കണം. കളയരുത്.'

ഞാൻ ഞെട്ടി.

സിനിമ കണ്ടു എന്ന് മനസ്സിലാക്കിയത് പോകട്ടെ.. തലേന്നു തന്നുവിട്ട ചോറ് കഴിക്കാൻ സ്ഥലവും സമയവും കിട്ടാതെ വഴിയിൽ കളഞ്ഞു എന്നും അമ്മ മനസ്സിലാക്കിയിരിക്കുന്നു...

വേറെ ഒന്നും പറഞ്ഞില്ല എങ്കിലും കുറെ നാളത്തേക്ക് എന്റെ പഠനാനുഭവങ്ങളെ ഈ അനുഭവം പാടേ തകർത്തു!

കുറെ നാള് കഴിഞ്ഞ് ഒരിക്കൽ നല്ല മൂഡിൽ വർത്തമാനം ഒക്കെ പറഞ്ഞ് കൂട്ടും കൂടി ഇരുന്ന സമയത്ത് അമ്മയോട് നൈസ് ആയി ഞാൻ ചോദിച്ചു..

'അന്ന് ഞാൻ സിനിമയ്ക്ക് പോയി എന്നും ചോറ് കളഞ്ഞു എന്നും അമ്മ എങ്ങന്യാ മനസ്സിലാക്കിയത്?'

അമ്മ ഉറക്കെ ചിരിച്ചു.. പിന്നെ പറഞ്ഞു..

'നീ ഉറക്കത്തിൽ സിനിമേലെ എന്തോ കാര്യം പറഞ്ഞു.. അപ്പോ എനിക്കറിയാൻ ഉള്ള കാര്യം ഒക്കെ ഞാൻ ചോദിച്ചു... നീ എല്ലാം മണി മണി പോലെ പറഞ്ഞു. എന്നാലും ഈ പൊളിഞ്ഞു പാളീസായ പടം മാത്രേ നിനക്ക് കാണാൻ കിട്ടിയുള്ളോ?'

കൂട്ടത്തിൽ ഇങ്ങനെയൊരു കാച്ചും..

'സിനിമ മാത്രോന്നുമല്ല പറഞ്ഞത്

സിനിമ കാണാൻ പോയയന്ന് ഞാൻ ഞെട്ടിയതിനേക്കാൾ നാലിരട്ടി ഞാൻ ഞെട്ടി. ഒരു പതിനെട്ട് വയസ്സുകാരന്റെ രഹസ്യങ്ങൾ എല്ലാം നൈസ് ആയി ഉറക്കത്തിൽ ചോദിച്ച് മനസ്സിലാക്കിയിരിക്കുന്നു! സിനിമ മാത്രമല്ല പോലും!'

കൂടെയാരെങ്കിലും കെടപ്പുണ്ടെങ്കി രാത്രി എത്ര സമയം കഴിഞ്ഞാലും (ആനക്കാട്ടിൽ ഈപ്പച്ചൻ പറഞ്ഞ പോലെ) അന്ന് തീർന്നതാ തിരുമേനീ എന്റെ ഒറക്കം!

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

---

സിനിമ കഥ

## ദാസേട്ടന്റെ സൈക്കിൾ



ഹരീഷ് പേരടി

'ദാസേട്ടന്റെ സൈക്കിൾ'... ഈ സിനിമ മാർച്ച് 14-ന് കേരളത്തിലെ കുറെ തിയ്യറ്ററുകളിൽ റിലീസാവുകയാണ്... ആന്റണി പെരുമ്പാവൂരാണോ ശരി? അതോ സുരേഷ് കുമാറാണോ ശരി? എന്ന തർക്കം സിനിമയെ സ്നേഹിക്കുന്ന ഒരോ മനുഷ്യ മനസ്സുകൾക്കിടയിലും നടന്നു കൊണ്ടിരിക്കുന്ന ഈ സമയത്ത് ദാസേട്ടനും മൂപ്പരുടെ സൈക്കിളിനും വലിയ പ്രസക്തിയുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അതുകൊണ്ട്തന്നെയാണ് സിനിമയിലെ ഒരു പ്രശസ്തരെയും ബുദ്ധിമുട്ടിക്കാതെ ഞാൻ തന്നെ ഹരീഷ് പേരടി പ്രൊഡക്ഷൻസിന്റെ മാർച്ച് 14ന്റെ ഈ റിലീസിംങ് പോസ്റ്റർ




നിങ്ങളിലേക്ക് എത്തിക്കുന്നത്... ദാസേട്ടന്റെ സൈക്കിളിന്റെ ടയർ എന്തിനുവേണ്ടിയാണ്.. ആർക്കുവേണ്ടിയാണ് തേഞ്ഞ് തീർന്നത് എന്ന് ഈ സിനിമ ഉറക്കെ സംസാരിക്കുന്നുണ്ട്... കലയ്ക്ക് വേണ്ടി മാത്രം തേഞ്ഞ് തീർന്നവരുടെ വഴികളെ ഈ സിനിമ ഓർമ്മപ്പെടുത്തുന്നുണ്ട് എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു... ഈ സിനിമ കാണുകയെന്നതും നിങ്ങളുടെ ഇഷ്ടവും അനിഷ്ടവും തുറന്ന് പ്രഖ്യാപിക്കുകയെന്നതും ഈ സിനിമയെ സംബന്ധിച്ചിടത്തോളം ഒരു സാംസ്കാരിക പ്രവർത്തനമാണ്... നല്ല രാഷ്ട്രീയമാണ്... നല്ല ജീവിതമാണ്.. 'ദാസേട്ടന്റെ സൈക്കിൾ'.

## ഔസേപ്പച്ചന്റെ ഒസ്യത്ത്

വിജയരാഘവനെ ടൈറ്റിൽ കഥാപാത്രമാക്കി ശരത്ചന്ദ്രൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് ഔസേപ്പിന്റെ ഒസ്യത്ത്. എൺപതുകാരനായ ഔസേപ്പ് എന്ന കഥാപാത്രത്തെയാണ് വിജയരാഘവൻ അവതരിപ്പിക്കുന്നത്. ചിത്രം മാർച്ച് 7-ന് തിയറ്ററുകളിൽ റിലീസ് ചെയ്യും. മെഗൂർ ഫിലിംസിന്റെ ബാനറിൽ എഡ്വേർഡ് ആന്റണിയാണ് ചിത്രത്തിന്റെ നിർമ്മാണം നിർവഹിക്കുന്നത്. പരസ്യചിത്രങ്ങളിലൂടെ ശ്രദ്ധ നേടിയ സംവിധായകനാണ് ശരത്ചന്ദ്രൻ.

മലമുകളിൽ കാടിനോടും മൃഗങ്ങളോടും മല്ലടിച്ച് മണ്ണിൽ പൊന്ന് വിളയിച്ചും പണം പലിശയ്ക്ക് കൊടുത്തും സമ്പന്നനായി മാറിയ ഔസേപ്പിനെയാണ് ചിത്രത്തിൽ കാണുന്നത്. ഔസേപ്പിന് മൂന്ന് ആൺമക്കളാണ്. മൂത്ത രണ്ടു പേരും ഉന്നത പദവികളിൽ. മക്കൾക്കൊക്കെ സമ്പാദ്യം നൽകിയിട്ടുണ്ടെങ്കിലും എല്ലാത്തിന്റെയും നിയന്ത്രണം ഔസേപ്പിന്റെ കൈകളിലാണ്. മനസ്സിൽ നൊമ്പരത്തിന്റെ മുറിപ്പാടുമായി ഒരു കുടുംബത്തിന്റെ കഥ പറയുകയാണ് ഔസേപ്പിന്റ ഒസ്യത്ത് എന്ന ചിത്രം. കലാഭവൻ ഷാജോൺ, ദിലീഷ് പോത്തൻ, ഹേമന്ത് മേനോൻ, ജോജി കെ ജോൺ, ലെന, അപ്പുണ്ണി ശശി,



ജയിംസ് എല്യാ, കനി കുസൃതി, സെറിൻ ഷിഹാബ്, അഞ്ജലി കൃഷ്ണ, സജാദ് ബ്രൈറ്റ്, ശ്രീരാഗ്, ചാരു ചന്ദന, ജോർഡി പൂഞ്ഞാർ എന്നിവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നുണ്ട്.

# താമ്പാ പള്ളിയിൽ ദമ്പതി സംഗമം സംഘടിപ്പിച്ചു



താമ്പാ: സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവകയിൽ മൂന്നുദിവസം നീണ്ടുനിന്ന ദമ്പതി സംഗമം സംഘടിപ്പിച്ചു.

ആദ്യദിനത്തിൽ ഇടവക വികാരി ഫാ. ജോസ് ആദോപ്പിള്ളിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടെ പരിപാടികൾ ആരംഭിച്ചു.


തുടർന്നുള്ള ദിവസങ്ങളിൽ നടന്ന ക്ലാസുകൾക്കും ചർച്ചകൾക്കും ഡോ.

**സിജോയ് പറപ്പള്ളിൽ**

അജോമോൾ പുത്തൻപുരയിൽ, ടോണി പുല്ലാപ്പള്ളി എന്നിവർ നേതൃത്വം നല്കി.

ഇതിനോടനുബന്ധിച്ച് ദമ്പതികളൊരുമിച്ചു ക്ലിയർ വാട്ടർ ബീച്ചിലേക്കു നടത്തിയ ഉല്ലാസ യാത്രയും ഡിന്നറും ഏറെ ഹൃദ്യമായിരുന്നു. ചർച്ച് എക്സിക്യൂട്ടീവ് പരിപാടികൾക്ക് നേതൃത്വം നല്കി.

# ചെറിയാൻ പി. ചെറിയാൻ അന്തരിച്ചു



തിരുവല്ല: ഇരവിപേരൂരിന്റെ വികസന പ്രവർത്തനങ്ങളിൽ നിരവധി സംഭാവനകൾ നല്കി അറിയപ്പെടുന്ന സാഹിത്യകാരനും 32 പുസ്തകങ്ങളുടെ രചയിതാവും മികച്ച അധ്യാപകനും അറിയപ്പെടുന്ന സമൂഹിക, സാംസ്കാരിക പ്രവർത്തകനുമായിരുന്ന പ്ലാക്കീഴ് പുത്തൻപുരയിൽ ചെറിയാൻ പി. ചെറിയാൻ (സണ്ണിസാർ-83) അന്തരിച്ചു. മാരാമൺ കളത്തൂർ തേവർത്തുണ്ടിയിൽ കുടുംബാംഗവും മാരാമൺ എം.എം.എ ഹൈസ്കൂൾ റിട്ട. ഹെഡ്മിസ്ട്രസുമായ മേരി ചെറിയാനാണ് ഭാര്യ. ദീപു (യുഎസ്), ദിലീപ് (യു.കെ), ദീപ്തി (കാനഡ) എന്നിവർ മക്കളും ദീപം (യുഎസ്), ടീന (യുകെ), ജൂബിൻ (കാനഡ) എന്നിവർ മരുമക്കളും ദിയ, അയാൻ, ആരൺ എന്നിവർ കൊച്ചുമക്കളുമാണ്.

തിരുവല്ല താലൂക്കിൽ ഇരവിപേരൂരിൽ 1941-ൽ ജനിച്ച ഇദ്ദേഹം ഇരവിപേരൂർ സെ. ജോൺസ് ഹൈസ്കൂളിൽ പഠനം പൂർത്തിയാക്കിയശേഷം തിരുവല്ല മാർത്തോമ്മാ കോളജിൽ മാത്തമാറ്റിക്സ് ഐച്ഛിക വിഷയമായെടുത്ത് 1963-ൽ രണ്ടാം ക്ലാസോടു കൂടി ബി.എസ്സി ബിരുദം നേടി. തിരുവല്ല ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളജിൽ നിന്ന് ബി.എഡ് ബിരുദം കരസ്ഥമാക്കിയശേഷം 1963 മുതൽ സെ. ജോൺസ് ഹൈസ്കൂളിൽ അധ്യാപക വൃത്തിയിൽ പ്രവേശിച്ചു. ചങ്ങനാശേരി എസ്ബി കോളജിൽ നിന്ന് എംഎസ്സി രണ്ടാം ക്ലാസോടെ 1974-ൽ പാസായി. വീണ്ടും സെ. ജോൺസിൽ അധ്യാപകനായി തുടർന്ന അദ്ദേഹം 33 വർഷത്തെ അധ്യാപനത്തിനുശേഷം 1999-ൽ ഹെഡ്മാസ്റ്ററായി വിരമിച്ചു.

1975-ൽ തിരുവല്ല വൈ.എം.സി.എയുടെ സ്ഥാപക സെക്രട്ടറിയായി ചുമതലയേറ്റ സണ്ണി സാർ 2008 വരെയുള്ള 33 വർഷക്കാലം ഇവിടെ സെക്രട്ടറിയായി മികച്ച വികസനപ്രവർത്തനം കാഴ്ചവച്ചു. അദ്ദേഹം നടപ്പിലാക്കിയ ആകർഷകമായ വികസന പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ മികച്ച ഗ്രാമീണ വൈ.എം.സി.എ ആയി മൂന്നു വർഷക്കാലം തെരഞ്ഞെടുക്കപ്പെട്ടു. തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുൻ ഡയറക്ടർ ബോർഡ് അംഗവുമായിരുന്നു.

2009-ൽ സണ്ണിസാർ തന്റെ ആദ്യപുസ്തകം പ്രസിദ്ധീകരിച്ചു. തുടർന്നുള്ള 12 വർഷങ്ങളിലായി കഥ, കവിത, ലേഖനം, ഹാസ്യവിമർശനം, ചരിത്രം, ബൈബിൾ, യാത്രാ വിവരണം, കല എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 32 പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. 2016-ൽ സാഹിത്യ രചനയ്ക്കുള്ള 'നവോത്ഥാന ശ്രേഷ്ഠ പുരസ്കാര'ത്തിന് അദ്ദേഹം അർഹനായി. 33 വർഷം താൻ അധ്യാപകനായിരുന്ന സെ. ജോൺസ് ഹൈസ്കൂളിലെ ഗതകാല സ്മരണകളെ അയവിറക്കിക്കൊണ്ട് തയ്യാറാക്കി, പ്രൊഫസ്സർ ഡോ. എബി കോശി അവതാരിക എഴുതിയ 'ഗുരുസ്മൃതി-2' എന്ന തന്റെ മുപ്പത്തിമൂന്നാമത്തെ പുസ്തകത്തിന്റെ പ്രകാശനത്തിനായി തയ്യാറെടുക്കുമ്പോഴാണ് മരണം സംഭവിച്ചത്.

മലയാളി അസോസിയേഷൻ ഓഫ് ഗ്രേയ്റ്റർ ഫിലാഡൽഫിയായുടെ (മാപ്പ്) സജീവാംഗവും കമ്മിറ്റി മെമ്പറുമായ ദീപു ചെറിയാന്റെ പിതാവായ ചെറിയാൻ പി. ചെറിയാന്റെ ദേഹവിയോഗത്തിൽ ഫോമാ വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, മാപ്പ് പ്രസിഡണ്ട് ബെൻസൺ വർഗീസ് പണിക്കർ, മുൻ പ്രസിഡണ്ട് ശ്രീജിത്ത് കോമത്ത്, ഫോമയുടെ ജുഡീഷ്യൽ കൗൺസിൽ സെക്രട്ടറി ബിനു ജോസഫ് എന്നിവരും മാപ്പ് ഭരണസമിതിയിലെ മറ്റ് അംഗങ്ങളും മാപ്പ് കുടുംബാംഗങ്ങളും അനുശോചനം രേഖപ്പെടുത്തി.

**വാർത്ത: രാജു ശങ്കരത്തിൽ**

# ട്രൈസ്റ്റേറ്റ് കേരളാ ഫോറം MCEFEE-യുമായി കൈകോർത്ത് ഓണാഘോഷം അതിഗംഭീരമാക്കാൻ പദ്ധതി

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് ഏരിയയിലെ സംഘടനകളുടെ കൂട്ടായ്മയായ ട്രൈസ്റ്റേറ്റ് കേരളാ ഫോറം, ഗാനാലാപനം, നർത്തനം, മിമിക്രി എന്നിവകൊണ്ട് വിസ്മയം ഒരുക്കാൻ കഴിവുറ്റ ഒരു പറ്റം കലാകാരന്മാരെ അണിനിരത്തിക്കൊണ്ടു ഓണാഘോഷം അതിഗംഭീരമാക്കാൻ MCEFEE എന്റർടൈൻമെന്റ് കമ്പനിയുമായി കരാർ ഒപ്പുവെച്ചു അഡ്വാൻസ് തുക കൈമാറി.

മലയാള തനിമയിൽ ഉന്നത നിലവാരം പുലർത്തുന്ന പരിപാടികളുമായി കാണികളെ രണ്ടര മണിക്കൂറോളം ആനന്ദത്തിൽ ആറാടിക്കാൻ കഴിവുള്ള പ്രതിഭകളെ അണിനിരത്തിക്കൊണ്ടു ഓണാഘോഷ പരിപാടി അവിസ്മരണീയ

**സുമോദ് തോമസ് നെല്ലിക്കാല**

മാക്കുമെന്നു MCEFEE ഭാരവാഹികൾ ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഭാരവാഹികളുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഉറപ്പു നൽകുകയുണ്ടായി.

MCEFEE എന്റർടൈൻമെന്റ് കമ്പനി അവതരിപ്പിക്കുന്ന സ്പാർക് ഓഫ് കേരള എന്ന പരിപാടികൾ ട്രൈസ്റ്റേറ്റ് കേരളാ ഫോറവുമായി പങ്കുചേർന്നാണ് ഫിലാഡൽഫിയയിൽ അരങ്ങേറുക.

ട്രൈസ്റ്റേറ്റ് ഏരിയയിലെ മുഴുവൻ മലയാളികളെയും ഒന്നിച്ചൊരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ടു ട്രൈസ്റ്റേറ്റ് കേരളാ ഫോറം അവതരിപ്പിക്കുന്ന ഓണാഘോഷ പരിപാടികൾ മെഗാ തിരുവാതിര, വിഭവ സമൃദ്ധമായ ഓണസദ്യ, മാവേലി എഴുന്നള്ളത്ത് എന്നിവകൊണ്ട് മുൻ വർഷങ്ങളിൽ ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്.

പുതുമയാർന്ന ഓണാഘോഷ പരിപാടികൾ കൊണ്ട് വീണ്ടും ചരിത്രം രചിക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങിയതായി ആഘോഷ കമ്മിറ്റി അറിയിച്ചു.

ഓഗസ്റ്റ് മാസം 23-ാം തീയതി ഫിലാഡൽഫിയയിലാണ് ഓണാഘോഷ പരിപാടികൾ അരങ്ങേറുക.

കൂടുതൽ വിവരങ്ങൾക്ക്: ബിനു മാത്യു 267 893 9571 (ചെയർമാൻ), സാജൻ വർഗീസ് 215 906 7118 (സെക്രട്ടറി), ജോർജ് ഓലിക്കൽ 215 873 4365 (ട്രഷറർ), അഭിലാഷ് ജോൺ 267 701 3623 (ഓണാഘോഷ ചെയർമാൻ), വിൻസെന്റ് ഇമ്മാനുവേൽ 215 880 3341 (പ്രോഗ്രാം കോ-ഓർഡിനേറ്റർ), അരുൺ കോവാട്ട് 215 681 4472 (പ്രോഗ്രാം പ്രൊഡ്യൂസർ).






# ആദർശങ്ങളുടെ വരൾച്ചയും മൂല്യതകളുടെ ചോർച്ചയും

പാസ്റ്റർ മാത്യു വർഗീസ്

ഡാളസ്: ആർഷഭാരതത്തിന്റെ ആദർശങ്ങളും ആചാരങ്ങളും പുകഴ്ത്തി പറഞ്ഞ ഒരു ജനതതി ആയിരുന്നു നമ്മൾ. കടലുകൾ കടന്ന് ആവേശത്തോടെ ആഗ്രഹത്തോടെ അമേരിക്കയുടെ മണ്ണിൽ നങ്കൂരം ഉറപ്പിച്ചു വർഷങ്ങൾ തിരിഞ്ഞുനോക്കുമ്പോൾ മനസ്സുകൾ കേഴുന്നു. ചോദ്യങ്ങൾ ശരംകണക്കേ ഹൃദയത്തിന്റെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങുന്നു. പതിറ്റാണ്ടുകൾ പടുത്തുയർത്തിയ ജീവിതമൂല്യങ്ങളും ധാർമികതയും ചില്ലുകൊട്ടാരം പോലെ തകർന്ന കാഴ്ചകൾ നോക്കി നെടുവീർപ്പിടുന്ന മനുഷ്യ മനസ്സുകൾ.

ഒന്നിനും കുറവില്ലാത്ത സമ്പൽസമൃദ്ധിയുടെ മടിത്തട്ടിൽ കിടക്കുമ്പോഴും നഷ്ടബോധത്തിന്റെ ഓർമ്മകൾ ചൂഴ്ന്നിറങ്ങുകയാണ്. വിജയത്തിന്റെ പടവുകൾ ചവിട്ടിക്കയറുമ്പോഴും പാദങ്ങൾ ഇടറുന്നുവോ എന്ന് ചോദിക്കുന്ന വ്യക്തിത്വങ്ങൾ? എവിടെയും അടുപ്പിക്കുവാൻ കിണഞ്ഞ് ശ്രമിക്കുമ്പോഴും അകന്നു മാറിക്കൊണ്ടിരിക്കുന്ന പാശ്ചാത്യ പൗരസ്ത്യ സംസ്കാരത്തിന്റെ വിള്ളലുകൾക്കിടയിൽ കിടന്ന് നട്ടംതിരിയുന്ന ഒരു രണ്ടാം തലമുറയും മൂന്നാം തലമുറയും പലപ്പോഴും പലരിലും അങ്കലാപ്പുകൾ സൃഷ്ടിക്കുകയാണ്. ജീവിതത്തിന്റെ അടിത്തറ എന്ന് വിശേഷിപ്പിക്കുന്ന ധാർമികതയുടെ അധപതനം സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ കൊടി ഉയർത്തിയില്ലേ?

കറപുരളാതെ കാത്തുസൂക്ഷിച്ച മതത്തിന്റെ സന്ദേശങ്ങളും സമൂഹത്തിന്റെ അഭിമാനമായിരുന്ന പൊതു മര്യാദകളും അശുദ്ധിയുടെ സുനാമി തള്ളിക്കയറുവാൻ തുടങ്ങിയപ്പോൾ ചീട്ടു കൊട്ടാരം പോലെ നിലംപൊത്തി. അതിർവരമ്പുകളെ ലംഘിച്ചുകൊണ്ട് അംഗീകാരത്തിനും അനുമോദനത്തിനും വേണ്ടി നെട്ടോട്ടമോടിയപ്പോൾ പ്രതീക്ഷിച്ചതല്ല കൈകളിൽ ഏറ്റുവാങ്ങിയത് പ്രത്യുതാ തകർന്നുടഞ്ഞ കുടുംബബന്ധങ്ങൾ, പരക്കം പായുന്ന മക്കൾ, വേവലാതി പൂണ്ട മാതാപിതാക്കൾ.

വ്യത്യസ്ത സംസ്കാരങ്ങളുടെ കൂട്ടിമുട്ടലുകൾക്കിടയിൽ മാതാപിതാക്കൾ ഞെരിഞ്ഞമർന്ന് കത്തുകയാണ്. അശ്ലീലം എന്ന പദം പോലും സമൂഹത്തി



ലേഖകൻ

ന്റെ നിഘണ്ടുവിൽനിന്ന് തുടച്ചുമാറ്റിയ ഈ കാലഘട്ടത്തിൽ എന്ത് അനുകരിച്ചാലും എന്ത് പ്രവർത്തിച്ചാലും തെറ്റ് എന്ന് പറയുവാൻ മടികാണിക്കുന്ന ഈ കാലഘട്ടം എന്നും നമുക്കൊരു വെല്ലുവിളിയാണ്.

വിവാഹമെന്ന മാന്യ കൽപ്പനയുടെ മൂല്യതയെ തല്ലി തകർക്കുന്ന ഭരണകൂടങ്ങളും നേതൃത്വങ്ങളും സമൂഹത്തിന് ഒരു ശാപം അല്ലേ? ലോകത്തിന് മഹാത്മാഗാന്ധി അഹിംസയുടെ ഒരു ചൂണ്ടുപലകയാണ്. ഭാരത സംസ്കാരത്തിന് രാജാറാം മോഹൻ റോയ് അനാചാരത്തിനെതിരെ ഒരു ചലിക്കുന്ന നാവായി മാറി. അമേരിക്കയുടെ മണ്ണിൽ അടിമത്വത്തിനെതിരെ കാൽവെപ്പ് നടത്തി പ്രകീർത്തിക്കപ്പെട്ട ഒരു മഹദ് വ്യക്തിയത്രെ എബ്രഹാം ലിങ്കൺ. ഈ മഹദ് വ്യക്തിത്വങ്ങൾ നമ്മെ അറിയിക്കുന്ന സന്ദേശം ഏത് കാലഘട്ടത്തിലും ഞാനെന്നും ഒരു നിർമല സത്യത്തെയും നന്മയുടെയും ആദർശങ്ങളുടെയും ചൂണ്ടുപലകങ്ങളായി മാറണമെന്നല്ലേ?

എല്ലാം കണ്ടിട്ടും ഒന്നും കണ്ടില്ലെന്ന് നടിക്കുകയും എല്ലാം കേട്ടിട്ടും ഒന്നും കേട്ടില്ലെന്ന് നടിച്ചുകൊണ്ട് യാത്ര ചെയ്യുന്ന സമൂഹം എപ്പോഴും ഒരു ചത്ത സിംഹത്തിനും കുരയ്ക്കുവാൻ കഴിയാത്ത ഊമനായ്ക്കൾക്കും തുല്യമത്രേ (യെശയ്യാവ് 56:10) ഇത് അധപ്പതനത്തിലേക്കുള്ള ഒരു പദയാത്രയാണ്.

പ്രശംസയേക്കാൾ പവിത്രതയും അനുകരണത്തേക്കാൾ ആദർശങ്ങൾക്കും വിലകൽപ്പിക്കുവാൻ നാമൊരുങ്ങേണ്ടിയിരിക്കുന്നു. ആഡംബരത്തിന്റെ തള്ളിക്കയറ്റം സമൂഹത്തിൽ വ്യാപരിക്കുവാൻ തുടങ്ങിയപ്പോൾ പരസ്പര സ്നേഹത്തിന്റെയും സഹകരണത്തിന്റെയും കണ്ണികൾ മുറിഞ്ഞു മാറുവാൻ തുടങ്ങി. വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും ഒരുകാലത്ത് നിധിക്ക് തുല്യമായി കാത്തുസൂക്ഷിച്ചിരുന്നു.

എന്നാൽ ദുഃഖം എന്ന് പറയട്ടെ അത്യാധുനികതയുടെയും സാങ്കേതികതയുടെയും തള്ളിക്കയറ്റം സമൂഹത്തിലും കുടുംബത്തിലും സ്ഥാനംപിടിച്ചു കഴിഞ്ഞപ്പോൾ ഒത്തൊരുമയുടെയും സഹകരണത്തിന്റെയും മുളകൾ മുരടിക്കുവാൻ തുടങ്ങി. തിരക്കുപിടിച്ച ജീവിതത്തിന്റെ നെട്ടോട്ടത്തിനിടയിൽ വിലകൂടിയ പലതും ജീവിതത്തിൽ പൈതൃകമായി ലഭിച്ചതും എവിടെയോ നഷ്ടപ്പെട്ടുപോയി. സമ്പത്തുകളുടെ സമാഹാരം വർദ്ധിപ്പിച്ചുവെങ്കിലും സമൂഹത്തിൽ ഒരിടം കണ്ടെത്തുവാൻ കഴിയാതെ ഞെരുങ്ങുന്ന ജീവിതങ്ങൾ. നേട്ടങ്ങളും ഉയർച്ചകളും ക്ഷണികമത്രേ എന്നാൽ കാലഘട്ടത്തിന്റെ കുത്തൊഴുക്കിന്റെ നടുവിൽ പെട്ടുപോകാതെ കൈവിട്ടുപോയ ജീവിതമൂല്യങ്ങളെയും ധാർമികതയെയും നമുക്ക് ഉയർത്തിപ്പിടിക്കാം.

മുഖംമൂടികൾ അഴിച്ചു മാറ്റിവെച്ച് യഥാർത്ഥ വ്യക്തിത്വത്തിന്റെ ഒരു നല്ല ഉടമയായി പ്രതിബിംബമായി നാം മാറട്ടെ. അനീതിയും അധർമ്മവും വിളയാട്ടം നടത്തുന്ന ചുറ്റുപാടുകളുടെ നടുവിൽ അവയുടെ നീരാളി പിടുത്തത്തിൽ കുടുങ്ങി നാം തളർന്നു പോകരുത്. ലക്ഷ്യബോധവും കർമ്മബോധവും ആലിംഗനം ചെയ്തുകൊണ്ട് പ്രതിസന്ധികളുടെ ഇടയിൽ നട്ടംതിരിയാതെ ഒരു ജൈത്രയാത്ര നടത്തുവാൻ സമൂഹം എഴുന്നേൽക്കട്ടെ. ഉണരട്ടെ.

# പ്രഫ. ജോസഫ് തോമസ് പ്രാക്കുഴി അന്തരിച്ചു



ഡാളസ്: ഡാളസ് കേരള അസോസിയേഷൻ മുൻ ഡയറക്ടർ ബോർഡ് അംഗം ചങ്ങനാശേരി മാടപ്പള്ളി ജോസഫ് തോമസ് പ്രാക്കുഴി (മാമച്ചൻ-78) ഡാളസിൽ അന്തരിച്ചു. പരേതരായ പി.സി. തോമസിന്റെയും കത്രീനാമ്മയുടെയും മകനാണ്. ഡാളസിലെ സീറോമലബാർ ഫൊറോന കാത്തലിക് ചർച്ചിലെ സെ. തോമസ് ദി അപ്പോസ്തലേറ്റിന്റെ വളരെ സജീവവും സമർപ്പിതനുമായ അംഗമായിരുന്നു. ഭാര്യ അമ്മാൾ ചെറിയാൻ പരേതനായ താന്നിക്കൽ ചെറിയാന്റെയും ശോശാമ്മ ചെറിയാന്റെയും മകളാണ്. മകൻ: മനു ചെറിയാൻ. മരുമകൾ: റിക്കി. സഹോദരങ്ങൾ: പി,ടി. ആന്റണി, മേജർ പി.ടി. ചെറിയാൻ, ലീലാമ്മ ജോസഫ്, റോസമ്മ ജോസഫ്, പി.ടി. സെബാസ്റ്റ്യൻ (ഡാളസ് കേരള അസോസിയേഷൻ ആൻഡ് ഐസിഇസി ഡയറക്ടർ).

കുറുമ്പനാടത്തെ സെ. പീറ്റേഴ്സ് ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പൂനെയിലെത്തി ബി.കോമിൽ ബിരുദവും, ബിഎഡും പൂർത്തിയാക്കിയശേഷം സെ. വിൻസെന്റ്സ് (നൈറ്റ്) കോളജ് ഓഫ് കൊമേഴ്സിൽ അദ്ധ്യാപകനായി. തുടർന്ന് പൂനെ സർവകലാശാലയിൽ നിന്നും എംകോമും എംഫിലും നേടി.

13 വർഷം പ്രഫസറായി ജോലി ചെയ്തശേഷം 1991-ൽ കുടുംബത്തോടൊപ്പം യുഎസിലേക്ക് കുടിയേറി. 2011-ൽ വിരമിക്കുന്നതുവരെ എൽ സെൻട്രോ കാമ്പസിലെ ഡാളസ് കോളജിൽ സർട്ടിഫിക്കറ്റ് ഓഫ് പബ്ലിക് അക്കൗണ്ട്സ് (സിപിഎ) അദ്ധ്യാപകനായിരുന്നു.

# മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ 2025-ലെ പ്രവർത്തനങ്ങൾ

ജോർജ് ജോസഫ് തൊടുപുഴ

ചിക്കാഗോ: മലയാളികൾക്കിടയിൽ കൂട്ടായ്മയുടെയും സംസ്കാരത്തിന്റെയും സംഘാടനത്തിന്റെയും നിതാന്ത സാന്നിദ്ധ്യമായി ശ്രദ്ധേയവും നിസ്തുലവുമായ പ്രവർത്തനങ്ങളുടെ ഒരു ദശാബ്ദം പിന്നിട്ട മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോ (എംഎജിസി) അതിന്റെ പുതിയ പതിറ്റാണ്ടിന്റെ പ്രവർത്തനങ്ങൾ ഗംഭീരമായ പരിപാടികളോടെ 2025-ൽ വിവിധ മാസങ്ങളിലായി നടത്തുന്നു.

ഈ വർഷത്തെ പ്രധാന പരിപാടികൾ മെയ് 17-ന് ഗ്രേയ്സ്ലേക്ക് ഹിന്ദു മന്ദിർ ഓഫ് ലേക്ക് കൗണ്ടി ഓഡിറ്റോറിയത്തിൽവെച്ച് നടക്കുന്ന മെഗാ കലാമേളയോടു കൂടിയാണ് ആരംഭിക്കുന്നത്. ആസ്വാദനത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് മത്സരത്തിന്റെ ചട്ടക്കൂടുകൾ ഒഴിവാക്കി പ്രായഭേദമെന്യേ ഏതൊരു കലാരൂപവും വേദിയിൽ അവതരിപ്പിക്കാവുന്ന രീതിയിൽ വലിയ ഒരു കലയുടെ ആഘോഷമായിട്ടാണ് ഈ മെഗാ കലാമേള ക്രമീകരിച്ചിരിക്കുന്നത്.




എംഎജിസി തിരുവോണം, ഓഗസ്റ്റ് 16-ന് ചിക്കാഗോ സീറോ മലബാർ മാർത്തോമ്മാശ്ലീഹാ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വെച്ച് കേരളത്തിന്റെ പാചക കുലപതി പഴയിടം മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ഒരുക്കുന്ന ഗംഭീര സദ്യയോടും മിഡ്വെസ്റ്റിലെ പ്രഗത്ഭരായ കലാകാരന്മാർ ഒരുക്കുന്ന കലാപരിപാടികളോടും കൂടി നടത്തപ്പെടും. മലയാളികളുടെ ഭക്ഷണരീതിയിലെ വിഭവസമൃദ്ധിക്ക് ലോകശ്രദ്ധ നേടിക്കൊടുത്ത, പകരംവെക്കാനില്ലാത്ത കേരളീയ രുചിയനുഭവത്തിന്റെ അളവുകോലായ പഴയിടം തിരുമേനിയുടെ സദ്യയും കേരള സംസ്കാരം വിളിച്ചോതുന്ന മിന്നും പ്രകടനങ്ങളും കൊണ്ട് അമേരിക്കയിലെ ഏറ്റവും പ്രൗഢമായ ഓണാഘോഷ പരിപാടികൾക്കാണ് അണിയറയിൽ ഒരുക്കങ്ങൾ നടക്കുന്നത്.

മഞ്ഞണിഞ്ഞ വീഥികളും കണ്ണുചിമ്മുന്ന വഴിവിളക്കുകളും കൊണ്ട് അലംകൃതമായ അന്തരീക്ഷം നിറഞ്ഞുനിൽക്കുന്ന വർഷാവസാന കാലം-അമേരിക്കൻ ഹോളിഡേ സീസൺ, നൃത്തവും സംഗീതവും സാന്റയും കരോളും പുതുവർഷാഘോഷവും എല്ലാം ചേർത്ത് ചിക്കാഗോ മലയാളികൾക്ക് ഒരു ഉത്സവകാലമാക്കിത്തീർക്കാൻ എംഎജിസി ക്രിസ്മസ് ന്യൂഇയർ സെലിബ്രേഷൻ ഡിസംബർ 13-ന് ചിക്കാഗോ സീറോ മലബാർ മാർത്തോമ്മാശ്ലീഹാ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വെച്ച് കൊണ്ടാടുവാനും തീരുമാനിച്ചു.

ബൃഹത്തായ കലാസാംസ്കാരിക ആഘോഷപരിപാടികളോടൊപ്പം തന്നെ കുട്ടികൾക്കായി ചെസ് വർക്ക്ഷോപ്പ്, സോക്കർ ക്യാമ്പുകൾ, വിഷു-ഈസ്റ്റർ ആഘോഷം തുടങ്ങി നിരവധി മറ്റ് പരിപാടികളും എംഎജിസി ഈ വർഷം ഒരുക്കിയിട്ടുണ്ട്. മാജിക്ക് എന്ന വിളിപ്പേരിൽ ചിക്കാഗോ മലയാളികളുടെ സന്തത സഹചാരിയായ എംഎജിസിയുടെ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് എന്നും പ്രോത്സാഹനവും പിന്തുണയുമായി കൂടെ നിൽക്കുന്ന എല്ലാ മലയാളികൾക്കും പ്രിയപ്പെട്ട രക്ഷാധികാരികൾക്കും ഉള്ള നന്ദി അറിയിക്കുന്നതോടൊപ്പം 2025-ലെ എല്ലാ പരിപാടികളിലേക്കും അമേരിക്കൻ മലയാളികളേവരെയും ഹൃദയപൂർവം സ്വാഗതം ചെയ്യുന്നതായും പ്രസിഡണ്ട് സുശീൽകുമാർ, കമ്മിറ്റി അംഗങ്ങളായ ഷൈലേഷ് മേനോൻ, മണികണ്ഠൻ ചന്ദ്രിൻ, സ്വപ്ന വേണുഗോപാൽ, രൺദീപ് രഘു എന്നിവർ അറിയിച്ചു.

# നാം സാക്ഷാൽ സ്വതന്ത്രരോ?

ഏലിയാമ്മ ലൂക്കോസ്

സ്വാതന്ത്ര്യം ആഗ്രഹിക്കാത്തവർ ആരുമില്ല. രാജ്യങ്ങൾ സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ എല്ലാവരും സന്തോഷിക്കുന്നു. അമേരിക്ക 1776-ൽ സ്വാതന്ത്ര്യം പ്രാപിച്ചു. ഇന്ത്യ 1947-ൽ ബ്രിട്ടീഷുകാരിൽ നിന്നു സ്വാതന്ത്ര്യം നേടി. സൂര്യൻ അസ്തമിക്കാത്ത നാടെന്ന് ലണ്ടനെക്കുറിച്ചു പറയുമല്ലോ. കാരണമെന്തെന്ന് അന്വേഷിച്ചു മനസ്സിലാക്കി. ലോകത്തിലെ മിക്ക രാജ്യങ്ങളും ബ്രിട്ടീഷുകാരുടെ അടിമകളായിരുന്നു. അതിനാൽ അവിടെയെല്ലാം സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു. അവരുടെ കീഴിലുള്ള രാജ്യങ്ങളിലെല്ലാം സൂര്യൻ ഉദിക്കുമ്പോൾ അവർക്കെല്ലാം വെളിച്ചമാണ്. ഇംഗ്ലണ്ടിൽ സൂര്യൻ അസ്തമിക്കുമ്പോൾ അവരുടെ കീഴിലുള്ള ഇന്ത്യയിൽ സൂര്യൻ ഉദിച്ചിരിക്കുന്നു. അങ്ങനെ അവർ സൂര്യനസ്തമിക്കാത്ത രാജ്യമെന്ന പേരിനർഹരായി.

രാജ്യങ്ങൾ സ്വതന്ത്രമായാലും വ്യക്തികൾ സ്വതന്ത്രരല്ല. പലതരത്തിലും അവർ അടിമകളാണ്. ചിലർ മദ്യത്തിനും ചിലർ മയക്കുമരുന്നിനും അടിമകളാണ്. ക്രിസ്തു നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും. അല്ലെങ്കിൽ നാമൊരിക്കലും സ്വതന്ത്രരാകയില്ല. സ്വാതന്ത്ര്യം എന്നത് മനുഷ്യന്റെ ജന്മാവകാശവും അഭിലാശവും ആവേശവുമാണ്. അവ നേടിയെടുക്കുവാൻ ജീവൻ ബലികഴിച്ചവരുണ്ട്. ഇസ്രയേൽ ജനം 430 വർഷം മിസ്രമയീമിനു അടിമ ആയിരുന്നു. അവർക്ക് സ്വാതന്ത്ര്യം നേടിയെടുക്കാൻ ഒരു നേതാവിനെ ആവശ്യമായിരുന്നു. അതിനായി ദൈവം മോശയെ തെരഞ്ഞെടുത്തു. മോശ സഹിച്ച കഷ്ടതകൾ വളരെ വളരെയാണ്. ഫറവോന്റെ അടിമത്വത്തിൽ നിന്ന് ദൈവം അവരെ വിടുവിച്ചു. ഉദ്ധാരണത്തിനായി ദൈവം മോശയെ ഉപയോഗിച്ചു. ദൈവം ഓരോ സമയങ്ങളിലും മോശയ്ക്ക് ഉപദേശം കൊടുത്തു നടത്തി.

സ്വാതന്ത്ര്യം നേടുവാൻ വേണ്ടി പോരാടി ജീവത്യാഗം വരിച്ച പലരുമുണ്ട്. ഇന്ത്യയെ ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും വീണ്ടെടുക്കാനായി ആഫ്രിക്കയിൽ അഭിഭാഷകനായിരുന്ന മഹാത്മാഗാന്ധി ഇന്ത്യയിൽ മടങ്ങിയെത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വിമോചനസമരം നടത്തിയ പല മഹത് വ്യക്തികളുണ്ട്. സരോജിനി നായിഡുവിനെപ്പോലെ പോരാടിയ വനിതകളുമുണ്ട്. ഇന്നത്തെ തലമുറ അവരെ ഓർക്കാറില്ല. തിരുവനന്തപുരത്ത് രാജ്ഭവന്റെ മുമ്പിലായി വഴിവക്കിൽ ഗാന്ധിത്തൊപ്പി ധരിച്ചു നില്ക്കുന്ന ഒരു വനിതയുടെ പ്രതിമയുണ്ട്. അതുവഴി യാത്ര ചെയ്യുന്നവർപോലും അത് ആരാണെന്ന് തിരക്കാറില്ല. അത് ശ്രീമതി അക്കാമ്മ ചെറിയാന്റെ പ്രതിമയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു സമുന്നത നേതാവായിരുന്നു അവർ.


ലേഖിക

അടിമത്തം സ്വാതന്ത്ര്യത്തിന്റെ ശത്രുവാണ്. അടിമകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവർ ഇന്ത്യയിലുണ്ട്. രാജാറാം മോഹൻറായ് തുടങ്ങി പലരുടെയും പേരുകൾ എടുത്തു പറയാനുണ്ട്. 'സതി' എന്ന ഏറ്റവും നികൃഷ്ടമായ അടിമത്വത്തിൽ നിന്ന് ഇന്ത്യയെ രക്ഷിക്കാൻ വില്യം കേറിയെപ്പോലുള്ള വിദേശിയർ പോരാടിയിട്ടുണ്ട്. ജീവനുള്ള സ്ത്രീകളെ തീയിലിട്ടു ദഹിപ്പിക്കുന്ന കാഴ്ച ആരെയും തളർത്തുന്നവയാണ്. ഇന്നും അനേക അന്ധവിശ്വാസങ്ങളുടെ നടുവിലാണ് പലരും. ഇങ്ങനെയുള്ള അന്ധവിശ്വാസങ്ങളുടെ ബന്ധനത്തിൽ നിന്നു ജനം സ്വതന്ത്രമാകണം. ബ്ലാക്ക് മാജിക്ക് എന്ന മന്ത്രവാദത്തിനടിമയായ ഫ്രജിത്തു പിതാവിനെ കഴുത്തറുത്തു കൊന്നത് നാം അറിഞ്ഞല്ലോ. എത്രയെത്ര കുടുംബങ്ങളാണ് ഈ വിധത്തിലുള്ള അടിമത്വത്തിൽപ്പെട്ട് നശിച്ചുകൊണ്ടിരിക്കുന്നത്? ക്രിസ്തു നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും.

അടിമകളുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ഒരായുസ്സ് മുഴുവൻ അടരാടിയ ഒരു മഹത് വ്യക്തിയായിരുന്നു ഇംഗ്ലണ്ടിലെ ധനാഢ്യകുടുംബത്തിൽ ജനിച്ച വില്യം വിൽബർ ഫോഴ്സ്. അതുപോലെ അമേരിക്കയിലെ അടിമകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി ഒടുവിൽ വെടിയേറ്റു മരിച്ച 16-ാമത്തെ പ്രസിഡണ്ടായിരുന്നു ഏബ്രഹാം ലിങ്കൺ. അദ്ദേഹത്തിന്റെ ഏറ്റവും വലിയ നേട്ടം അടിമക്കച്ചവടം നിർത്തലാക്കി എന്നതാണ്. ലോകത്തിലെ മാനവവർഗ്ഗത്തെ മുഴുവൻ പാപത്തിന്റെ അടിമത്വത്തിൽ നിന്നും മോചിപ്പിക്കുവാൻ രണ്ടായിരത്തിലധികം വർഷങ്ങൾക്കു മുൻപ് ജീവത്യാഗം ചെയ്ത യേശുക്രിസ്തുവാണ് മഹോന്നതൻ. ആ സ്വാതന്ത്ര്യം അനുഭവിക്കുന്ന കോടാനുകോടികൾ ഇന്നു സംതൃപ്തരായി ഈ ഭൂമുഖത്തുണ്ട്. സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചുനില്ക്കണം. ഇനിയും അടിമനുകത്തിൽ അകപ്പെട്ടു പോകരുത്.

നമുക്കു നമ്മെത്തന്നെ ഒന്നു പരിശോധിക്കാം. നാം ലഹരിക്ക് അടിമയാണോ? രക്ഷപ്പെടാൻ ഒരേയൊരു മാർഗ്ഗം ക്രിസ്തു തന്നെ. "ഞാൻ തന്നെ വഴിയും സത്യവും ജീവനും" എന്നു വിളിച്ചുപറഞ്ഞ യേശുക്രിസ്തു നമ്മെ സ്വതന്ത്രരാക്കും. ലഹരിമരുന്നുകൾ നമ്മെ നശിപ്പിക്കും. പുകവലി, മദ്യപാനം എന്നിവ കാൻസർ ദാനം ചെയ്യുന്നു. യേശുനാഥൻ നമുക്കു സ്വർഗ്ഗം ദാനം ചെയ്യുന്നു. മന്ത്രവാദം അനേകരെ കൊല്ലാൻ ഉതകുന്നു, നരകം ദാനം ചെയ്യുന്നു. നമുക്ക് ഏതാണ് വേണ്ടത്? സ്വർഗ്ഗമോ നരകമോ? നരബലി ചെയ്യുന്നവർ ഇന്നും ഈ 21-ാം നൂറ്റാണ്ടിലും ഉണ്ട് എന്നത് എത്ര കഷ്ടമാണ്. സ്വന്തം കുഞ്ഞുങ്ങളെ ഗംഗാനദിയിൽ എറിഞ്ഞു കൊല്ലുന്ന മാതാപിതാക്കൾ എന്താഗ്രഹിക്കുന്നു? മോക്ഷമോ? അവർ നിത്യനരകാഗ്നിയിലെത്തും, നിശ്ചയം! നമുക്കും എന്തും തെരഞ്ഞെടുക്കാം. സ്വാതന്ത്ര്യം ആഗ്രഹിക്കുന്നുവോ? അല്ല അടിമത്വം ഇഷ്ടപ്പെടുന്നുവോ?

ക്രിസ്തു നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും. അന്യായ ബന്ധനങ്ങൾ അഴിഞ്ഞുമാറും. അടിമ നുകത്തിൽ അകപ്പെടുകയില്ല. നിശ്ചയം!

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 86.73 |
| യൂറോ | 90.89 |
| സ്റ്റെർലിംഗ്പൗണ്ട് | 109.74 |
| സ്വിസ് ഫ്രാങ്ക് | 96.55 |
| സിംഗപ്പൂർ ഡോളർ | 64.88 |
| കനേഡിയൻ ഡോളർ | 61.08 |
| ഒമാൻ റിയാൽ | 225.27 |
| ബഹ്റൈൻ ദിനാർ | 230.09 |
| സൗദി റിയാൽ | 23.12 |
| യു.എ.ഇ. ദിർഹം | 23.61 |
| കുവൈത്ത് ദിനാർ | 281.11 |

# 'കരുതൽ' സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു

കോട്ടയം: നവാഗത സംവിധായകൻ ജോമി ജോസ് കൈപ്പാറേട്ട് കഥയെഴുതി സംവിധാനം ചെയ്യുന്ന 'കരുതൽ' എന്ന സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പ്രശസ്ത സിനിമാ താരങ്ങളായ അനൂപ് മേനോൻ, മിയ ജോർജ്, ജോൺ കൈപ്പിള്ളി, അജയ് വാസുദേവ്, പ്രശാന്ത് മുരളി തുടങ്ങിയവരുടെ സോഷ്യൽ മീഡിയ പേജുകളിലൂടെ റിലീസ് ചെയ്തിരിക്കുന്നു. വിദേശത്തേക്ക് ജോലിക്കായി പോകുന്ന യുവതലമുറയുടെ ആകുലതകളും നാട്ടിലെ വീടുകളിൽ ഒറ്റയ്ക്കായി പോകുന്ന മാതാപിതാക്കളെ തേടി കടന്നുവരുന്ന സീരിയൽ കില്ലേഴ്സിന്റെയും അവരുടെ ഇരകളുടെയും കഥയാണ് 'കരുതൽ' എന്ന ചിത്രത്തിന്റെ പ്രമേയം. പ്രശസ്ത ഛായാഗ്രാഹകൻ സാബു ജെയിംസ് ആണ് തിരക്കഥയും സംഭാഷണവും എഴുതി ക്യാമറ ചലിപ്പിക്കുന്നത്. ചിത്രത്തിന്റെ ചിത്രീകരണം ഉഴവൂർ, ഏറ്റുമാനൂർ, പുതുവേലി, കല്ലറ, കിടങ്ങൂർ ലിറ്റിൽ ലൂർദ് ആശുപത്രി, പെരുമ്പാവൂർ, മൂവാറ്റുപുഴ, പിറവം തുടങ്ങിയ വിവിധ ലൊക്കേഷനുകളിലാണ് ഷൂട്ടിങ് പൂർത്തിയാക്കിയത്.




പ്രശാന്ത് മുരളിയും ഐശ്വര്യ നന്ദനുമാണ് പ്രധാന റോളുകളിൽ എത്തുന്നത്. പ്രശസ്ത താരങ്ങളായ സിബി തോമസ്, സുനിൽ സുഖദ, കോട്ടയം രമേഷ്, സ്റ്റീഫൻ ചെട്ടിക്കൻ, ആർജെ സുരാജ്, തോമസുകുട്ടി ഏബ്രഹാം എന്നിവർക്കൊപ്പം മനുഭഗവത്, ജോ സ്റ്റീഫൻ, റോബിൻ സ്റ്റീഫൻ, വിവീഷ് വി. റോൾഡന്റ്, ജോസ് കൈപ്പാറേട്ട്, ഷിജോ കുര്യൻ, റിജേഷ് കൂറാനാൽ, (ശേഷം 30-ാം പേജിൽ)



# ഐകെസിസി വാലന്റൈൻസ് ആഘോഷം വർണാഭമായി



ന്യൂയോർക്ക്: ഇന്ത്യൻ ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 2025 വാലന്റൈൻസ് ആഘോഷം വർണശബളമായി.

ഫെബ്രുവരി 15-ന് റോക്‌ലാൻഡ് കമ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 6-ന് ആരംഭിച്ച് അർദ്ധരാത്രി വരെ

**സാബു തടിപ്പുഴ**

നീണ്ടുനിന്ന ആഘോഷത്തിൽ 80-ൽപ്പരം ദമ്പതികൾ പങ്കെടുത്തു.

വിവിധയിനം സൗഹൃദ മത്സരങ്ങൾ, കുസൃതി ചോദ്യങ്ങൾ, വ്യത്യസ്തങ്ങളായ ഗെയിംസ്, കപ്പിൾ ഡാൻസ്, ഡീജെ. റീൽസ് മത്സരം, വെഡ്ഡിംഗ് ഫോട്ടോ ആൽബം, ആനിവേഴ്സറി ആഘോഷങ്ങൾ, റാഫിൾ, ലക്കി കപ്പിൾ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള സംവേദനാത്മകവും വിനോദപരവുമായ ഗെയിമുകളുടെ ഒരു പരമ്പരയും സായാഹ്നത്തിൽ അവതരിപ്പിച്ചു.



ഇതു മുഴുവൻ കാണികളുടെയും ശ്രദ്ധ പിടിച്ചുപറ്റാനും ഒരു സായാഹ്നം ആഘോഷരാവാക്കാനും കാരണമായി.

വാലന്റൈൻസ് ഡേ ഡെക്കറേഷൻ ഉള്ള ഫോട്ടോ ബൂത്ത് പങ്കെടുത്തവർക്ക് വളരെയധികം ചിത്രങ്ങളെടുക്കാനുള്ള ഹൃദ്യമായ അവസരം നല്കി.

പരിപാടികൾക്ക് ഐകെസിസി പ്രസിഡണ്ട് സ്റ്റീഫൻ കിടാരത്തിൽ, വൈസ് പ്രസിഡണ്ട് മിനിമോൾ തയ്യിൽ, സെക്രട്ടറി സാൽബി മാക്കിൽ, ജോ. സെക്രട്ടറി സാബു തടിപ്പുഴ, ട്രഷറർ രഞ്ജി മണലേൽ തുടങ്ങിയവർ നേതൃത്വം നല്കി.

മോശപ്പെട്ട കാലാവസ്ഥയിലും വാലന്റൈൻസ് സെലിബ്രേഷൻസ് ഒരു വമ്പൻ വിജയമാക്കുവാൻ സഹകരിച്ച എല്ലാ കമ്യൂണിറ്റി മെംബേഴ്സിനോടും എക്സിക്യൂട്ടീവ്സ് അകമഴിഞ്ഞ നന്ദി അറിയിച്ചു.



# ഫൊക്കാന ട്രസ്റ്റി ബോർഡ് മെമ്പേഴ്സ് ആയി മാമ്മൻ സി. ജേക്കബും ജെയ്ബു കുളങ്ങരയും

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാനയുടെ പ്രധാന ബോഡിയായ ട്രസ്റ്റി ബോർഡിൽ ഫൊക്കാനയുടെ സീനിയർ നേതാക്കളായ മാമ്മൻ സി. ജേക്കബിനെയും ജെയ്ബു കുളങ്ങരയെയും മെമ്പേഴ്സ് ആയി നിയമിച്ചതായി ട്രസ്റ്റി ബോർഡ് ചെയർ ജോജി തോമസ് അറിയിച്ചു.

### ഡോ. മാമ്മൻ സി. ജേക്കബ്

ഫൊക്കാനയുടെ മുൻ ട്രസ്റ്റി ബോർഡ് ചെയർമാൻ ആയിരുന്ന ഡോ. മാമ്മൻ സി. ജേക്കബ്, ഫൊക്കാനയുടെ തല മുതിർന്ന നേതാക്കൻമാരിൽ ഒരാളാണ്. പ്രതിസന്ധികളെയും വ്യവഹാരങ്ങളെയും വിവാദങ്ങളെയും തരണം ചെയ്തുകൊണ്ട് ഫൊക്കാനയുടെ ഭരണഘടനയുടെ സംരക്ഷകൻ എന്ന പേരിൽ ആണ് അദ്ദേഹം അറിയപ്പെടുന്നത്. കോടതി വ്യവഹാരങ്ങൾക്കു പുറമെ കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളും അധികാര കൈമാറ്റവുമൊക്കെ വലിയ വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ട് മുന്നേറിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു ഡോ. മാമ്മൻ സി. ജേക്കബ് ട്രസ്റ്റി ബോർഡിനെ നയിച്ചത്. പ്രതിസന്ധികളിൽ തളരാതെ നിരന്തരമായ ചർച്ചകളിലൂടെ അകന്നു നിന്നവരെ അനുരഞ്ജന മേശയ്ക്കുചുറ്റും പലവട്ടം എത്തിച്ച് പരിഹാരം കണ്ടെത്താൻ കഴിഞ്ഞ വ്യക്തിയാണ് അദ്ദേഹം. ഈ അനുഭവ സമ്പത്താണ് അദ്ദേഹത്തെ തേടി വീണ്ടും ട്രസ്റ്റി ബോർഡ് മെമ്പർ സ്ഥാനം എത്തുന്നത്.

ഫൊക്കാനയുടെ മുൻ ജനറൽ സെക്രട്ടറി കൂടിയായ അദ്ദേഹം എക്കാലവും സംഘടനാ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ള വ്യക്തിയാണ്. ഡോ. മാമ്മൻ സി. ജേക്കബ് 1996-ൽ ഫൊക്കാനയിൽ ഏറ്റവും കൂടുതൽ ജനപങ്കാളിത്തമുണ്ടായ റോചെസ്റ്റർ കൺവൻഷന്റെ അമരക്കാരനായിരുന്നു. 1998-ൽ റോചെസ്റ്റർ കൺവൻഷനിൽ ഏതാണ്ട് 8000 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ചരിത്ര വിജയമാക്കി മാറ്റാൻ സെക്രട്ടറി എന്ന നിലയിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ഫൊക്കാനയുടെ ചരിത്രത്തിന്റെ ഭാഗമായി കഴിഞ്ഞതാണ്. ഫൗണ്ടേഷൻ ചെയർമാൻ എന്നനിലയിലും പ്രവർത്തിച്ചു അദ്ദേഹം ശോഭിച്ചിട്ടുണ്ട്.

ഫൊക്കാന ഇലക്ഷൻ കമ്മീഷണർ ആയി സേവനം അനുഷ്ഠിച്ചിട്ടുള്ള ഡോ. മാമ്മൻ സി. ജേക്കബ് തികച്ചും കുറ്റമറ്റതായ രീതിയിലുള്ള തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭാരവാഹികളിലേക്ക് അധികാരമെത്തിക്കുക എന്ന പക്ഷപാതരഹിതമായ ഉത്തരവാദിത്വം നിറവേറ്റിയിട്ടുണ്ട്. വലിയ തലവേദന സൃഷ്ടിച്ചിരുന്ന ഈ ഇലക്ഷനിൽ പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയുമെല്ലാം വളരെ നയതന്ത്രപരമായ ഇടപെടലിലൂടെ പൂച്ചെണ്ടുകളാക്കി മാറ്റിയ അദ്ദേഹം സംഘടനയുടെ പ്രതിസന്ധികളിൽ എപ്പോഴും രക്ഷകനായി എത്താറുള്ള വ്യക്തികൂടിയാണ്.

അമേരിക്കയിലെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ഡോ. മാമ്മൻ സി. ജേക്കബ് കേരള വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ് പൊതുപ്രവർത്തനജീവിതം ആരംഭിച്ചത്. അദ്ദേഹം 1967-ൽ നിരണം സെന്റ് തോമസ് ഹൈസ്കൂളിൽ കെഎസ്‌യുവിന്റെ സ്ഥാപക പ്രസിഡണ്ട് ആയിട്ടാണ് നേതൃത്വത്തിലേക്കുള്ള അരങ്ങേറ്റം. 1968-ൽ പമ്പ ഡി.ബി. കോളജിന്റെ പ്രഥമ കോളജ് യൂണിയൻ സെക്രട്ടറി ആയി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കോൺഗ്രസ് രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്നിരുന്ന അദ്ദേഹം അമേരിക്കയിൽ എത്തിയശേഷവും അമേരിക്കയിലെ കോൺഗ്രസ് പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനത്തു തിളങ്ങി നിൽക്കുന്നു.

വ്യക്തി ജീവിതത്തിൽ ദൈവിക മൂല്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന ഡോ. മാമ്മൻ സി. ജേക്കബ് ഒരു കടുത്ത ഈശ്വര വിശ്വാസിയും മനുഷ്യസ്നേഹിയുമാണ്. ദൈവശാസ്ത്രത്തിൽ മികച്ച പാണ്ഡിത്യം കരസ്ഥമാക്കിയിട്ടുള്ള അദ്ദേഹം മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ ദീർഘകാലം സ്റ്റുഡന്റ് കൗൺസലിംഗ് നടത്തിയിട്ടുണ്ട്. തന്നെ വെറുക്കുന്നവരോട് പോലും ക്ഷമിക്കുന്ന തന്റെ വിശ്വാസജീവിതത്തിലൂടെ ആണ് അദ്ദേഹം എന്നും നിലകൊള്ളുന്നത്.

ഡോ. മാമ്മൻ സി. ജേക്കബിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും കൂട്ടായ ഭാര്യ മേരികുട്ടി, മക്കൾ: ബീന, ബിനോയി, ബ്ലെസി. കൊച്ചുമക്കൾ: നിക്കോളാസ്, സിയ, ബെല്ല എന്നിവർ കൂടിയാണ് അദ്ദേഹത്തിന്റെ ജീവിതം ധന്യമാക്കുന്നത്.



ഡോ. മാമ്മൻ സി. ജേക്കബ്



ജെയ്ബു കുളങ്ങര

### ജെയ്ബു കുളങ്ങര

ഫൊക്കാനയുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ആയിരുന്ന ജെയ്ബു കുളങ്ങര, 1983 മുതൽ ഫൊക്കാനയിൽ സജീവം. ഫൊക്കാനയുടെ ആദ്യ തെരഞ്ഞെടുപ്പിൽ ഡോ. അനിരുദ്ധനെതിരെ സ്ഥാനാർത്ഥിയായി മത്സരരംഗത്ത് വന്നെങ്കിലും സംഘടനയുടെ നിലനിൽപ്പിനും സൗഹാർദ്ദത്തിനുംവേണ്ടി അന്ന് അദ്ദേഹം അതിൽ നിന്ന് പിന്മാറുകയായിരുന്നു. അന്നുമുതൽ വിവിധ പദവികളിൽ സജീവ പ്രവർത്തകനായി എന്നും സംഘടനയ്ക്കൊപ്പം ഉണ്ട്.

അമേരിക്കയിലെ സാമൂഹ്യ, സാംസ്കാരിക പ്രവർത്തനരംഗത്ത് ജെയ്ബു കുളങ്ങര ഇന്നും സജീവമാണ്. 2014-16 കാലയളവിൽ ഇല്ലിനോയി മലയാളി അസോസിയേഷൻ പ്രസിഡണ്ട് ആയി തെരഞ്ഞെടുക്കപ്പെട്ടു. സീറോ മലബാർ രൂപതയുടെ ആദ്യത്തെ പാസ്റ്ററൽ കൗൺസിൽ മെമ്പർ, അമേരിക്കൻ രൂപത ഉദ്ഘാടന സമയത്ത് ഫൈനാൻസ് കമ്മിറ്റി ചെയർമാൻ തുടങ്ങി നിരവധി പദവികൾ അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്.

പ്രവാസി കേരളാ കോൺഗ്രസ് (എം) നോർത്തമേരിക്കയുടെ പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ജോസ് കെ. മാണിയുമായും സഹോദര തുല്യമായ അടുപ്പം കാത്തുസൂക്ഷിക്കുന്നു.

കോട്ടയം താഴത്തങ്ങാടി കുളങ്ങര കെ.ജെ. മാത്യുവിന്റെയും ചിന്നമ്മ മാത്യുവിന്റെയും എട്ട് മക്കളിൽ ആറാമനായാണ് ജെയ്ബു കുളങ്ങര ജനിക്കുന്നത്. കോളജ് പഠനകാലം മുതൽ കേരളാ കോൺഗ്രസിന്റെ അനുഭാവിയും പ്രവർത്തകനുമായിരുന്നു. ബസേലിയസ് കോളജിൽ ഡിഗ്രി പഠിക്കുന്ന സമയത്ത് യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ ആയിരുന്നു. 1980-ൽ കെഎസ്‌സി (എം) സംസ്ഥാന ട്രഷറർ, കോട്ടയം ടൗൺ കേരള കോൺഗ്രസിന്റെ പ്രസിഡണ്ട് എന്നീ നിലകളിലും സജീവ പ്രവർത്തനം നടത്തിയിട്ടുണ്ട്.

1982-ലാണ് ജെയ്ബു കുളങ്ങര അമേരിക്കയിലെത്തുന്നത്. ഇൻകം ടാക്സ് പ്രാക്ടീഷണർ ആയിട്ടായിരുന്നു തുടക്കം. തുടർന്ന് എച്ച് ആൻഡ് ആർ ബ്ലോക്ക് കമ്പനിയിൽ ടാക്സ് പ്രിപ്പയർ ആയി 1983-ൽ ജോലി ലഭിച്ചു. തുടർന്ന് പ്രസ്തുത കമ്പനിയുടെ തന്നെ പ്രീമിയം ഡയറക്ടറായി സ്ഥാനമേറ്റു. പുതിയതായി വരുന്ന ഉദ്യോഗാർത്ഥികൾക്കും പൊതുജനങ്ങൾക്കും ടാക്സ് സംബന്ധ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കുമായിരുന്ന അദ്ദേഹം ഏവർക്കും പ്രിയപ്പെട്ടവനായിരുന്നു. ജോലിയിലെ കൃത്യതയും ആത്മാർത്ഥതയും പിന്നീട് അദ്ദേഹത്തെ ഇതേ കമ്പനിയുടെതന്നെ പ്രീമിയം ഓഫീസ് ഡയറക്ടറാക്കി ഉയർത്തി.

2002-ലാണ് ഈ കമ്പനിയിൽനിന്ന് രാജിവെച്ച് സ്വന്തമായി പ്രാക്ടീസ് തുടങ്ങിയത്. ചിക്കാഗോയിലെ ഏതൊരു വ്യക്തിയുടെയും ബിസിനസുകാരുടെയും വിശ്വസ്തനായ ടാക്സ് കൺസൾട്ടിന്റെ പേരെടുത്താൽ അതിൽ ആദ്യം ജെയ്ബുവിന്റെ പേരുണ്ടാകും. അദ്ദേഹം ആരംഭിച്ച ജെയ്ബു മാത്യു കുളങ്ങര ആൻഡ് അസോസിയേറ്റ്സ് എന്ന ടാക്സ് കൺസൾട്ടൻസി സ്ഥാപനം അത്രത്തോളം പ്രസിദ്ധമാണ്.

നാടും വീടും വിട്ട് പ്രവാസ ജീവിതം നയിക്കുമ്പോഴും അന്യനെ സഹായിക്കുക എന്ന കർമ്മം ഇപ്പോഴും പല വിധത്തിൽ തുടരുന്നുണ്ട് ഈ മനുഷ്യസ്നേഹി. ഇൻകം ടാക്സ് പ്രാക്ടീസിന്റെ 25-ാം വർഷത്തിന്റെ ഓർമ്മയ്ക്ക് കോട്ടയം (ശേഷം 30-ാം പേജിൽ)

# ആത്മീയ നിറവിൽ ബെൻസൻവിൽ ഇടവക തീർത്ഥാടനം

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഗ്വാഡല്യൂപ്പെ തീർത്ഥാടനം പങ്കെടുത്ത ഏവർക്കും നവ്യാനുഭവമായി മാറി. മറ്റ് ഇടവക സമൂഹങ്ങളിൽ നിന്നു



മുള്ള പങ്കാളിത്തവും ഈ തീർത്ഥാടനത്തിന് വലിയ ആത്മീയ ബന്ധത്തിന്റെ തുറവിയായി മാറി. സിഗ്മാ ട്രാവൽസ് ക്രമീകരിച്ച് ഫാ. ബിൻസ് ചേത്തലിലിന്റെ നേതൃത്വത്തിലുള്ള ഗ്വാഡല്യൂപ്പെ തീർത്ഥാടനത്തിൽ 47 പേർ പങ്കെടുത്തു. ഗ്വാഡല്യൂപ്പെ മാതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥ്യം വിളിച്ചപേക്ഷിച്ച് ചരിത്രപരമായ സത്യങ്ങളെ മനസ്സിലാക്കി നടത്തിയ തീർത്ഥാടനം ഏവർക്കും ഒരു ആത്മീയനിറവിന്റെ നേർക്കാഴ്ചയായി മാറി. കമ്മിറ്റി അംഗങ്ങളായ സജി ഇറപുറം, ജയ്മാൻ നന്തികാട്ട്, ജെനിമോൾ ഒറ്റത്തയ്ക്കൽ, അൽഫോൻസാ വഞ്ചിപുരയ്ക്കൽ എന്നിവർ തീർത്ഥാടന യാത്രയ്ക്ക് നേതൃത്വം നല്കി.



# SEEKING BRIDEGROOM

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from professionals or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor

# SEEKING BRIDE

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email :- **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## അപ്പച്ചൻ കൂവക്കാട്ട്

**മാമ്മൂട്:** കൂവക്കാട്ട് അപ്പച്ചൻ (വർഗീസ് വർഗീസ്-80) കാലിഫോർണിയയിൽ അന്തരിച്ചു. ഭാര്യ ചമ്പക്കുളം കുലിപ്പുരയ്ക്കൽ സിസിമ്മ. മക്കൾ: ഡെന്നി, ഡെല്ല (ഇരുവരും യുഎസ്). സഹോദരങ്ങൾ: പരേതയായ അമ്മുക്കുട്ടി (നിരണം), റോസമ്മ പുരയിടത്തിൽ, പൊന്നമ്മ കുട്ടിയാനി (പാലാ), ജോണിച്ചൻ കൂവക്കാട്ട്. കർദ്ദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്ടിന്റെ പിതൃസഹോദരനാണ് പരേതൻ.

## മാർട്ടിൻ ചാക്കോ കുന്നശേരി



**കടുത്തുരുത്തി:** അവധിക്ക് നാട്ടിൽ എത്തിയിരുന്ന പാഴുത്തുരുത്ത് കുന്നശ്ശേരിൽ മാർട്ടിൻ ചാക്കോ (58) അന്തരിച്ചു. ഭാര്യ മിനിമോൾ മാർട്ടിൻ കൈപ്പുഴ പത്തിൽ കുടുംബാംഗമാണ്. മക്കൾ: മനീഷ മാർട്ടിൻ, മജീഷ് മാർട്ടിൻ. വർഷങ്ങളായി കുടുംബസമേതം ഹൂസ്റ്റണിലെ സ്ഥിരതാമസക്കാരനായിരുന്നു മാർട്ടിൻ കുന്നശേരി. സഹോദരങ്ങൾ: ജിമ്മി കുന്നശ്ശേരി (ഹൂസ്റ്റൺ), തോമാച്ചൻ കുന്നശ്ശേരി (കടുത്തുരുത്തി), തങ്കച്ചൻ കുന്നശ്ശേരി (ഹൂസ്റ്റൺ), പരേതയായ ചാച്ചമ്മ കളത്തികോട്ടിൽ, ആൻസി പ്ലാംപറമ്പിൽ (കീഴൂർ), പരേതയായ ലൈലമ്മ തോട്ടുങ്കൽ, ജിജി കുളക്കാട്ട് (ഹൂസ്റ്റൺ)

**പൊങ്ങന്താനം:** മുരണിപ്പറമ്പിൽ സോജൻ തോമസ് (49) യുകെയിൽ അന്തരിച്ചു.

**പാലാ:** റോസ്ഭവൻ ആരാധനാമഠാംഗം സിസ്റ്റർ മേരി പുതിയിടത്തുകുന്നേൽ (78) അന്തരിച്ചു.

**പ്രക്കാനം:** കൊന്ന നിൽക്കുന്നതിൽ (കുഴിപ്പറമ്പിൽ) ലിസി ഇടിക്കുള (69) അന്തരിച്ചു.

**ആലപ്പുഴ:** വിസിറ്റേഷൻ സഭാംഗമായ സിസ്റ്റർ മേരി റോസ് (89) അന്തരിച്ചു.

**തിരുവല്ല:** നെടുമ്പ്രം ആഴാത്തേരിൽ രാജമ്മ തങ്കപ്പൻ (80) അന്തരിച്ചു.

**തിരുവല്ല:** പുളിക്കീഴ് വേങ്ങൽ ചെറിയാൻ ഐപ്പ് (അച്ചൻകുഞ്ഞ്-77) അന്തരിച്ചു.

**റാന്നി:** വൈക്കം പുതുപ്പറമ്പിൽ ഷൈനോ സാബി (53) അന്തരിച്ചു.

**ചങ്ങനാശേരി:** അങ്ങാടി വാണിയപ്പുരയ്ക്കൽ പരേതനായ ജോസഫ് സേവ്യറിന്റെ ഭാര്യ തങ്കമ്മ ജോസഫ് (74) അന്തരിച്ചു.

## പാസ്റ്റർ മത്തായി ജോർജ്

**അടൂർ:** ആനന്ദപ്പള്ളി രാജൻ ബംഗ്ലാവിൽ അസംബ്ലീസ് ഓഫ് ഗോഡ് മുതിർന്ന പാസ്റ്റർ മത്തായി ജോസഫ് (96) അന്തരിച്ചു. ഭാര്യ പരേതയായ ശോശാമ്മ. മക്കൾ: ഡോ. രാജൻ ജോർജ്, ഡോ. എ.കെ. ജോർജ്, ജെയിംസ് ജോർജ്, സിസിലി ഡാനിയൽ, സജിമോൻ ജോർജ്, നാൻസി സാമുവൽ, പരേതനായ സൈമൺ ജോർജ്. മരുമക്കൾ: സൂസൻ ജോർജ്, അന്നമ്മ സൈമൺ, സാറ ജോർജ്, ഡോ. ജോസഫ് ഡാനിയൽ, ഷൈനി ജോർജ്, ജേക്കബ് സാമുവൽ (എല്ലാവരും യുഎസ്).

**കുറുവിനാൽ:** റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ട്രൈബൽ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് ഒറ്റമാക്കൽ ഒ.ജെ. ജോൺ (74) അന്തരിച്ചു.

**മൂലേടം:** കുന്നംപള്ളി മഠത്തിൽപറമ്പിൽ അനിയച്ചന്റെയും ജെസിയുടെയും മകൻ മാത്യു സെബാസ്റ്റ്യൻ (ജിബി-38) അന്തരിച്ചു.

**കഞ്ഞിക്കുഴി:** ഉമ്മൻ ചാണ്ടി കോളനി നീണ്ടുക്കുന്നേൽ സെലിൻ വർക്കി (72) അന്തരിച്ചു.

**കടമ്പനാട്:** തുവയൂർ മലവിളയിൽ ഡി. രാജു (77) അന്തരിച്ചു.

**വേദഗിരി:** പിറവം സെ. ജോസഫ്സ് എച്ച്.എസ്. റിട്ട. അദ്ധ്യാപകൻ കൊച്ചുവെട്ടുകാട്ടിൽ നീറിക്കാട് കെ.ജെ. ജോസഫ് (87) അന്തരിച്ചു.

**ആലപ്പുഴ:** പുന്നമട വാർഡ് ഇത്തിക്കായ്പ്പുറം ഇ.ജെ. വർഗീസ് (വക്കച്ചൻ-77) അന്തരിച്ചു.

## കെ.ടി. സ്കറിയ

**മുളക്കുളം സൗത്ത്:** റെയിൽവേ റിട്ട. ഉദ്യോഗസ്ഥൻ പുത്തൂർ കൊടക്കാട്ടു കെ.ടി. സ്കറിയ (66) ബെംഗ്ളൂരുവിൽ അന്തരിച്ചു. ഭാര്യ മോളി സ്കറിയ. മക്കൾ: മിനു (ഓസ്ട്രേലിയ), ജിനു (യുഎസ്). മരുമകൻ: ജോർജ്.

**ഒളശ്ശ:** എസ്ബിഐ റിട്ട. ഉദ്യോഗസ്ഥൻ ഏറനാട്ട് കെ.ടി. ആന്റണി (90) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** കിഴക്കേക്കര കെ.സി. അന്ത്രയോസിന്റെ ഭാര്യ അന്നമ്മ അന്ത്രയോസ് (തങ്കമ്മ-90) അന്തരിച്ചു.

**പുളിക്കൽകവല:** പാറയിൽ (വെള്ളൂർ പ്ലാത്തോട്ടത്തിൽ) പരേതനായ ജോസഫിന്റെയും മേരിക്കുട്ടിയുടെയും മകൻ കെഎസ്ഇബി റിട്ട. സീനിയർ സൂപ്രണ്ട് ജിജിമോൻ പി. ജോസഫ് (60) അന്തരിച്ചു.

**ഇരവിപേരൂർ:** സെ. ജോൺസ് എച്ച്എസ് റിട്ട. പ്രധാനാദ്ധ്യാപകൻ പ്ലാക്കീഴ് പുത്തൻപുരയിൽ ചെറിയാൻ പി. ചെറിയാൻ (സണ്ണി-83) അന്തരിച്ചു.

**കേളമംഗലം:** പടിഞ്ഞാറേ പറമ്പിൽ കുഞ്ഞമ്മ ജോയി (85) അന്തരിച്ചു.

## അക്കാമ്മ ഏബ്രഹാം

**തൃക്കോതമംഗലം:** പറയകുളത്ത് പരേതനായ കുഞ്ഞച്ചന്റെ ഭാര്യ അക്കാമ്മ ഏബ്രഹാം (88) അന്തരിച്ചു. വാകത്താനം കോച്ചേരി കുടുംബാംഗമാണ്. മക്കൾ: ശാന്തമ്മ, ഗ്രേസിക്കുട്ടി, മോളിക്കുട്ടി, സുജ. മരുമക്കൾ: അലക്സ് വർഗീസ് (തിരുവനന്തപുരം), ടി.വി. ഏബ്രഹാം (മുംബൈ), ബാബു ടി. ചാക്കോ, ഏബ്രഹാം ടി. ഏബ്രഹാം (യുഎസ്).

**തൃക്കൊടിത്താനം:** കൈലാത്തുപടി അറവാക്കൽ പുതുപ്പറമ്പിൽ പരേതനായ അന്തോനിച്ചന്റെ ഭാര്യ മറിയാമ്മ ആന്റണി (മറിയക്കുട്ടി-96) അന്തരിച്ചു.

**ചങ്ങനാശേരി:** ചുടുകാട്ടിൽ പരേതനായ ജോസഫ് സെബാസ്റ്റ്യന്റെ ഭാര്യ ആലിസ് ജോസഫ് (83) അന്തരിച്ചു.

## എൽബി വർഗീസ്

**പത്തനംതിട്ട:** മേക്കൊഴൂർ കാരക്കാട്ടുപറമ്പിൽ എൽബി (82) ന്യൂയോർക്കിൽ അന്തരിച്ചു. തൃശൂർ തിരുന്നൽവേലി കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വർഗീസ് ജോർജ്. മക്കൾ: ബിജു, ക്രിസ്റ്റീന. മരുമകൾ: ഷൈനി.

## മേരിക്കുട്ടി ചാക്കോ വെട്ടുകല്ലേൽ



**തെള്ളകം:** വെട്ടുകല്ലേൽ പരേതനായ വി.എം. ചാക്കോ (റെയിൽവേ റിട്ട.സി.ടി.ടി.ഐ) യുടെ ഭാര്യ മേരിക്കുട്ടി ചാക്കോ (94) അന്തരിച്ചു. കുടല്ലൂർ മാപ്ലേട്ട് കുടുംബാംഗമാണ്. മക്കൾ: മേരി പോൾ (ലൈല) പള്ളിക്കമാലിൽ (തൊടുപുഴ), ജോസഫ് (ജോജോ) വെട്ടുകല്ലേൽ (ലാസ് വേഗസ്), അലക്സാണ്ടർ വെട്ടുകല്ലേൽ (ആർക്കിടെക്റ്റ്), സുഷമ ബേബി അരീക്കാട്ടിൽ (റിട്ട. സീനിയർ സൂപ്രണ്ട് കെഎസ്ഇബി). മരുമക്കൾ: പോൾ നിക്കോൾസൺ, ലിബി വള്ളിപ്പടവിൽ (ലാസ് വേഗസ്), സുജ ചാക്കോ, ബേബി സ്റ്റീഫൻ അരീക്കാട്ടിൽ (അരീക്കര).

**മുതുകുളം:** ഉൾനാടൻ മത്സ്യത്തൊഴിലാളി കോൺഗ്രസ് മുൻ സംസ്ഥാന സെക്രട്ടറിയും മുതുകുളം മഹാലക്ഷ്മി ജ്വല്ലേഴ്സ് ഉടമയുമായ വെട്ടത്തുകടവ് വാലയിൽ പുതുവൽ വി.എം. ഷാജി (53) അന്തരിച്ചു.

**കോട്ടയം:** നഗരസഭ മുൻ കൗൺസിലർ പരേതനായ തോമസ് ഉണ്ണിയപ്പശേരിയുടെ ഭാര്യ മെറീന തോമസ് (65) അന്തരിച്ചു.

## റെയ്ച്ചലമ്മ ജോൺ തങ്ങളത്തിൽ



**ഫിലാഡൽഫിയ:** കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ തിരുവനന്തപുരം ആർച്ച്ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ സഹോദരൻ കല്ലുപ്പാറ തങ്ങളത്തിൽ പരേതനായ ഇടിക്കുള ജോണിന്റെ ഭാര്യ റെയ്ച്ചലമ്മ ജോൺ തങ്ങളത്തിൽ (96) ഫിലാഡൽഫിയയിൽ അന്തരിച്ചു. ഫിലാഡൽഫിയ സെ. ജൂഡ് മലങ്കര കത്തോലിക്കാപള്ളി ഇടവകാംഗമായിരുന്നു. മക്കൾ: അലക്സ് ജോൺ, റവ. സിസ്റ്റർ സ്വാന്തന എസ്ഐസി, പരേതനായ വറുഗീസ് ജോൺ (ജയൻ), കൊച്ചുമോൾ സക്കറിയ, നിർമ്മല ശങ്കരത്തിൽ, ഫിലിപ്പ് ജോൺ (ബിജു), (സിസ്റ്റർ ഒഴികെ എല്ലാവരും യുഎസിൽ). മരുമക്കൾ: വത്സമ്മ അലക്സ്, ജോസഫ് സക്കറിയ (ബിജു), സജീവ് ശങ്കരത്തിൽ, ആഷാ ഫിലിപ്പ്. റവ.ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒഐസി പരേതയുടെ ഭർതൃസഹോദരനാണ്.

**പാലാ:** സെ. ജോസഫ് ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥാപകനേതാവും രക്ഷാധികാരിയും ബിസിനസുകാരനുമായ ആരംപുളിക്കൽ എ.സി. ജോസഫ് (കൊച്ച്-79) അന്തരിച്ചു.

**മുന്നിലവ്:** റായ്പൂർ രൂപതാംഗം ഫാ. ജോസഫ് ചിറയാത്ത് (86) റായ്പൂരിൽ അന്തരിച്ചു.

## അന്നമ്മ ജോർജ്

**പുതുപ്പള്ളി:** പട്ടമഠത്തിൽ അന്നമ്മ ജോർജ് (കുഞ്ഞുമോൾ-78) യുഎസിൽ അന്തരിച്ചു. വാളകം ചെട്ടിയാണിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജേക്കബ് ജോർജ്. മക്കൾ: ജേക്കബ് ജോർജ്, ജീന. മരുമക്കൾ: സൗബി ചോറ്റാനിക്കര, തങ്കച്ചൻ കിഴക്കമ്പലം (എല്ലാവരും യുഎസ്).

**ഇളങ്ങുളം:** പാലമറ്റത്തിൽ പരേതനായ പി.എം. ജോസഫിന്റെ ഭാര്യ അന്നമ്മ ജോസഫ് (99) അന്തരിച്ചു.

**വളഞ്ഞവട്ടം:** ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് റിട്ട. ഉദ്യോഗസ്ഥൻ വല്യപറമ്പിൽ കെ. തമ്പി (86) അന്തരിച്ചു.

**രാമപുരം:** പൈക വെട്ടുകാട്ടിൽ ലീലാമ്മ (70) അന്തരിച്ചു.

**തിരുവനന്തപുരം:** കുമരകം വടക്കുറ്റിശേരി വാലയിൽ എസ്ബിടി റിട്ട. മാനേജർ വി.ജെ. ഏബ്രഹാം (90) അന്തരിച്ചു.

## മുംതാസ് അബ്ദുള്ള

**കോഴിക്കോട്:** എംഇഎസ് വനിതാവിഭാഗം മുൻ ജില്ലാപ്രസിഡണ്ട് മുംതാസ് ഭവനിൽ മുംതാസ് അബ്ദുള്ള (79) അന്തരിച്ചു. മക്കൾ: ഖുർഷിദ് അബ്ദുള്ള (ലണ്ടൻ),ഡോ. നൗഷാദ് അബ്ദുള്ള, അർഷാദ് അബ്ദുള്ള, മരുമക്കൾ: ഡോ. യുസുഫ് (ലണ്ടൻ), സീബ നൗഷാദ്, തനൂജ അർഷാദ്. സഹോദരങ്ങൾ: ഡോ. ടി. ഖാലിദ് (ലണ്ടൻ), ഡോ. ടാംടൺ മുസ്തഫ, ഹാഷിം ടാംടൺ (ഇരുവരും യുഎസ്), അൻവർ ടാംടൺ, പരേതരായ ടാംടൺ സുബൈർ, ടാംടൺ മജീദ്, ടി. നസീറുദീൻ.

**തിരുവല്ല:** റൂർക്കല സ്റ്റീൽ പ്ലാന്റ് റിട്ട. ഉദ്യോഗസ്ഥൻ ആഞ്ഞിലിത്താനം ഇടവപ്പറമ്പിൽ തേനോലിൽ തോമസ് വർഗീസ് (അച്ചൻകുഞ്ഞ്-88) അന്തരിച്ചു.

**ഉഴവൂർ:** എള്ളങ്കിൽ ഇ.എസ്. തോമസ് (കുട്ടി-60) അന്തരിച്ചു.

**എസ്.എച്ച്. മൗണ്ട്:** തൈപ്പറമ്പിൽ മറിയാമ്മ പോൾ (86) അന്തരിച്ചു.

**നിരണം-വടക്കുംഭാഗം:** തെക്കേപാലയിൽ ഭാർഗവിയമ്മ (110) അന്തരിച്ചു.

**കുമ്പനാട്:** കാവുംകൊട്ടേത്ത് ഏബ്രഹാം സാമുവൽ (72) അന്തരിച്ചു.

## പി.വി. ജോസഫ്

**തലയോലപ്പറമ്പ്:** മുൻ വ്യാപാരി പള്ളിപ്രവൻ പി.വി. ജോസഫ് (പി.വി.ജെ. അപ്പച്ചൻ-85) അന്തരിച്ചു. ഭാര്യ കുറുപ്പന്തറ വെളിഞ്ഞാലിൽ ലില്ലിക്കുട്ടി. മക്കൾ: അജി ജോസഫ് (യുഎസ്), രാജി ജോസഫ് (ജിഎസ്ടി ഇന്റലിജൻസ്), ലിജി ജോജി. മരുമക്കൾ: ജീന അജി ചെരിപ്പുറത്ത് തോട്ടക്കാട് (യുഎസ്), പാപ്പച്ചൻ ജോസഫ് കണ്ണന്തറ കുറവിലങ്ങാട് (എസ്ബിഐ), ജോജി ആന്റണി മറ്റപ്പറമ്പിൽ (ചങ്ങനാശേരി).

**കൊടുങ്ങല്ലൂർ:** കോവിലകത്തെ വലിയതമ്പുരാട്ടി അമ്മത്തമ്പുരാൻ ചിറക്കൽ കോവിലകം കുമുദിനി തമ്പുരാട്ടി (90) അന്തരിച്ചു.

**കോതമംഗലം:** തിരുഹൃദയ സന്യാസിനി സമൂഹം ജ്യോതി പ്രോവിൻസ് അംഗവും റിട്ട. അദ്ധ്യാപികയുമായ സിസ്റ്റർ മേരി ക്രിസ്പിൻ (91) അന്തരിച്ചു.

**അഞ്ചേരി:** കല്ലടയിൽ വി.ജെ. ജോണിന്റെ ഭാര്യ അന്നമ്മ ജോൺ (84) അന്തരിച്ചു.

**കോതനല്ലൂർ:** പ്ലാവുവച്ചതിൽ പരേതനായ പി.എം. ജോണിന്റെയും ലിസി ജോണിന്റെയും മകൻ പി.ജെ. ജോസഫ് (49) അന്തരിച്ചു.

**മണർകാട്:** വെട്ടിക്കുന്നേലായ പെരുമ്പഴക്കുന്നേൽ വർഗീസ് ഏബ്രഹാം (റെജി-58) അന്തരിച്ചു.

**പാറമ്പുഴ:** മുട്ടത്തിലായ തിരുനെല്ലിപ്പറമ്പിൽ അന്നമ്മ ചാക്കോ (95) അന്തരിച്ചു.

## ഇ.കെ. സദാനന്ദൻ നായർ

**ചിറക്കടവ് സെന്റർ:** റിട്ട. സബ്ട്രഷറി ഓഫീസർ ത്രിജയയിൽ ഇ.കെ. സദാനന്ദൻ നായർ (77) അന്തരിച്ചു. ഭാര്യ ടി.ആർ. ഇന്ദിരാഭായി (റിട്ട. പ്രധാനാദ്ധ്യാപിക). മക്കൾ: ടി.എസ്. ജയറാണി (യുകെ), ടി.എസ്. ജയലക്ഷ്മി (യുഎസ്), ടി.എസ്. ജയപ്രിയ. മരുമക്കൾ: രാജകൃഷ്ണൻ, ഉണ്ണിക്കൃഷ്ണൻ.

**നാലുന്നാക്കൽ:** ഇടത്തറയിലായ ഓവേലിൽ മേരിക്കുട്ടി ചാക്കോ (80) അന്തരിച്ചു.

**ഇരവിനല്ലൂർ:** കരിമ്പന്നൂർ കുടുംബാംഗം വന്നല പീടികയിൽ സാജൻ ഫിലിപ്പ് (58) അന്തരിച്ചു.

## കുഞ്ഞമ്മ തോമസ്

**ചേത്തയ്ക്കൽ:** ഉള്ളാട്ടിൽ കുഞ്ഞമ്മ തോമസ് (90) അന്തരിച്ചു. ഭർത്താവ് പരേതനായ ഒ.എസ്. തോമസ്. മക്കൾ: ഡോ. മോളിക്കുട്ടി തോമസ്, സഖറിയ തോമസ്, ഷേർലി ബോസ്, റീനി ക്ലെമന്റ് (ഇരുവരും യുഎസ്), പരേതനായ ജേക്കബ് തോമസ്. മരുമക്കൾ: ഡോ. പി.ടി. തോമസ്, രമണി, നാൻസി, ബോസ്, ക്ലെമന്റ് പത്തിയിൽ, പരേതയായ ലൈസാമ്മ.

**കുത്രപ്പള്ളി:** മണ്ണാത്തിമാക്കൽ തോമസ് തോമസിന്റെയും അന്നമ്മ തോമസിന്റെയും മകൻ ജോമോൻ തോമസ് (45) അന്തരിച്ചു.

**ചെങ്ങളം:** റിട്ട. പോലീസ് കോൺസ്റ്റബിൾ കൊച്ചുപറമ്പിൽ ഇ.ആർ. രാജേന്ദ്രൻ (80) അന്തരിച്ചു.

**കൊല്ലാട്:** പുത്തൻപറമ്പിൽ പി.ആർ. മുരളീധരൻ (77) അന്തരിച്ചു.

**മൂലേടം:** കല്ലുകടവിൽ പരേതനായ പാസ്റ്റർ എം.ഡി. ജോണിന്റെ ഭാര്യ മേരി ജോൺ (86) അന്തരിച്ചു.

## ടി.കെ. രാജു

**കുറവിലങ്ങാട്:** കാളികാവ് തറപ്പേൽ ടി.കെ. രാജു (കുറവിലങ്ങാട് 9-ാം വാർഡ് ഗ്രാമപഞ്ചായത്ത് അംഗം). മക്കൾ: രേഷ്മ രാജു, അക്ഷയ് രാജു (യുഎസ് ഷിപ്പ്), മരുമകൻ: ശ്രീകാന്ത് കുറ്റിപറിച്ചേൽ നീണ്ടൂർ.

**തിരുവൻവണ്ടൂർ:** പുളിക്കീഴ് ട്രാവൻകൂർ ഷുഗർ ആൻഡ് കെമിക്കൽസ് റിട്ട. കെയിൻ ഇൻസ്പെക്ടർ തോപ്പിൽ ഏബ്രഹാം കുര്യൻ (കുട്ടപ്പായി-94) അന്തരിച്ചു.

**പോത്താനിക്കാട്:** റിട്ട. അദ്ധ്യാപിക കോച്ചേരിൽ കെ.വി. ഏലമ്മ (89) അന്തരിച്ചു.

**കോത്തല:** ചക്കാലയ്ക്കലായ കണ്ണന്താനത്ത് എഫ്സിഐ റിട്ട. ഉദ്യോഗസ്ഥൻ ഏലിയാസ് കണ്ണന്താനത്തിന്റെ ഭാര്യ മോളി ഏലിയാസ് (70) അന്തരിച്ചു.

**നട്ടാശേരി:** ചക്കാത്രയിൽ ദീപേഷ് കുമാറിന്റെ ഭാര്യ അശ്വതി (45) അന്തരിച്ചു.

# COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

# LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## *Favors Received*



*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, Atlanta*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Oklahoma*

പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Oklahoma*

# LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## *Favors Received*



*Inserted by: Firm Believer, New York*

## *Favors Received*



*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**

# തരൂരിന്റെ തമാശ!

രാജു മൈലപ്ര

‘അത്തിപ്പഴം പഴുക്കുമ്പോൾ കാക്കക്ക് വായിൽ പുണ്ണ്’ എന്നു പറഞ്ഞതു പോലെയാണ് കേരളത്തിലെ കോൺഗ്രസിന്റെ ഇന്നത്തെ അവസ്ഥ. അടുത്തുവരുന്ന പ്രാദേശിക തെരഞ്ഞെടുപ്പിലും അസംബ്ലി ഇലക്ഷനിലും അധികാര ഭൂരിപക്ഷം നേടാനുള്ള എല്ലാ സാഹചര്യങ്ങളും അവർക്ക് അനുകൂലമാണ്. അതവരുടെ മേന്മ കൊണ്ടൊന്നുമല്ല. ഇപ്പോൾ നിലവിലുള്ള ഭരണവിരുദ്ധ വികാരം മൂലമാണ്.

അനുയായികളേക്കാൾ ഏറെ നേതാക്കന്മാരുള്ള ഒരു പ്രസ്ഥാനമാണ് കോൺഗ്രസ് പാർട്ടി. അതാണ് പ്രശ്നം. ഭരിക്കുവാനുള്ള ഭൂരിപക്ഷം ഏതാണ്ട് ഉറപ്പാണ് എന്നൊരു തോന്നൽ ഉണ്ടായപ്പോൾ തുടങ്ങിയതാണ് ‘ആരു മുഖ്യമന്ത്രിയാകും’ എന്നൊരു ചർച്ച. ഒളിഞ്ഞും തെളിഞ്ഞും പലരും കളത്തിലിറങ്ങിയിട്ടുണ്ട്.

സ്വാഭാവികമായും താനാണ് ആ പദവിക്ക് അർഹനെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ കരുതുന്നു. വളരെ ചെറുപ്പം മുതലേ കെ.പി.സി.സി. പ്രസിഡണ്ട്, ആഭ്യന്തരമന്ത്രി, പ്രതിപക്ഷ നേതാവ് തുടങ്ങിയ പദവികളെല്ലാം വഹിച്ചിട്ടുള്ള താനാണ് ആ സിംഹാസനത്തിൽ ആസനസ്ഥനാകുവാൻ പരമയോഗ്യനെന്ന് രമേശ് ചെന്നിത്തല വിശ്വസിക്കുന്നു. ‘എന്നെപ്പോലെ നാല് വർത്തമാനം നേരെ നോക്കി പറയുവാൻ നിനക്കൊക്കെ നട്ടെല്ലുണ്ടോ?’എന്ന ഗർജ്ജനവുമായി കണ്ണൂരിലെ കോൺഗ്രസ് കോട്ടയ്ക്കു കാവൽ നില്ക്കുന്ന കെ.പി.സി.സി പ്രസിഡണ്ട് കെ. സുധാകരനും മസിലു പിടിച്ചു നില്ക്കുന്നു. ഘടകകക്ഷിയിലെ മുസ്ലിം ലീഗ് നേതാവ് കുഞ്ഞാപ്പയ്ക്കും മുഖ്യമന്ത്രിക്കസേരയിലേക്കൊരു കണ്ണുണ്ട്.

‘ആ കട്ടിലു കണ്ട് ആരും പനിക്കേണ്ട’ എന്ന താക്കീതുമായി ഹൈക്കമാൻഡ് ഗേറ്റ്കീപ്പർ കെ.സി. വേണുഗോപാലും പടിവാതിൽക്കലുണ്ട്.

കോൺഗ്രസിന്റെ ഹൈക്കമാൻഡ് എന്നു പറഞ്ഞാൽ രാഹുൽ ഗാന്ധിയാണ്. രാഹുലു തീരുമാനിക്കും, പ്രിയങ്ക സപ്പോർട്ട് ചെയ്യും, സോണിയാജി മൗനസമ്മതം മൂളും. അതാണ് ‘എല്ലാം ഹൈക്കമാൻഡ്’ തീരുമാനിക്കും എന്നു പറയുന്നതിന്റെ അർത്ഥം.

‘പോളിറ്റ് ബ്യൂറോ’യുടെ പ്രവർത്തനവും ഏതാണ്ട് ഇതേ രീതിയിലാണ്. താഴെത്തട്ടു മുതൽ ചർച്ചയോട് ചർച്ച. അവസാനം നിർദ്ദേശങ്ങളെല്ലാം പോളിറ്റ് ബ്യൂറോയിലെത്തും. ‘ചോദ്യങ്ങളൊന്നും ഇങ്ങോട്ട് വേണ്ട, സ്രാങ്ക് പറയും, നിങ്ങൾ അനുസരിക്കും,’ മുഖ്യൻ കണ്ണുരുട്ടും അനുയായികൾ അഭിപ്രായമൊന്നും പറയാതെ പഞ്ചപുച്ഛമടക്കി എല്ലാം കേട്ട് തലകുലുക്കി സമ്മതിച്ചിട്ട് സ്ഥലംവിടും.



ലേഖകൻ

അങ്ങനെ കേരളത്തിലെ കോൺഗ്രസുകാർ തമ്മിലടിച്ചും പാരവെച്ചും തട്ടീം മുട്ടീം ഒരു വിധമൊക്കെ കഴിഞ്ഞു പോരുകയായിരുന്നു.

അപ്പോഴാണ് നമ്മുടെ ‘വിശ്വപൗരൻ’ കടിച്ചാൽ പൊട്ടാത്ത ഇംഗ്ലീഷിൽ ഒരു പത്രലേഖനം എഴുതിയത്. ‘ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായ അനുകൂല സാഹചര്യമുള്ള സംസ്ഥാനമാണ് കേരളം. ഈ സർക്കാരിന്റെ കാലത്ത് മൂന്നര ലക്ഷം പുതിയ വ്യവസായ സംരംഭങ്ങളാണ് ഇവിടെ തുടങ്ങിയത്. ഇടതു സർക്കാരിന് എന്റെ അഭിനന്ദനങ്ങൾ’!

ഇതു കേട്ട് തലയുള്ളവർ ചുറ്റുമൊന്നു നോക്കിയിട്ട് തലതല്ലി ചിരിച്ചു.

കോൺഗ്രസുകാർ ആദ്യമൊന്നും ഈ പ്രസ്താവന അത്ര ഗൗനിച്ചില്ല. പക്ഷേ, കമ്യൂണിസ്റ്റുകാർ അത് ഏറ്റു പിടിച്ച് ആഘോഷിച്ചപ്പോഴാണ് ‘എവിടെയോ എന്തോ ഒരു പന്തികേട്’എന്ന വർക്ക് പിടികിട്ടിയത്.

തരൂരു പിടി ഒന്നുകൂടി മുറുക്കി!

‘കേരളത്തിലെ കോൺഗ്രസുകാർ എല്ലാം മണക്കൂസുകളാണ്. ഒരു നാറിക്കും നല്ല ഇംഗ്ലീഷ് വായിച്ചാൽ മനസ്സിലാകില്ല. എല്ലാം തികഞ്ഞ ഒരു കോൺഗ്രസുകാരൻ താൻ മാത്രം. എന്നെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടി തെരഞ്ഞെടുപ്പിനെ നേരിട്ടു, എന്നാൽ വിജയം സുനിശ്ചിതമെന്ന്’ പല അഭിപ്രായ സർവെകളും ഊന്നി ഊന്നിപ്പറയുന്നു.

ഇതിങ്ങനെ വിട്ടാൽ പറ്റില്ലല്ലോ. അതുവരെ തമ്മിലടിച്ചു നടന്നവരെല്ലാം കൂടി തരൂരിനെ എതിർക്കുന്ന കാര്യത്തിൽ ഒറ്റക്കെട്ടായി.

വായിൽ തോന്നിയതു കോതയ്ക്കു പാട്ടെന്നു പറഞ്ഞതുപോലെ, തികച്ചും അനാവശ്യമായ കമന്റുകൾ, അനവസരത്തിൽ പടച്ചുവിടുന്നത് തരൂരിന്റെ ഒരു ഹോബിയാണ്.

സംഗതി കൈവിട്ടു പോയെന്നു മനസ്സിലായപ്പോൾ, മണിമണി പോലെ ഇംഗ്ലീഷ് പേശുന്ന രാഹുൽജി തരൂർജിയെ ചർച്ചയ്ക്കായി വിളിപ്പിച്ചു.

‘താനൊരു വലിയ സംഭവമാണെന്നും തനിക്കു വേണ്ടത്ര പരിഗണന പാർട്ടിയിൽ കിട്ടുന്നില്ലെന്നും തന്റെ ഇംഗ്ലീഷ് ആർക്കും മനസ്സിലാകുന്നില്ലെന്നും’ തരൂർ ഉണർത്തിച്ചു. കേരളത്തിലെ മുഖ്യമന്ത്രിപദമലങ്കരിക്കുവാൻ താനാണ് മറ്റ് ആരേക്കാളും യോഗ്യൻ എന്ന് അദ്ദേഹം സമർത്ഥിച്ചു.

ഈ സംഭാഷണമെല്ലാം ഒളിഞ്ഞിരുന്നു കേട്ട വേണുഗോപാൽജി പറയുന്നത്, രാഹുൽമോൻ തരൂരിനെ ഗെറ്റൗട്ട് അടിച്ചെന്നാണ്.

അസംതൃപ്തനായ തരൂർ പുറത്തിറങ്ങി പറഞ്ഞത് ‘തന്റെ ഒരു പുല്ലും എനിക്കു വേണ്ട, എന്റെ മുന്നിൽ ധാരാളം വഴികൾ തുറന്നു കിടപ്പുണ്ടെന്നാണ്.’

ഭരിക്കുന്ന പാർട്ടിയോട് ഒട്ടി നില്ക്കുന്നതാണ് ബുദ്ധി. കേരളത്തിലാണെങ്കിൽ നല്ല ഒന്നാന്തരം ഇംഗ്ലീഷ് പേശുന്ന ഉന്നത വിദ്യാഭ്യാസ മന്ത്രിയും വാഴക്കുല ഡോക്ടറേറ്റു നേടിയ യുവതിയുമുണ്ട്. ഒഴിവുവേളകളിൽ അവരോട് കുശലം പറഞ്ഞിരിക്കാം. മന്ത്രിക്കസേര മോഹിച്ച് അങ്ങോട്ട് ചാടിയ ഡോ. സരിന്റെയും ഡോ. ജോ ജോസഫിന്റെയും ഗതി വരാതിരുന്നാൽ മതിയായിരുന്നു.

ഒരുപക്ഷേ, മൂർത്തമായ സാഹചര്യത്തിൽ മൂർത്തമായ അഭിപ്രായം പറയുവാനുള്ള സ്വാതന്ത്ര്യം കിട്ടുമായിരിക്കും.

ബി.ജെ.പിയാണെങ്കിൽ വിശാലമായ ഒരു വേദിയാണ്. മോദിജിക്കു വിദേശ പര്യടനത്തിനു പോകുമ്പോൾ കൂടെക്കൂട്ടി, നല്ല കടിച്ചാൽ പൊട്ടാത്ത ഇംഗ്ലീഷ് പറഞ്ഞ് ലോകനേതാക്കന്മാരെ ഞെട്ടിക്കാം.

പക്ഷേ, അവിടെ കാര്യങ്ങളൊക്കെ നല്ല സ്മൂത്തായി പോവുകയാണ്. വെറുതേ വേലിയിലിരിക്കുന്നതിനെ എടുത്ത് അസ്ഥാനത്ത് വെക്കുവാൻ ബുദ്ധിരാക്ഷസനായ അമിത് ഷാ സമ്മതിക്കുമെന്നു തോന്നുന്നില്ല.

ശരിക്കുമൊന്ന് ആലോചിച്ചാൽ, തരൂരിനു പറ്റിയ തട്ടകം അമേരിക്ക തന്നെയാണ്.

ഇവിടെ നമ്മൾ മലയാളികൾക്ക് ഫൊക്കാന, ഫോമാ എന്നീ രണ്ട് മഹത്തായ ദേശീയ സംഘടനകളുണ്ട്. ഒരേ ലക്ഷ്യം, ഒരേ മാർഗ്ഗം. രണ്ടുവർഷം കഴിഞ്ഞു നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ മത്സരിക്കുവാനുള്ള സ്ഥാനാർത്ഥികൾ ഇതിനോടകം തന്നെ അരയും തലയും മുറുക്കി ഗോദയിലിറങ്ങിക്കഴിഞ്ഞു. അണിയറയിൽ ചില വനിതാരത്നങ്ങൾ ഉൾപ്പെടെയുള്ള സ്ഥാനാർത്ഥികൾ രംഗപ്രവേശം നടത്തുവാൻ തയ്യാറായിക്കൊണ്ടിരിക്കുന്നു എന്ന പിന്നാമ്പുറ വാർത്തയുമുണ്ട്.

ചെറിയ ചില നീക്കുപോക്കുകൾ നടത്തി ഒരു സമവായമെന്ന രീതിയിൽ, ഈ രണ്ട് സംഘടനകളും കൂടി യോജിച്ചുനിന്ന് ബഹുമാനപ്പെട്ട ശശി തരൂരിനെ പ്രസിഡണ്ടായി തെരഞ്ഞെടുക്കുക. തലേന്നും പിറ്റേന്നുമുള്ള രണ്ട് കൺവൻഷനുകൾക്കു പകരം ഒരു കൺവൻഷൻ മതി.

അമേരിക്കയിലെ കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡയിലായാൽ വളരെ നല്ലത്.

കുഴപ്പമൊന്നുമില്ല. അപ്രതീക്ഷിതമായി അവിടെ ചിലപ്പോൾ കൊടുങ്കാറ്റ് ആഞ്ഞടിക്കാറുണ്ടെന്നു മാത്രം!

പിന്നെ വ്യക്തിപരമായി ഒരു കാര്യം: ഇന്റർവ്യൂ സമയത്ത് ചില സിനിമാനടിമാർ നെറ്റിയിൽ വീഴുന്ന മുടി പിന്നോട്ടു തട്ടിയിടുന്ന രീതിയിൽ തലയാട്ടുന്ന താങ്കളുടെ ഒരു ആർട്ടിഫിഷ്യൽ സ്റ്റൈലുണ്ടല്ലോ, അതൊന്നു മാറ്റിപ്പിടിച്ചാൽ കുറച്ചുകൂടി ഒരു ഗൗരവം കിട്ടുമായിരുന്നു!

# സിസിഡി അദ്ധ്യാപകർക്ക് ഏകദിന സെമിനാർ സംഘടിപ്പിച്ചു




ന്യൂയോർക്ക്: ക്നാനായ കാത്തലിക് ഫൊറോനയുടെ ആഭിമുഖ്യത്തിൽ സിസിഡി അദ്ധ്യാപകർക്കായി ഏകദിന സെമിനാർ ന്യൂജേഴ്സി ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ഫെബ്രുവരി 22–ന് സംഘടിപ്പിച്ചു.

ജോർജ് ദാനവേലിൽ അച്ചൻ ക്ലാസുകൾക്ക് നേതൃത്വം നല്കി. സെ. സ്റ്റീഫൻസ് ക്നാനായ കാത്തലിക് ചർച്ച് ന്യൂയോർക്ക്, സെ. മേരീസ് ക്നാനായ കാത്തലിക് ചർച്ച് റോക്‌ലാൻഡ്, ക്രൈസ്റ്റ് ദി കിങ് ക്നാനായ കാത്തലിക് ചർച്ച് ന്യൂജേഴ്സി എന്നീ ദേവാലയങ്ങളിൽ നിന്ന് അദ്ധ്യാപകർ സെമിനാറിൽ പങ്കെടുത്തു.

ഫാ. ബിപി തറയിൽ വിശുദ്ധ കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ഫൊറോനാ വികാരി ഫാ. മാത്യു മേലേടം, ഫാ. ലിജോ കൊച്ചുപറമ്പിൽ, ആശ മൂലേപറമ്പിൽ, ലിസി വട്ടക്കളം, ജൂബി കിഴക്കേപ്പുറം, ബിജി കിഴക്കേപ്പുറം എന്നിവർ സെമിനാറിന് നേതൃത്വം നല്കി.

# മുണ്ടുകോട്ടയ്ക്കൽ ഓലിപ്പാട്ട് തോമസ് കുര്യൻ അന്തരിച്ചു

ഫ്ളോറിഡ: ലേക്‌ലാൻഡ് ബ്രദറൺ അസംബ്ലി സഭാംഗം ബ്രദർ തോമസ് കുര്യൻ (75) ഫ്ളോറിഡയിൽ അന്തരിച്ചു. ഭാര്യ മേഴ്സി കുര്യൻ അങ്കമാലി ഇടച്ചേരിൽ കുടുംബാംഗമാണ്. മക്കൾ: നിസ്സി കുര്യൻ, സാം കുര്യൻ, നാൻസി കുര്യൻ. മരുമകൾ: ലിൻഡ കുര്യൻ. ആദ്യകാല ബ്രദറൺ കുടുംബാംഗങ്ങളിൽ ഒന്നായ പത്തനംതിട്ട മുണ്ടുകോട്ടയ്ക്കൽ ഓലിപ്പാട്ട് പരേതരായ കെ.ജി. തോമസിന്റെയും ശോശാമ്മ തോമസിന്റെയും ഇളയമകനാണ് പരേതൻ. സഹോദരങ്ങൾ: ഏലിയാമ്മ തോമസ് (മുംബൈ), പരേതരായ തങ്കമ്മ, സാറാമ്മ, സാമുവൽ, മറിയാമ്മ.



ഫെബ്രുവരി 28–ന് വെള്ളിയാഴ് 6 മുതൽ 8.30 വരെ ലേക്‌ലാൻഡ് എബനേസർ ഇന്ത്യൻ പെന്തെക്കോസ്ത് സഭയിൽ (Ebenezer India Pentecostal Church, 5935 Strickland Ave, Lakeland, FL 33812) വെച്ച് മെമ്മോറിയൽ സർവീസും മാർച്ച് 1–ന് ശനിയാഴ്ച രാവിലെ 9 മുതൽ 11.30 വരെ നടക്കുന്ന സംസ്കാര ശുശ്രൂഷയ്ക്കുശേഷം ഓക്ഹിൽ സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും.

# ഇന്ത്യ–ഖത്തർ വ്യാപാര കരാർ ഒപ്പുവെച്ചു

ന്യൂഡൽഹി: ഇന്ത്യയും ഖത്തറും തമ്മിലുള്ള വ്യാപാര ഇടപാടുകൾ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 28 ബില്യൻ ഡോളറായി (ഏകദേശം 2.4 ലക്ഷം കോടി രൂപ) ഉയർത്തും. നിലവിൽ 14.8 ബില്യൻ ഡോളറിന്റെ ഇടപാടുകളാണ് ഇരുരാജ്യങ്ങളും തമ്മിലുള്ളത്. സ്വതന്ത്ര വ്യാപാര കരാറിനുള്ള സാധ്യതകൾ ഇന്ത്യ സന്ദർശിച്ച ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തമ്മിലുള്ള ചർച്ചയിൽ ധാരണയായി.



രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽത്താനിയെ രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ചേർന്നു സ്വീകരിക്കുന്നു.

ഇരു രാജ്യങ്ങളും തമ്മിൽ തന്ത്രപ്രധാന പങ്കാളിത്തം സ്ഥാപിക്കുന്നതിനുള്ള കരാർ ഒപ്പുവെച്ചു. ഇരട്ട നികുതി ഒഴിവാക്കലിനുള്ള കരാർ പുതുക്കുകയും ചെയ്തു. ഇതോടെ നിക്ഷേപകർക്കു സ്രോതസ്സിൽ മാത്രം നികുതി അടച്ചാൽ മതി. നിക്ഷേപകന്റെ രാജ്യത്തു നികുതിയടയ്ക്കണമെന്ന അധിക ബാധ്യതയുണ്ടാകില്ല.

സാമ്പത്തിക രംഗത്തെ ഇടപെടലുകൾ മെച്ചപ്പെടുത്താനും ആർക്കൈവ്സ് മാനേജ്മെന്റ്, യുവജന പങ്കാളിത്തം, കായികരംഗം എന്നീ മേഖലകളിലും ധാരണാപത്രങ്ങൾ ഒപ്പിട്ടു.

ഗൾഫ് കോ-ഓപ്പറേഷൻ കൗൺസിലുമായി (ജിസിസി) ഇന്ത്യയുടെ സ്വതന്ത്ര വ്യാപാര കരാർ ചർച്ചകൾ പുരോഗമിക്കുകയാണെന്ന് വിദേശകാര്യ മന്ത്രാലയത്തിലെ ഓവർസീസ് ഇന്ത്യൻ അഫയേഴ്സ് വിഭാഗം സെക്രട്ടറി അരുൺ കുമാർ ചാറ്റർജി അറിയിച്ചു. ഖത്തർ ഇൻവസ്റ്റ്മെന്റ് അതോറിറ്റി (ക്യൂഐഎ) ഇന്ത്യയിൽ ഓഫീസ് തുടങ്ങുമെന്ന തീരുമാനത്തെ ഇന്ത്യ സ്വാഗതം ചെയ്തു.

ഭീകരപ്രവർത്തനം ഉൾപ്പെടെയുള്ള വിഷയങ്ങളെ ഇരു രാജ്യത്തലവൻമാരും അപലപിച്ചു. ഉഭയകക്ഷി ബഹുമുഖ സംവിധാനങ്ങളിലൂടെ ഇതിനെ നേരിടാനും തീരുമാനിച്ചു. ഇന്റലിജൻസ് കൈമാറ്റം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സഹകരണം വർധിപ്പിക്കാനും ധാരണയായിട്ടുണ്ട്.

ഖത്തർ അമീറിനു രാഷ്ട്രപതിഭവനിൽ ഔദ്യോഗിക സ്വീകരണം ഒരുക്കിയിരുന്നു. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും അമീർ കൂടിക്കാഴ്ച നടത്തി. ഖത്തറിലെ വിവിധ ബിസിനസ് മേഖലകളിൽനിന്നുള്ള 38 പ്രതിനിധികളും ഔദ്യോഗിക സന്ദർശനത്തിന് എത്തിയിരുന്നു.

# ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്കെതിരായ വിദ്വേഷപ്രസംഗങ്ങളിൽ വൻ വർദ്ധനയെന്ന് റിപ്പോർട്ട്

ന്യൂഡൽഹി: ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്കെതിരായ വിദ്വേഷ പ്രസംഗങ്ങളിൽ വൻ വർദ്ധനയെന്ന് റിപ്പോർട്ട്. ക്രൈസ്തവരും മുസ്‌ലിംകളുമടങ്ങുന്ന ന്യൂനപക്ഷങ്ങൾക്കെതിരായ വിദ്വേഷ പ്രസംഗങ്ങളിൽ കഴിഞ്ഞവർഷം 74.4 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് ഇന്ത്യ ഹേറ്റ് ലാബിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു.

മതന്യൂനപക്ഷങ്ങൾക്കെതിരെ 2023-ൽ 668 സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്തിരുന്നതെങ്കിൽ ലോക്സഭാ തെരഞ്ഞെടുപ്പ് നടന്ന കഴിഞ്ഞവർഷം അത് 1165 ആയി വർദ്ധിച്ചു. ഇതിൽ 1147 വിദ്വേഷപ്രസംഗങ്ങൾ മുസ്‌ലിംകളെ ലക്ഷ്യം വെച്ചുള്ളതാണെങ്കിൽ 115 എണ്ണം ക്രൈസ്തവർക്കെതിരെയാണ്. വിദ്വേഷപ്രസംഗങ്ങളിൽ 259 എണ്ണം വ്യക്തമായി ആക്രമണങ്ങൾക്ക് ആഹ്വാനം ചെയ്യുന്ന അപകടകരമായ പരാമർശങ്ങളാണ്. സംഘടിത വിദ്വേഷപ്രസംഗങ്ങൾക്കെതിരെ പഠനം നടത്തുന്ന വാഷിങ്ടണിലെ സിഎസ്ഒഎച്ച് എന്ന സംഘടനയാണ് റിപ്പോർട്ട് പുറത്തുവിട്ടിരിക്കുന്നത്.

ബിജെപിയും സഖ്യകക്ഷികളും ഭരിക്കുന്ന സംസ്ഥാനങ്ങളിലാണ് വിദ്വേഷപ്രസംഗങ്ങളിലെ 80 ശതമാനവും ഉണ്ടായിരിക്കുന്നതെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഉത്തർപ്രദേശിൽ 242 സംഭവങ്ങൾ രേഖപ്പെടുത്തിയപ്പോൾ കേരളത്തിൽ ഏഴ് സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

വിദ്വേഷപ്രസംഗങ്ങൾ വർദ്ധിക്കുന്നതിൽ സമൂഹമാധ്യമങ്ങൾ ഒരു വലിയ കാരണമാണെന്നും പല പരാമർശങ്ങളും രാജ്യത്തെ പ്രധാന രാഷ്ട്രീയ നേതാക്കന്മാരിൽ നിന്ന് ഉണ്ടായിട്ടുണ്ടെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. തെരഞ്ഞെടുപ്പ് റാലികളിൽ നരേന്ദ്ര മോദിയും അമിത് ഷായും യോഗി ആദിത്യനാഥും ഹിമന്ത ബിശ്വ ശർമയും വിദ്വേഷപ്രസംഗങ്ങൾ നടത്തുമ്പോൾ ഇവ പ്രാദേശിക നേതാക്കന്മാരിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും ആളിക്കത്തുന്നുണ്ടെന്നും ഇന്ത്യ ഹേറ്റ് ലാബ് അടിവരയിടുന്നു.

# വന്യമൃഗങ്ങളുടെ കാടിറക്കം തടയാൻ പദ്ധതി വരുന്നു

കോട്ടയം: കൊടുംവേനലിൽ ജനവാസ മേഖലകളിലേക്കിറങ്ങുന്ന വന്യമൃഗങ്ങൾക്ക് കാടിനുള്ളിൽ തന്നെ ആവാസമുറപ്പിക്കാൻ വനംവകുപ്പിന്റെ പുതിയ പദ്ധതി. വേനലിൽ വെള്ളവും ഭക്ഷണവും തേടിയാണ് ആനകൾ ഉൾപ്പെടെ ഏറെ മൃഗങ്ങളും നാട്ടിലേക്ക് ഇറങ്ങുന്നതെന്നാണ് വനം വകുപ്പിന്റെ നിരീക്ഷണം. വേണ്ടത്ര വെള്ളവും ഭക്ഷണവും കാടിനുള്ളിൽത്തന്നെ ഒരുക്കിക്കൊടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

മിഷൻ ഫുഡ് ഫോഡർ ആൻഡ് വാട്ടർ എന്ന പദ്ധതി ഉടൻ ആരംഭിക്കും. വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കുടിവെള്ളം ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കിയാൽ വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയാനാകുമെന്നാണ് വനം വകുപ്പിന്റെ നിരീക്ഷണം.

മൂന്നു ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ വനമേഖലകൾ, കുളങ്ങൾ, അരുവികൾ എന്നിവയുടെയും പുൽമേടുകൾ, തുറന്ന വനപ്രദേശങ്ങൾ, ട്രക്ക് പാതകൾ എന്നിവയുടെയും വിവരശേഖരണം നടത്തും. തുടർന്ന് വിശദമായ റിപ്പോർട്ട് തയ്യാറാക്കും.

രണ്ടാം ഘട്ടമായി വേനലിൽ വറ്റുന്ന അരുവികളിൽ ബ്രഷ്‌വുഡ് ചെക്ക് ഡാമുകൾ (മരക്കമ്പുകളും ചില്ലകളും കല്ലുകളും ഉപയോഗിച്ച്) നിർമ്മിക്കും. കുളങ്ങളിലെയും തടയണകളിലെയും ചെളിയും മണലും നീക്കംചെയ്ത് വൃത്തിയാക്കും. കൊടുംവരൾച്ച സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ കുളങ്ങൾ കുഴിക്കുകയോ കോൺക്രീറ്റ് ടാങ്കുകൾ നിർമ്മിക്കുകയോ ചെയ്ത് എല്ലാ മാസവും വെള്ളം ഉറപ്പാക്കും.

മൂന്നാം ഘട്ടം മണ്ണിലെ ഈർപ്പം ഇല്ലാതാക്കുന്ന അക്കേഷ്യ, യൂക്കാലി തുടങ്ങിയ അധിനിവേശ മരങ്ങൾ പിഴുതുമാറ്റി വനത്തിനുള്ളിൽ പുൽമേടുകളും തുറസ്സായ സ്ഥലങ്ങളും സൃഷ്ടിക്കും. വിദേശയിനം വൃക്ഷത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചുനീക്കി തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കും. വന്യജീവി ആക്രമണം രൂക്ഷമായ മേഖലകളിലായിരിക്കും ആദ്യഘട്ടം നടപ്പിലാക്കുന്നത്.

വയനാട് വനമേഖലകളിൽ ആറു റേഞ്ചുകളിലായി 63 ഹോട്സ് സ്പോട്ടുകളാണ് കണ്ടെത്തിയിരിക്കുന്നത്. ഇവ കേന്ദ്രീകരിച്ച് ഡ്രോൺ പരിശോധന ഉടൻ നടക്കും.

ജനങ്ങളുടെയും എൻജിഒകളുടെയും പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. നോഡൽ ഓഫീസറായി ഫോറസ്റ്റ് കൺസർവേറ്റർ ഡി.കെ. വിനോദ്കുമാറിനെ സർക്കാർ നിയോഗിച്ചു.

# ഭൂമി തരംമാറ്റൽ: സുപ്രീംകോടതി വിധി ആയിരക്കണക്കിന് ഭൂവുടമകളെ ബാധിക്കും

തിരുവനന്തപുരം: തരംമാറ്റാനുള്ള ഭൂമി 25 സെന്റിൽ കൂടുതലാണെങ്കിൽ മുഴുവൻ സ്ഥലത്തിനും ന്യായവിലയെ അടിസ്ഥാനമാക്കി ഫീസ് അടയ്ക്കണമെന്ന സുപ്രീംകോടതി ഉത്തരവ് കേരളത്തിലെ ആയിരക്കണക്കിനു ഭൂവുടമകളെ ബാധിക്കും. 25 സെന്റിൽ കൂടുതലും എന്നാൽ, 30 സെന്റിൽ കുറവുള്ളതുമായി ഒട്ടേറെ അപേക്ഷകൾ ഇക്കാര്യത്തിൽ കോടതിയിൽ നിന്ന് അനുകൂല നിലപാട് ഉണ്ടാകുമെന്ന പ്രതീക്ഷയിൽ തരംമാറ്റം ലഭിച്ച ഭൂമിയുടെ ഫീസ് അടയ്ക്കുന്നത് നീട്ടിക്കൊണ്ടു പോയിരുന്നു. സുപ്രീംകോടതി വിധിയോടെ ഇവരെല്ലാം മുഴുവൻ സ്ഥലത്തിനും ഫീസ് അടയ്ക്കേണ്ട സ്ഥിതിയാണ്. ഒരേക്കർ വരെ ന്യായവിലയുടെ 10 ശതമാനം, അതിൽ കൂടുതലെങ്കിൽ 20 ശതമാനം എന്നിങ്ങനെയാണ് സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ്. ചെറിയ അളവിൽ ഭൂമി തരംമാറ്റുന്നവരെ ഉദ്ദേശിച്ചുള്ള ആനുകൂല്യം മറ്റുള്ളവർക്കു നല്കാനാവില്ലെന്നാണ് സർക്കാർ വാദം. 25 സെന്റ് വരെ ഭൂമി തരംമാറ്റത്തിന് ഫീസ് സൗജന്യമാക്കി സംസ്ഥാന സർക്കാർ 2021 ഫെബ്രുവരി 21-നാണ് ഉത്തരവിറക്കിയത്. 25 സെന്റിൽ കൂടുതലുണ്ടെങ്കിൽ അധികമായി വരുന്ന സ്ഥലത്തിന്റെ ന്യായവിലയുടെ പത്ത് ശതമാനം ഫീസ് അടച്ചാൽ മതിയെന്ന കേരള ഹൈക്കോടതി വിധി റദ്ദാക്കിയാണ് സുപ്രീംകോടതി ഉത്തരവ്.

# പി.സി. ജോർജിന് രാഷ്ട്രീയക്കാരനായി തുടരാൻ അർഹതയില്ലെന്ന് ഹൈക്കോടതി

കൊച്ചി: മുപ്പതു വർഷത്തോളം എംഎൽഎയെന്ന അനുഭവ സമ്പത്തുണ്ടായിട്ടും എളുപ്പം പ്രകോപിപ്പിക്കാൻ പറ്റുമെങ്കിൽ പി.സി. ജോർജിന് രാഷ്ട്രീയക്കാരനായി തുടരാൻ അർഹതയില്ലെന്ന് ഹൈക്കോടതി. രാഷ്ട്രീയക്കാർ സമൂഹത്തിനു മാതൃകയായിരിക്കണം. മതവിദ്വേഷമുണ്ടാക്കുന്ന അധിക്ഷേപ പ്രസ്താവനകൾ നടത്തിയിട്ടു മാപ്പപേക്ഷ നടത്തിയെന്നു പറയുന്നത് സ്വീകാര്യമല്ലെന്നും ജസ്റ്റിസ് പി.വി. കുഞ്ഞിക്കൃഷ്ണൻ പറഞ്ഞു.



ചാനൽ ചർച്ചയിൽ മുസ്‌ലിം വിരുദ്ധ പരാമർശം നടത്തിയെന്ന കേസിൽ പി.സി. ജോർജിന്റെ മുൻകൂർ ജാമ്യാപേക്ഷ തള്ളിയ ഉത്തരവിലാണ് ഹൈക്കോടതി ഇക്കാര്യങ്ങൾ പറഞ്ഞത്.

ജാമ്യവ്യവസ്ഥകൾ ലംഘിച്ചിട്ടും മുൻകൂർ ജാമ്യം അനുവദിച്ചാൽ സമൂഹത്തിനു തെറ്റായ സന്ദേശമാകുമെന്നു ഹൈക്കോടതി പറഞ്ഞു. രണ്ടാമതും കുറ്റം ചെയ്താൽ പ്രതിക്ക് ഉയർന്ന ശിക്ഷയില്ല. വിദ്വേഷ പരാമർശങ്ങൾക്ക് ജയിൽശിക്ഷ ഉറപ്പാക്കുന്ന നിയമനിർമാണം ലോ കമ്മീഷനും പാർലമെന്റും പരിഗണിക്കണം. ഉത്തരവിന്റെ പകർപ്പ് നിയമകമ്മീഷനും പാർലമെന്റിനും കൈമാറാനും റജിസ്ട്രിക്കു കോടതി നിർദേശം നല്കി.

മതവിദ്വേഷ പരാമർശങ്ങളും അധിക്ഷേപങ്ങളും നടത്തിയെന്ന പേരിൽ പി.സി. ജോർജിനെതിരെ നേരത്തെയുള്ള കേസുകളും കോടതി കണക്കിലെടുത്തു. പി.സി. ജോർജ് മുൻപ് നടത്തിയ പ്രകോപനപരമായ പരാമർശങ്ങളും ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നാക്കുപിഴയാണെന്നും കോടതിയുടെ നിർദേശം ലംഘിക്കുകയെന്ന ഉദ്ദേശ്യം ഇല്ലായിരുന്നെന്ന വാദവും ഹൈക്കോടതി അംഗീകരിച്ചില്ല. ചാനൽ ചർച്ച നടത്തിയ പെൻഡ്രൈവും കോടതി പരിശോധിച്ചു. പ്രഥമദൃഷ്ട്യാ കുറ്റം ബാധകമാണെന്ന് കോടതി പറഞ്ഞു.

# ആശാവർക്കർമാരുടെ ജോലിസാഹചര്യം മെച്ചപ്പെടുത്തണമെന്ന്

ന്യൂഡൽഹി: ആശാ വർക്കർമാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സഹകരിച്ചു പ്രവർത്തിക്കണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചു. ആശാ വർക്കർമാരുടെ ജോലിസാഹചര്യവും ജീവിതനിലവാരവും മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ആശാ വർക്കർമാരുമായും ഉദ്യോഗസ്ഥരുമായും നടത്തിയ ചർച്ചയിലാണ് നിർദേശം. നിശ്ചിത പ്രതിമാസ ശമ്പളം, പെൻഷൻ, ശമ്പളത്തോടു കൂടിയ അവധി മുതലായവ പരിഗണിക്കണം. സംസ്ഥാനങ്ങളിലെ ഓണറേറിയം മിനിമം വേതന ചട്ടങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. ആരോഗ്യ ഇൻഷ്വറൻസ്, പ്രസവാനുകൂല്യം, അപകട കവറേജ്, സൗജന്യ വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ (പിപിഇ) ഗതാഗത അലവൻസ്, ഫീൽഡ് സന്ദർശനങ്ങളിൽ വൃത്തിയുള്ള വിശ്രമസ്ഥലം തുടങ്ങിയ നിർദേശങ്ങളും കമ്മീഷൻ മുന്നോട്ടുവെച്ചു. ആശാ വർക്കർമാർ സമൂഹത്തിനു നല്കുന്ന സംഭാവനയ്ക്ക് ആനുപാതികമായി വേതനം ലഭിക്കുന്നില്ലെന്ന് കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് വി. രാമസുബ്രമണ്യൻ ചൂണ്ടിക്കാട്ടി. ആശാ വർക്കർമാർക്ക് അന്തസ്സോടെ ജീവിക്കാനുള്ള സാഹചര്യം ഉറപ്പാക്കണമെന്ന് കമ്മീഷൻ അംഗം ജസ്റ്റിസ് ബിദ്യുത് രഞ്ജൻ സാരംഗി പറഞ്ഞു.

# പിഎസ്സി അംഗങ്ങളുടെ ശമ്പളത്തിൽ വൻ കുതിപ്പ്

തിരുവനന്തപുരം: സാമ്പത്തിക പ്രതിസന്ധിയിൽ ക്ഷേമപെൻഷനുകൾ മുടങ്ങിക്കിടക്കുമ്പോഴും കേരള പബ്ലിക് സർവീസ് കമ്മീഷൻ (പിഎസ്സി) ചെയർമാനും അംഗങ്ങളും അടക്കമുള്ളവരുടെ പ്രതിമാസ ശമ്പളത്തിൽ ഒന്നര ലക്ഷത്തോളം രൂപയുടെ വർധന. മന്ത്രിസഭാ യോഗത്തിന്റേതാണ് തീരുമാനം.

പിഎസ്സി ചെയർമാന്റെ ശമ്പള സ്കെയിൽ ജില്ലാ ജഡ്ജിമാരുടെ പരമാവധി സൂപ്പർ ടൈം സ്കെയിലിനും അംഗങ്ങളുടേത് ജില്ലാ ജഡ്ജിമാരുടെ പരമാവധി സെലക്ഷൻ ഗ്രേഡിനും സമാനമായി പരിഷ്കരിക്കാനാണ് തീരുമാനം. 2,24,100 രൂപയാണ് ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിൽ പരമാവധി അടിസ്ഥാന ശമ്പളം.

ഇതനുസരിച്ച് മറ്റ് അലവൻസുകൾ ഉൾപ്പെടെ പിഎസ്സി ചെയർമാന് 3.5 -4 ലക്ഷത്തിനിടയിൽ ശമ്പളം ലഭിക്കും. അംഗങ്ങൾക്ക് 2,19,090 രൂപ അടിസ്ഥാന ശമ്പളം കണക്കാക്കുമ്പോൾ 3.5 ലക്ഷത്തോളം രൂപയും ലഭിക്കും.

നിലവിൽ പിഎസ്സി ചെയർമാന് 76,450 രൂപ അടിസ്ഥാനശമ്പളമായി കണക്കാക്കി 2.60 ലക്ഷം രൂപയും അംഗങ്ങൾക്ക് 70,290 രൂപ അടിസ്ഥാന ശമ്പളമായി കണക്കാക്കി 2.42 ലക്ഷം രൂപയുമാണു ലഭിച്ചുവന്നത്. ഇതിലാണ് അടിസ്ഥാന ശമ്പളത്തിൽ മൂന്ന് ഇരട്ടിയോളം വർധന വരുത്താൻ മന്ത്രിസഭ തീരുമാനിച്ചത്.

സർക്കാർ സർവീസുകളിലേക്കുള്ള പിഎസ്സി നിയമനങ്ങളിൽ ഏതാണ്ട് പകുതിയോളം കുറവു വരുമ്പോഴാണ് പിഎസ്സി ചെയർമാനും അംഗങ്ങളും അടക്കമുള്ളവരുടെ ശമ്പളത്തിലും മറ്റ് ആനുകൂല്യങ്ങളിലും വൻ വർധന വരുത്താൻ സർക്കാർ തീരുമാനിച്ചത്. കൂടാതെ ഇവർക്ക് കാർ, ഡ്രൈവർ, താമസത്തിന് ഫ്ളാറ്റ് എന്നിവയുമുണ്ട്. ഭരണഘടനാ പദവിയ്ക്ക് അനുസരിച്ച് ചെയർമാന് നാല് ലക്ഷവും അംഗങ്ങൾക്ക് 3.75 ലക്ഷത്തോളം രൂപയും ലഭിക്കുംവിധം ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടാണ് സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിരുന്നത്. സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ശമ്പള വർധന ഫയൽ ധനവകുപ്പിന്റെ എതിർപ്പിനെ തുടർന്നു പലതവണ മന്ത്രിസഭ മാറ്റിവെച്ചിരുന്നു. ഇതാണ് ഫെബ്രുവരി 19-ന് ചേർന്ന മന്ത്രിസഭ പരിഗണിച്ചത്. മറ്റു സംസ്ഥാനങ്ങളിലെ പിഎസ്സി ചെയർമാന്റെയും അംഗങ്ങളുടെയും നിലവിലെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടെ പരിഗണിച്ച ശേഷമാണ് തീരുമാനം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ളത് കേരളാ പിഎസ്സിയിലാണ്; 21 പേർ. സിപിഎം, സിപിഐ, കേരള കോൺഗ്രസ്-എം, എൻസിപി എന്നിവരുടെ പ്രതിനിധികളാണ് അംഗങ്ങൾ.

## റിലീസ് ചെയ്തു

(22-ാം പേജിൽനിന്നും)

മാത്യു മാപ്ലേട്ട്, മോളി പയസ്, സ്മിതാ ലൂക്ക്, മായാ റാണി, ഷെറിൻ സാം, നയന എലിസ, സരിത തോമസ്, അൻവി രെജു, ദിയാന റിഹാം കെ.എം, ബിജിമോൾ, സണ്ണി, ജിഷാ മനീഷ്, ഷാന്റിമോൾ വിൽസൺ, ജിഞ്ചു ട്രീസ പോൾ തുടങ്ങി നിരവധി പുതുമുഖ താരങ്ങളും അഭിനയിക്കുന്നു.

പ്രശസ്ത ഛായാഗ്രാഹകൻ സാബു ജെയിംസ് തിരക്കഥയും സംഭാഷണവും എഴുതി ക്യാമറ ചലിപ്പിക്കുന്നു. അസോ. ഡയറക്ടർ-സുനീഷ് കണ്ണൻ, അസോ. ക്യാമറാമാൻ-വൈശാഖ് ശോഭന കൃഷ്ണൻ, ക്രിയേറ്റീവ് പ്രൊഡ്യൂസർ-സ്റ്റീഫൻ ചെട്ടിക്കൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ശാലിൻ കുര്യൻ ഷീജോ പഴേമ്പള്ളിൽ, ലൈൻ പ്രൊഡ്യൂസർ-റോബിൻ സ്റ്റീഫൻ പുത്തൻമണ്ണത്ത്, സഹ നിർമ്മാതാക്കൾ-മാത്യു മാപ്ലേട്ട്, ജോ സ്റ്റീഫൻ, ടോമി ജോസഫ്, സ്റ്റീഫൻ മലേമുണ്ടക്കൽ, എഡിറ്റിങ്-സന്ദീപ്, ഹെലിക്യാം-അജിത് ഡ്രോൺ പൈലറ്റ്, കൺട്രോളർ-ബൈലോൺ ഏബ്രഹാം, ചമയം-പുനലൂർ രവി ആൻഡ് അനൂപ് ജേക്കബ്, ഡിസൈനർ-അൽഫോൻസ് ട്രീസ പയസ്. ഏപ്രിൽ-മെയ് മാസത്തിൽ സിനിമ തിയേറ്ററുകളിലെത്തും.

## പി.സി. ജോർജ് കീഴടങ്ങി

(ഒന്നാം പേജിൽ നിന്നും)

വീട്ടിലെത്തിയിരുന്നെങ്കിലും ഈ സമയം ജോർജ് വീട്ടിൽ ഉണ്ടായിരുന്നില്ല. പോലീസ് അറസ്റ്റ് ചെയ്യാൻ നീക്കം നടത്തിയതിനു പിന്നാലെ ഹാജരാകാൻ രണ്ടു ദിവസത്തെ സാവകാശം ജോർജ് തേടിയിരുന്നു.

ജനുവരി അഞ്ചിനാണ് ചാനൽ ചർച്ചയ്ക്കിടെ പി.സി. ജോർജ് മതവിദ്വേഷ പരാമർശം നടത്തിയത്. യൂത്ത് ലീഗ് ഈരാറ്റുപേട്ട മണ്ഡലം കമ്മിറ്റിയുടെ പരാതിയിലാണ് പോലീസ് കേസ്. കോട്ടയം സെഷൻസ് കോടതിയും പിന്നീട് ഹൈക്കോടതിയും പി.സി. ജോർജിന്റെ മുൻകൂർ ജാമ്യാപേക്ഷ തള്ളിയിരുന്നു.

## മറ്റു വഴികളുണ്ടെന്ന് ശശി തരൂർ

(ഒന്നാം പേജിൽ നിന്നും)

ആവശ്യവുമായി മുഖ്യ ഘടകകക്ഷിയായ മുസ്‌ലിം ലീഗ് രംഗത്തെത്തിയതോടെ നിലപാട് നേരിയ തോതിൽ മയപ്പെടുത്താനും അദ്ദേഹം ശ്രമിച്ചു. രാഷ്ട്രീയ വ്യത്യാസങ്ങൾക്ക് അപ്പുറത്ത് കേരളീയരുടെ പുരോഗതി ആഗ്രഹിക്കുന്നവരിൽ ഒരാളാണ് താനെന്ന് തരൂർ പറഞ്ഞു. കോൺഗ്രസ് നേതൃത്വങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോഴുള്ള നാടകങ്ങളിൽ കൂടുതൽ എണ്ണയൊഴിക്കാനില്ലെന്നും മാധ്യമങ്ങളുമായി സംസാരിക്കേണ്ട സാഹചര്യത്തിൽ മാധ്യമങ്ങളെ കാണുമെന്നും അദ്ദേഹം പറഞ്ഞു.

## ഫൊക്കാന ട്രസ്റ്റി ബോർഡ് മെമ്പേഴ്സ്

(24-ാം പേജിൽനിന്നും)

സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ (ചൈതന്യ) നേതൃത്വത്തിൽ, കോട്ടയം ജില്ലയിലെ നിർദ്ധനരായ വീടില്ലാത്ത കുടുംബങ്ങൾക്ക് 80 വീടുകളാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകിയത്.

ഭർത്താവിന്റെ എല്ലാ സാമൂഹിക പ്രവർത്തികൾക്കും കൂട്ടായ ഭാര്യ ഏലമ്മയും (നേഴ്സ്), മക്കൾ: ആൻ മാത്യു, ക്രിസ്റ്റീൻ മാത്യു, ബ്രയാൻ മാത്യു CPA എന്നിവരും കൊച്ചുമക്കളായ ഡെല്ല, ജിയാന എന്നിവരും ജെയ്ബു കുളങ്ങരയുടെ ജീവിതത്തിലെ സമ്പാദ്യങ്ങളാണ്.

ട്രസ്റ്റി ബോർഡ് ചെയർ ജോജി തോമസ്, വൈസ് ചെയർ സതീഷ് നായർ, ട്രസ്റ്റി സെക്രട്ടറി ബിജു ജോൺ, ട്രസ്റ്റി ബോർഡ് മെമ്പേഴ്സ് ആയ ജോർജി വർഗീസ്, തോമസ് തോമസ്, ലീല മാരേട്ട്, ടോണി കല്ലുകാവുങ്കൽ, പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ എന്നിവർ ഡോ. മാമ്മൻ സി. ജേക്കബിനെയും ജെയ്ബു കുളങ്ങരയെയും അഭിനന്ദിച്ചു സംസാരിച്ചു.

## മോട്ടോർവാഹന വകുപ്പ് പരിശോധനയ്ക്കെത്തിയത് പുക സർട്ടിഫിക്കറ്റ് ഇല്ലാതെ

കൊല്ലം: പുക പരിശോധനാ സർട്ടിഫിക്കറ്റ് ഇല്ലാതെ നിരത്തിലിറങ്ങിയ മോട്ടോർ വാഹന വകുപ്പിന്റെ വാഹനത്തിനു യുവാവിന്റെ 'ശിക്ഷ'. മോട്ടോർ വാഹന വകുപ്പിന്റെ കൊല്ലം എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ വാഹനത്തിനാണ് പുക പരിശോധനാ സർട്ടിഫിക്കറ്റ് ഇല്ലാതിരുന്നതിനാൽ സ്വയം പിഴയിടേണ്ടി വന്നത്. ഓയൂർ ജംഗ്ഷനിൽ കഴിഞ്ഞൊരു ദിവസം ഉച്ചകഴിഞ്ഞാണ് സംഭവം. എംവിഡിയുടെ വാഹന പരിശോധന നടക്കുന്നത് കണ്ട് സമീപത്തെ വ്യാപാരശാലയിലെ ജീവനക്കാരൻ പരിശോധനാ സംഘത്തിന്റെ വാഹന നമ്പർ എടുത്തു പരിവാഹൻ സൈറ്റിൽ കയറി പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഉണ്ടോയെന്നു പരിശോധിച്ചു. സർട്ടിഫിക്കറ്റിന്റെ കാലാവധി ജനുവരി 25-ന് തീർന്നിരുന്നു. ഇതോടെ യുവാവ് ഉദ്യോഗസ്ഥരുടെ അടുത്തെത്തി വാഹനത്തിന് പിഴ ഒടുക്കണമെന്ന് ആവശ്യപ്പെട്ടു. നേരത്തെ തനിക്കു പിഴയീടാക്കിയതാണെന്നും നിയമലംഘനത്തിന് ശിക്ഷ എല്ലാവർക്കും ഒരുപോലെയാണെന്നും യുവാവ് വാദിച്ചു.

പെട്ടുപോയ ഉദ്യോഗസ്ഥർ സ്വന്തം വാഹനത്തിന് 2000 രൂപ പിഴയടച്ചതായി ചെലാൻ യുവാവിനെ കാട്ടിയ ശേഷമാണ് മടങ്ങിപ്പോയത്. അതേസമയം, ഈ ചെലാനുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യം പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ഇതിനാൽ പിഴ ഒടുക്കേണ്ടതില്ലെന്നുമാണ് മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക സൈറ്റിൽ കാണിക്കുന്നത്. വാഹനത്തിന് 2026 ഫെബ്രുവരി 20 വരെ പുകപരിശോധനാ സർട്ടിഫിക്കറ്റ് ഇപ്പോഴുണ്ട്. യുവാവിന്റെ മുൻപിൽ പിഴയിട്ടെങ്കിലും പിന്നീട് ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റ് സൈറ്റിൽ അപ്‌ലോഡ് ചെയ്ത് പിഴ ഒഴിവാക്കുകയായിരുന്നു.

## ശക്തികാന്ത ദാസ് പ്രധാനമന്ത്രിയുടെ രണ്ടാം പ്രിൻസിപ്പൽ സെക്രട്ടറി

ന്യൂഡൽഹി: റിസർവ് ബാങ്ക് മുൻ ഗവർണർ ശക്തികാന്ത ദാസിനെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടാമത്തെ പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിച്ചു. ഗുജറാത്ത് കേഡർ റിട്ട. ഐഎഎസ് ഉദ്യോഗസ്ഥനായ പി.കെ. മിശ്രയാണ് നിലവിൽ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പദവിയിലുള്ളത്. 1980 തമിഴ്നാട് കേഡർ ഉദ്യോഗസ്ഥനായ ശക്തികാന്ത് ദാസ് റിസർവ് ബാങ്ക് ഗവർണറായി ആറ് വർഷം സേവനം ചെയ്തശേഷം ഡിസംബറിലാണ് വിരമിച്ചത്. നീതി ആയോഗ് സിഇഒ ബി.വി.ആർ സുബ്രഹ്മണ്യത്തിന്റെ കാലാവധിയും ഒരുവർഷം നീട്ടും.

## ഇന്ത്യ-ചൈന ബന്ധം: നിർണായക മുന്നേറ്റമെന്ന് വിദേശകാര്യമന്ത്രി

ജൊഹാനസ്ബർഗ്: ഇന്ത്യ-ചൈന നയതന്ത്രബന്ധത്തിൽ കഴിഞ്ഞ വർഷം നവംബറിനുശേഷം നിർണായകമായ മുന്നേറ്റങ്ങളുണ്ടായിട്ടുണ്ടെന്നു വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ വ്യക്തമാക്കി. ദക്ഷിണാഫ്രിക്കയിലെ ജൊഹാനസ്ബർഗിൽ നടന്ന ജി-20 രാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിനിടെ ചൈനീസ് വിദേശകാര്യമന്ത്രി വാങ് യിയുമായി നടന്ന കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

ചൈനയിലേക്കു നേരിട്ടു വിമാന സർവീസ് ആരംഭിക്കുന്നത്, കൈലാസ മാനസസരോവർ യാത്ര, അതിർത്തി വിഷയം എന്നിവയെല്ലാം അര മണിക്കൂർ നീണ്ട കൂടിക്കാഴ്ചയിൽ ചർച്ചയായെന്നു വിദേശകാര്യമന്ത്രാലയം വിശദീകരിച്ചു. കഴിഞ്ഞ വർഷം നവംബറിൽ ബ്രസീലിൽ ജി-20 സമ്മേളനത്തിനിടെ ഇരുവരും കൂടിക്കാഴ്ച നടത്തിയിരുന്നു.

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രിയും ബെയ്ജിങ് സന്ദർശിക്കുകയും വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു.

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Phone: ________ Email: ________

Signature: ________

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ________
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917

Subscription fee non-refundable


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
◆ For Vacation and Holiday rentals.
◆ Licensed Home stay, Safe and Secured.
◆ 3 A/C rooms, Unique Packages for 2-8 people very economical.
◆ Individual Room rental for families.
◆ Fruits and vegetable Garden.
◆ Feels like farm house with Pets, Animals, Fish and birds.
◆ Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
◆ Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
◆ Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
◆ Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
◆ Adhering Food Safety Regulations.
◆ Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# കിടപ്പുരോഗികൾ, മരണാസന്നർ, വാർദ്ധക്യസഹജമായ അസുഖം മൂലം ദുരിതം നേരിടുന്നവർ എന്നിവർക്കായി ഇന്ത്യയിലെ ആദ്യത്തെ

# സൗജന്യ പാലിയേറ്റീവ് ഹോസ്പിറ്റൽ



## ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിലെ സൗജന്യ സേവനങ്ങൾ

- ആശുപത്രി അഡ്മിഷൻ
- താമസം
- രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണം
- ഡോക്ടേഴ്സ് കെയർ
- നഴ്സിംഗ് കെയർ
- ഫിസിയോതെറാപ്പി
- ഫ്ലൂയിഡ് ടാപ്പിംഗ്,
- പാലിയേറ്റീവ് മരുന്നുകൾ
- സെൻട്രലൈസ്ഡ് ഓക്സിജൻ.
- ബെഡ്സോർ കെയർ
- വെന്റിലേറ്റർ സൗകര്യം
- ഡയാലിസിസ് ( 6000 എണ്ണം / വർഷം)

## ശാന്തിഭവന്റെ നേട്ടങ്ങൾ

1600ൽ അധികം കിടപ്പുരോഗികൾക്ക് സൗജന്യ സാന്ത്വന ആശുപത്രി പരിചരണം നൽകി. 600 ൽ അധികം പേർക്ക് ആശുപത്രിയിൽ സാന്ത്വന മരണം ലഭിച്ചു. 2023 ആഗസ്റ്റിൽ ആരംഭിച്ച എർളി മെഡിക്കൽ & കാൻസർ ഡിറ്റക്ഷൻ നോൺ പ്രോഫിറ്റ് പ്രോജക്റ്റിലൂടെ, ഇതുവരെ 596 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു, 48,534 പേർക്ക്, സേവനാനുകൂല്യം ലഭിച്ചു. ഈ ക്യാമ്പുകളിലൂടെ 6,504 സൗജന്യ അൾട്രാസൗണ്ട് സ്കാനുകൾ, 7,483 സൗജന്യ ദന്ത പരിശോധനകൾ, 1,030 സൗജന്യ ഇക്കോ കാർഡിയോഗ്രാമുകൾ, 942 സൗജന്യ ഇസിജികൾ, 8,016 ലബോറട്ടറി ടെസ്റ്റുകൾ (നോൺ പ്രോഫിറ്റ്) എന്നിവ നൽകാനായതിൽ ശാന്തിഭവന് അഭിമാനമുണ്ട്.

## കിടപ്പുരോഗികൾക്ക് സാന്ത്വനമേകാം, ഓരോ ബെഡ്ഡും സ്പോൺസർ ചെയ്യാം

തൃശൂർ പല്ലിശ്ശേരിയിൽ പ്രവർത്തിക്കുന്ന സൗജന്യ പാലിയേറ്റീവ് ആശുപത്രിയായ ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിൽ, കിടപ്പുരോഗികൾക്കായി 100 ബെഡ്ഡുകളാണുള്ളത്. സാമ്പത്തിക പരാധീനതകൾ ഉള്ളതിനാൽ നിലവിൽ 70 ബെഡ്ഡുകളാണ് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്. ആവശ്യക്കാർ ധാരാളം ഉണ്ടെങ്കിലും ആശുപത്രിയിലെ 30 ബെഡ്ഡുകൾ കിടപ്പുരോഗികൾക്ക് നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഈയൊരു ലക്ഷ്യത്തിലേക്ക് ബെഡ്ഡുകളോരോന്നും ഒറ്റയ്ക്കോ, കൂട്ടായോ സ്പോൺസർ ചെയ്യാൻ അവസരമുണ്ട്.

ആശുപത്രി പ്രവേശനം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള താമസവും ഭക്ഷണവും ഡോക്ടേഴ്സ് കെയർ, നഴ്സിംഗ് കെയർ, ഫിസിയോതെറാപ്പി, പാലിയേറ്റീവ് മരുന്നുകൾ, ഫ്ലൂയിഡ് ടാപ്പിംഗ്, സെൻട്രലൈസ്ഡ് ഓക്സിജൻ, ബെഡ്സോർ കെയർ, വെന്റിലേറ്റർ സൗകര്യം, ബൈസ്റ്റാൻഡർ സേവനം തുടങ്ങിയവ ഉൾപ്പടെ ലഭ്യമാകുന്ന ഒരു ബെഡ്ഡിന് മാസം തോറും 60,000 രൂപയാണ് (അറുപതിനായിരം) ചെലവു വരുന്നത്. ഏതൊരാൾക്കും ഒറ്റയ്ക്കോ കൂട്ടായോ ഒന്നോ അതിലധികമോ ബെഡ്ഡുകൾ സ്പോൺസർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്. **ഫാ. ജോയ് കൂത്തൂർ - ഫോൺ. 80 75 44 99 29.**

സംഭാവന നൽകുന്നതിനായി ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

## പാവപ്പെട്ട കിഡ്നി രോഗികൾക്ക് ആശ്വാസം പകരാം, സൗജന്യ ഡയാലിസിസ് പദ്ധതിയിൽ പങ്കാളികളാകാം

ശാന്തിഭവനിൽ പാവപ്പെട്ട കിഡ്നി രോഗികൾക്കുള്ള സൗജന്യ ഡയാലിസിസ് പദ്ധതിയിൽ 10 ഡയാലിസിസ് മെഷീനുകളാണുള്ളത്. നിലവിൽ ഒരു മെഷീനിൽ 3 സൗജന്യ ഡയാലിസിസുകൾ വീതം ദിവസവും 30 ഡയാലിസുകളാണ് ഓരോ ദിവസവും ലഭ്യമാക്കുന്നത്. ഓരോ മെഷീനിലും ദിവസം 5 ഡയാലിസിസുകൾ വീതം 50 ഡയാലിസിസുകൾ ചെയ്യാൻ സാധിക്കുമെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ അത്രയും ഡയാലിസിസുകൾ ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഓരോ ദിവസവും നിരവധി പേരാണ് സൗജന്യ ഡയാലിസിസിനായി അപേക്ഷകരായി എത്തുന്നത്.

ശാന്തിഭവൻ പാലിയേറ്റീവ് ആശുപതിയിൽ കൂടുതൽ പേർക്ക് സൗജന്യ ഡയാലിസിസ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ബെഡ്ഡിൽ ഒരു ദിവസം നടത്തുന്ന ഡയാലിസിസുകൾ മാസത്തിൽ ഒരു ദിവസം സ്ഥിരമായി സ്പോൺസർ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. സൗജന്യ ഡയാലിസിസിനു ശാന്തിഭവനിൽ എത്തുന്നവർക്ക് സൗജന്യ ട്രാൻസ്പോർട്ടേഷൻ സൗകര്യവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുൾപ്പടെ 1 മെഷീനിൽ നടക്കുന്ന 5 ഡയാലിസിസുകൾ സ്പോൺസർ ചെയ്യുന്നതിന്, ഒരു ഡയാലിസിസിന് 2300 രൂപയെന്ന കണക്കിൽ 11,500 രൂപയാണ് ചെലവ് വരുന്നത്.

ഇതനുസരിച്ച് ഒരോ മെഷീനിൽ നൽകുന്ന സൗജന്യ ഡയാലിസിസുകൾ ഒറ്റയ്ക്കോ കൂട്ടായോ ഒരു മാസത്തിൽ ഒരു ബെഡ്ഡ് സ്ഥിരമായി സ്പോൺസർ ചെയ്യാനുള്ള പദ്ധതിയാണിത്. നമുക്ക് ആരോഗ്യമുള്ള സമയത്ത്, ആരോഗ്യമില്ലാത്തവരുടെ കണ്ണീരൊപ്പാൻ വേണ്ടി, രൂപം നൽകിയിട്ടുള്ള ഈ സ്നേഹ പദ്ധതിയിൽ പങ്കാളികളാകാം.

**ShanthiBhavan**
**Palliative Hospitals**
THE FIRST PALLIATIVE HOSPITAL IN INDIA
**The No -Bill hospital of KERALA**

Thrissur, Thiruvanthapuram.
Ph.0487 - 66 11 600
www.shanthibhavan.in
office@ shanthibhavan.in